മാർച്ച് 2012

# വേദ ദർശനം



# ചേലാകർമം എന്ന ക്രൂരത



## ജൂതരുടെ ധാർമികത



## ഇസ്‌ലാമിലേക്കുള്ള പ്രവേശന കവാടം

# അകത്താളുകളിൽ



കത്തുകൾ 3
പോസ്റ്റ് ബോക്സ് 143




പഠനം 4
അവശത തീർക്കാതെ ഹജ്ജിന് പോകുന്നത് വൻകുറ്റം




ലേഖനം 8
ബിസ്മി: ഇസ്‌ലാമിലേക്കുള്ള പ്രവേശന കവാടം




ലേഖനം 10
ജൂതരുടെ ധാർമികത




പഠനം 12
അനാഥരുടെ വിവാഹം




പഠനം 17
നബിയും റസൂലും




ലേഖനം 20
അല്ലാഹു വിശിഷ്ടമാക്കിയതിനെ നിഷിദ്ധമാക്കുന്നവർ




പഠനം 23
നരക ശിക്ഷ




പഠനം 28
ചേലാകർമം അനിസ്‌ലാമികം



**Editorial Board**

**Mudur Aboobacker**
(Chief Editor)
**K.K. Salim Hajee**
(Printer & Publisher)
**N.T.A. Kareem**
(Co-ordinator)

**K. Sahul Hameed**
**Dr. Abdul Jaleel Puttekkad**
**Beerankutty Kuniyil**
**Abdurahman Koothuparamba**
**K.T. Muhammed Kutty**
**B.V. Sakeer**
**M.S. Rasheed**
(Editors)

DTP:
**Swapna**, Guru

Designing & Printing:
**Guru Offset & Graphics**
Clt-4. Mob: 9388678779



Address: **Veda Darsanam** P.B. No. 143, Kozhikode-673 001, E-mail: vedadarsanam@mail.com

ഒറ്റപ്രതി സംഭാവന : 12 രൂപ.
വാർഷിക സംഭാവന : 120 രൂപ.
വിദേശത്തേക്ക് : 540 രൂപ.

എംഒ അയയ്ക്കുമ്പോൾ മണി ഓർഡർ ഫോറത്തിൽ സന്ദേശം എഴുതാനുള്ള ഭാഗത്ത് കൂടി വ്യക്തമായ വിലാസം (പിൻകോഡ് സഹിതം) എഴുതേണ്ടതാണ്. അപൂർണമായ വിലാസം കാരണം വേദ ദർശനം തപാലിൽ കിട്ടാതെ വന്നാൽ ഞങ്ങൾ ഉത്തരവാദികളായിരിക്കില്ല. എംഒ അയയ്ക്കേണ്ട വിലാസം: വേദ ദർശനം, മണൽത്താഴം, ഗോവിന്ദപുരം പിഒ, കോഴിക്കോട് -673 016.

**INTERNAL CIRCULATION ONLY**

**കോ-ഓർഡിനേറ്റർ**

# വേദ ദർശനം

2012 മാർച്ച്

പുസ്തകം-3
ലക്കം-3

ഖുർആൻ സുന്നത്ത് സൊസൈറ്റി മുഖപത്രം




## പോസ്റ്റ് ബോക്സ് 143




# 'ജിന്ന് വന്ന വഴി' ഹൃദ്യം

വേദ ദർശനം ജനുവരി ലക്കത്തിൽ പ്രസിദ്ധീകരിച്ച സുലൈമാൻ നല്ലളത്തിന്റെ 'ജിന്ന് വന്ന വഴി' എന്ന കഥ ഹൃദയ സ്പർശിയായിരുന്നു. ആസ്യത്താത്ത എന്ന കഥാപാത്രം ഈ വഴി തെരഞ്ഞെടുത്തത് ഇതാണ് പണമുണ്ടാക്കാൻ എളുപ്പമാർഗം എന്നതുകൊണ്ടാണ്. പക്ഷേ അവരെ ആ അവസ്ഥയിലേക്ക് ചെന്നെത്തിച്ചത് നമ്മുടെ സാമൂഹിക വ്യവസ്ഥയാണ് എന്നതും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സാമൂഹികമായ ബാധ്യതകൾ തീർക്കാതെ ഹജ്ജിന് പോകുന്ന ആളുകൾ ഇത് മനസ്സിലാക്കണം എന്നുകൂടി ഇതോടൊപ്പം ചേർക്കുന്നു.

ജിന്നിന്റെ പേരുപറഞ്ഞ് പുരോഗമനാശയക്കാർ എന്ന് സ്വയം വീമ്പ് പറയുന്ന മുജാഹിദുകൾ ഇന്ന് കേരളത്തിന്റെ അന്തരീക്ഷം മലീമസമാക്കുന്നത് നാം കാണുന്നു. ഏതെങ്കിലും വ്യക്തികൾ സ്വന്തം താൽപ്പര്യത്തിന്റെ പേരിൽ പല തട്ടിപ്പുകളും നടത്തി അത് കറാമത്താണ്, ജിന്നാണ് എന്നൊക്കെ പറഞ്ഞ് ഈ സമൂഹത്തെ ചൂഷണം ചെയ്യുമ്പോൾ, അവരെ നേർവഴിയിലേക്ക് നയിക്കേണ്ടവർ തന്നെ ഹദീസുകളുടെ അനുകരണം തലക്കുപിടിച്ച് അന്ധവിശ്വാസങ്ങളുടെ പടുകുഴിയിലിൽ ചെന്നെത്തിയിരിക്കയാണ്. ജിന്ന് ബാധകളുടെ ചികിത്സക്കായി പഞ്ചായത്തുകൾ തോറും സെന്ററുകൾ തുറക്കണമെന്നുപോലും 'നവോത്ഥാന'ക്കാരുടെ മീറ്റിങ്ങുകളിൽ അഭിപ്രായമുണ്ടായതായി അവരുടെ നേതാവ് (അബ്ദുറഹ്മാൻ സലഫി) ജിദ്ദയിൽ നടന്ന പ്രഭാഷ ണത്തിൽ പറയുകയുണ്ടായി. സത്യ വിശ്വാസികൾക്കും ഈമാനുള്ള വർക്കും സിഹ്റ് ഫലിക്കില്ല എന്ന് പറയുന്നവർ തന്നെ നബിക്ക് സിഹ്റ് ബാധിച്ചു എന്ന് പറയുമ്പോൾ അവർക്ക് അല്ലാഹു പൊറുത്തു കൊടുക്കട്ടെ എന്നല്ലാതെ വേറെന്തു പറയാൻ...

സത്യവിശ്വാസികൾ നിർഭയരായിരിക്കും. അവർ അല്ലാഹുവിൽ തവക്കുൽ ആവുന്നവരായിരിക്കും. അല്ലാഹു നമുക്ക് ഒരു നന്മ വരട്ടെ എന്ന് കരുതിയാൽ; അതല്ല, ചില പരീക്ഷണങ്ങൾക്ക് വേണ്ടി ബുദ്ധിമുട്ടുകൾ എന്ന് തോന്നുന്ന ചിലത് തന്നാൽ ഏത് മുസ്ല്യാർക്കാണ്, ഏത് മന്ത്രവാദിക്കാണ് അത് തടുക്കാനോ മാറ്റാനോ സാധിക്കുക? അല്ലാഹുവിനേക്കാൾ വലിയ ശക്തി മനുഷ്യന് ഉണ്ടെന്ന് വിശ്വസിക്കുന്നവർ മൂഢന്മാരല്ലേ? അദൃശ്യങ്ങളുടെ താക്കോൽ അല്ലാഹുവിന്റെ അടുത്താണെന്ന് ഖുർആൻ പറയുമ്പോൾ, ജ്യോത്സ്യന്മാർക്ക് ഭാവിയിൽ നടക്കാൻ സാധ്യതയുള്ളതും ഭൂതവും വർത്തമാനവുമൊക്കെ ചെവിയിൽ മന്ത്രിച്ച് കൊടുക്കുന്നത് ജിന്നാണെന്ന് ബുഖാരിയും മുസ്ലിമും പറയുന്നു. അത് തെറ്റാണെന്നും അങ്ങനെയൊരു സംഗതിയേ ഇല്ലെന്നും സമൂഹത്തെ പഠിപ്പിക്കാൻ ആർജവം കാട്ടാത്ത കാലത്തോളം ഖുർആനിൽ അധിഷ്ഠിതമായ ജീവിതം കെട്ടിപ്പടുക്കാൻ സാധ്യമല്ല.

ഈയുള്ളവൻ പണ്ട് ഇത്തരം വിശ്വാസത്തിൽ പെട്ടുപോയ ആളായിരുന്നു. അൽഹംദുലില്ലാ, ഇങ്ങനെയുള്ള ജീർണതകളിൽ നിന്നും ഭീതികളിൽ നിന്നും നന്മയിലേക്കും നിർഭയത്വത്തിലേക്കും എത്തിച്ചേരാൻ തോന്നിച്ചതിന് അല്ലാഹുവിന് നന്ദി; ഒപ്പം ഖുർആൻ സുന്നത്ത് സൊസൈറ്റിക്കും.

**നിജാസ് മുഹമ്മദ്,**
**പോസ്റ്റ് ബോക്സ് 123471,**
**ദുബായ്, യു.എ.ഇ.**

# പുനർവിചിന്തനം വേണം

2012 ജനുവരി ലക്കം വേദ ദർശനം വായിച്ചു. അവസാനത്തെ മൂന്ന് ലേഖനങ്ങൾ (ഇബ്രാഹിം നബിയുടെ പേരിലും ഖുർആൻ വിരുദ്ധ ജൽപനങ്ങൾ, നബിക്ക് ഇറക്കപ്പെട്ട അദ്ദിക്ർ ഖുർആൻ മാത്രം, കൊലപാതകം: ഹദീസ് മതം എന്ത് പറയുന്നു?) പ്രത്യേകം ശ്രദ്ധിക്കപ്പെട്ടെങ്കിലും സാധാരണക്കാരന് ബോധ്യപ്പെടും വിധം കുറച്ചുകൂടി ലളിതമായി അവതരിപ്പിക്കാമായിരുന്നു. 'ജിന്ന് വന്ന വഴി' എന്ന കഥ വല്ലാതെ ദീർഘിച്ചുപോയി. കഥകൾ ഒന്നരപ്പേജിൽ കവിയാതിരിക്കുന്നതാണ് നല്ലത്. കവിത ഒരു ലക്കത്തിൽ ഒന്ന് മതി. 'ത്വലാഖ് രണ്ട് തവണയോ' എന്ന ലേഖനത്തിൽ വിവാഹത്തെ പരിചയപ്പെടുത്തിയ ഖുർആനിക സൂക്തങ്ങൾ മുഴുവൻ ഉദ്ധരിക്കാമായിരുന്നു. ഈ വിഷയം ഒന്നുകൂടി പുനർവിചിന്തനം നടത്തുന്നത് ഉചിതമായിരിക്കും.

**സി.കെ സുലൈമാൻ**
**വണ്ടൂർ**



ഹജ്ജും ഉംറയും:
സത്യവും മിഥ്യയും 2

# അവശത തീർക്കാതെ ഹജ്ജിന് പോകുന്നത് വൻകുറ്റം

കുരിക്കൾ വയനാട്

സുന്നത്ത് ജമാഅത്തുകാരുടെ ഹജ്ജിന്റെ രൂപമാണല്ലോ നാം കഴിഞ്ഞ ലക്കത്തിൽ പറഞ്ഞുതുടങ്ങിയത്. അവരുടെ ബാക്കി കർമങ്ങൾ കൂടി നോക്കുക.

സംസം വെള്ളം കുടിക്കുമ്പോൾ തസ്ബീഹ് ചൊല്ലേണ്ടതും നിന്ന് മാത്രം കുടിക്കേണ്ടതുമാണ്. ഒരാൾക്ക് മറ്റൊരാൾക്ക് വേണ്ടി ഹജ്ജ് നിർവഹിക്കാവുന്നതാണ്. സുന്നത്ത് ഹജ്ജും ചെയ്യാവുന്നതാണ്.

സ്വർഗത്തിൽ നിന്ന് കൊണ്ടുവന്നതും ജനത്തിന്റെ പാപങ്ങൾ ആവാഹിച്ചെടുക്കാൻ കഴിവുള്ളതുമായ ഹജറുൽ അസ്വദ് എന്ന കല്ലിനെ ചുംബിക്കുക. ദുൽഹജ്ജ് എട്ടിന് മിനായിലേക്ക് നീങ്ങുക. ഒമ്പതിന് നമിറ എന്ന സ്ഥലത്ത് ഇമാമിന്റെ ഖുതുബ (ഉദ്ബോധനം) കേൾക്കുകയും നമസ്കാരം നിർവഹിക്കുകയും ചെയ്യുക. മിനായിലെ സമയത്ത് ളുഹർ, മഗ്രിബ് എന്നീ രണ്ട് നമസ്കാരങ്ങൾ ജംഅ്-ഖസർ ആക്കി നിർവഹിക്കാവുന്നതാണ്.

ദുൽഹജ്ജ് പത്തിന് മത്ത് പിടിക്കാത്തവനായി അറഫയുടെ അതിർത്തിക്കുള്ളിൽ ചെലവഴിക്കുമ്പോൾ സുന്നത്ത് നമസ്കാരങ്ങളിലും തസ്ബീഹിലും മുഴുകുക. അന്ന് മുസ്ദലിഫയിൽ രാപ്പാർക്കുക. പിശാചിന്റെ പ്രതീകമായ ജംറകളെ കല്ലെറിയുക. അതിന് ശേഷം മുടിവെട്ടുക. ബാക്കിയുള്ള ശൈത്വാന്റെ പ്രതീകങ്ങളെയും എറിയുക. ബലിയറുക്കുക. ശേഷം ത്വവാഫുൽ ഇളാഫത് (വിടുതൽ പ്രദക്ഷിണം) നടത്തുക. സഫാ-മർവയിൽ വേണമെങ്കിൽ ഓട്ടവുമാവാം. ഇതോടെ ഇഹ്റാമിൽ നിന്ന് ഒഴിവാകുന്നു. ഹജ്ജിന്റെ പൂർത്തീകരണം. പിന്നീട് മദീനയിൽ പോവൽ. അവിടത്തെ ചടങ്ങുകൾ വേറെയും.



ഇനി അല്ലാഹു വിശുദ്ധ ഖുർആനിൽ കൽപിച്ചതും നബി നിർവഹിച്ചതുമായ ഹജ്ജിനെ സംബന്ധിച്ച് ചുരുക്കത്തിൽ വിവരിക്കുകയാണ്. ഹജ്ജ് കർമത്തിന്റെ ഉദ്ദേശ്യം ആമുഖത്തിൽ പറഞ്ഞുവല്ലോ. ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക.

“ആഭരണങ്ങൾ അണിയി

ച്ചതും അല്ലാത്തതുമായ ഓമന മൃഗത്തെയും ആദരണീയ മാസങ്ങളെയും ആദരണീയ മന്ദിരമായ കഅബയെയും അവിടത്തെ ജനത്തിന്റെ നിലനിൽപിന് അല്ലാഹു ആധാരമാക്കിയിരിക്കുന്നു." (5:97)

പാപമോചനത്തിന് പ്രാർഥിക്കാമെന്ന് ഖുർആനിലൂടെ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. എവിടെ വെച്ചും അത് ചെയ്യാമെന്നല്ലാതെ പ്രാർഥനക്ക് ഉത്തരം ലഭിക്കുന്ന ഒരു സ്ഥലം അല്ലാഹു ഭൂമിയിൽ എവിടെയും പ്രത്യേകമായി അടയാളപ്പെടുത്തിയിട്ടില്ല. അങ്ങനെ ഉണ്ടായിരുന്നെങ്കിൽ ഖുർആൻ അത് പറയുമായിരുന്നു. അല്ലാഹു ഉദ്ദേശിക്കുന്നവരുടെ പാപം പൊറുത്ത് കൊടുക്കുമെന്ന് 48:14ൽ പറഞ്ഞിട്ടുണ്ട്. അത് എവിടെ നിന്നുമാവാം. മക്കയിലെ ദരിദ്രജനത്തിന്റെ പട്ടിണി മാറ്റലാണ് ഹജ്ജിന്റെ ലക്ഷ്യമെന്ന് 22:28, 36 സൂക്തങ്ങളിൽ അല്ലാഹു വ്യക്തമാക്കുന്നു. ശരീരത്തിന് ആരോഗ്യം, യാത്രാസൗകര്യം, ധനം എന്നിവ ഉള്ളവർക്ക് മാത്രമാണ് ഹജ്ജ് നിയമമാവുന്നത്. ഹജ്ജ് നിയമത്തെ നിഷേധിച്ചാൽ പോലും അതിന്റെ പേരിൽ അല്ലാഹു ശിക്ഷിക്കില്ലെന്ന് ഖുർആൻ 3:97ൽ പറയുന്നു. "ആരാണോ ഹജ്ജ് നിയമത്തെ നിഷേധിച്ച് അതിന് പോവാതിരുന്നതെങ്കിൽ ലോകത്തിലെ സകലരിൽ നിന്നും അല്ലാഹു സ്വയാശ്രിതനാണെന്ന് അവൻ അറിഞ്ഞിരിക്കട്ടെ."

നോക്കുക, മറ്റു കൽപനകളെ നിഷേധിച്ചവർക്ക് ശിക്ഷയുണ്ടെന്ന് ഖുർആനിലുടനീളം ഉണർത്തിയ അല്ലാഹു ഹജ്ജിന്റെ വിഷയത്തിൽ പറഞ്ഞത് ഇങ്ങനെയാണ്. മാത്രവുമല്ല, വ്യാപാരമേള കൂടിയാണ് ഹജ്ജ്. മേൽപ്പറഞ്ഞതിൽ നിന്ന് ഹജ്ജിന്റെ പ്രാധാന്യം വായനക്കാർക്ക് മനസ്സിലായിരിക്കും എന്ന് കരുതുന്നു.

മുസ്ലിംകളിൽ ഏറെപ്പേരും മതവിഷയത്തിൽ ശരിയായ അറിവ് കരസ്ഥമാക്കാൻ സാധിക്കാത്ത ഹതഭാഗ്യരും നിഷ്കളങ്ക മനസ്സിന്റെ ഉടമകളും വാമൊഴിയായി പ്രചരിച്ച ആചാരാനുഷ്ഠാനങ്ങൾ വെച്ചുപുലർത്തുന്നവരുമാണ്. എന്നാൽ അവരിൽ അധികം പേരും അല്ലാഹുവിലും അന്ത്യദിനത്തിലും പ്രവാചകന്മാരിലും വിശ്വസിക്കുന്നവരുമാണ്. ആരാധനകളിൽ വർധനയുണ്ടാക്കി കോലാഹലങ്ങൾ കൊണ്ട് അന്തരീക്ഷം ബഹളമയമാക്കുകയും മുസ്ലിം ആരാധനകളെ പൂരപ്രദർശനമാക്കുകയും ചെയ്തു. മുസ്ലിംകൾ ലോകത്ത് നിന്ദിതരും പീഡിതരുമായി; പരിഹാസ്യപാത്രങ്ങളായി. ദേശീയധാരയിൽ നിന്ന് പുറംതിരിഞ്ഞ് നിൽക്കാനാണ് മതപുരോഹിതർ പഠിപ്പിച്ചത്. അശാസ്ത്രീയമായ സമ്പദ്വ്യവസ്ഥയും ഖുർആൻ വിരുദ്ധ നിയമങ്ങളും വിദ്യാഭ്യാസത്തോടുള്ള അവഗണനയും മുസ്ലിംകളെ പിന്നാക്കക്കാരാക്കി.

അടിസ്ഥാനമില്ലാത്ത ആരാധനാഭ്രമത്താൽ കോടാനുകോടി രൂപയാണ് മുസ്ലിംകൾ വർഷംതോറും തുലച്ചുകൊണ്ടിരിക്കുന്നത്. ശ്വാസംമുട്ടിക്കുന്ന മതനിയമങ്ങൾ കെട്ടിച്ചമച്ച് കുരുന്നു മനസ്സുകളിൽ കുത്തിനിറക്കുന്നു. വളരും തോറും കുട്ടികളിൽ മതനിഷേധമാണ് കാണപ്പെടുന്നത്. ഒരിക്കലും

**മതപുരോഹിതർ ജനത്തെ ചൂഷണം ചെയ്യുന്ന രീതി മുഹമ്മദ് നബിയുടെ കാലത്തിന് മുമ്പും ഉണ്ടായിരുന്നു. ക്രിസ്ത്യാനികളിലും ജൂതരിലും ഇപ്പോഴുമുണ്ടല്ലോ കുമ്പസാരം എന്ന ഏർപ്പാട്. ഇതിന് സമാനമായ സമ്പ്രദായമാണ് സുന്നികളും മുജാഹിദുകളും തുടരുന്നത്.**

അനുഷ്ഠിക്കാൻ പറ്റാത്ത നിയമങ്ങളുടെ മുന്നിൽ അന്തിച്ചു നിൽക്കുന്ന സാധാരണക്കാരൻ മനസ്സാക്ഷിക്കുത്തുമായി മരിച്ചു ജീവിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഈ പാവങ്ങളുടെ ദൗർബല്യമാണ് നൂറ്റാണ്ടുകളായി മതനേതൃത്വം ചൂഷണം ചെയ്യുന്നത്. പുരോഹിതർ ഈ വിധം പ്രവർത്തിക്കുമെന്നും അവരുടെ സ്ഥിതി ദയനീയമായിരിക്കുമെന്നും 9:34ൽ പറഞ്ഞിട്ടുണ്ട് മതപുരോഹിതർ ജനത്തെ ചൂഷണം ചെയ്യുന്ന രീതി മുഹമ്മദ് നബിയുടെ കാലത്തിന് മുമ്പും ഉണ്ടായിരുന്നു. ക്രിസ്ത്യാനികളിലും ജൂതരിലും ഇപ്പോഴുമുണ്ടല്ലോ കുമ്പസാരം എന്ന ഏർപ്പാട്. ഇതിന് സമാനമായ സമ്പ്രദായമാണ് സുന്നികളും മുജാഹിദുകളും തുടരുന്നത്.

അടിമയും ഉടമയും തമ്മിൽ ആശയവിനിമയം പാടില്ലെന്നും അതിന് സാധാരണക്കാരൻ അർഹനല്ലെന്നും, പുരോഹിതൻ പ്രാർഥിക്കുമ്പോൾ ജനം ആമീൻ പറയണമെന്നുമായിരുന്നു ജൂത-ക്രിസ്തീയ അപ്പോസ്തലന്മാർ കൽപിച്ചത്. അല്ലാഹു ഇഷ്ടപ്പെടാത്ത സമ്പ്രദായമാണത്. അതുകൊണ്ടാണ് ആമീൻ എന്ന പദം ഖുർആൻ ബഹിഷ്കരിച്ചത്. സത്യവിശ്വാസികൾ ആമീൻ പറയാൻ പാടില്ല. മത പണ്ഡിതർ പ്രാർഥിക്കുമ്പോൾ മുസ്ലിംകളും ആമീൻ പറഞ്ഞാൽ ജൂതരും ക്രിസ്ത്യാനികളും മുസ്ലിംകളും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്?

ഖുർആൻ മത വിഷയത്തിൽ ആരെയും നിർബന്ധിക്കുന്നില്ല. (2:256) സ്വതന്ത്ര ചിന്തയെ പ്രോത്സാഹിപ്പിക്കുന്ന ഗ്രന്ഥം ഖുർആൻ അല്ലാതെ ഭൂമിയിൻ വേറൊന്നില്ല. നിങ്ങൾ ചിന്തിക്കുന്നില്ലേ എന്ന് ചോദിച്ചാണ് ഖുർആനിലെ മിക്ക വചനങ്ങളും അവസാനിക്കുന്നത്. ഉദയസൂര്യന്റെ വലിപ്പക്കുറവ് കണ്ട് മുറം കൊണ്ട് സൂര്യനെ മറച്ചു വെക്കാൻ ശ്രമിക്കുന്ന കുട്ടിയുടെ ബുദ്ധി പോലും സുന്നത്ത് ജമാഅത്തുകാർക്കില്ലാതെ പോയി. ഇല്ല, അവർക്ക് ബുദ്ധിയുണ്ടാവില്ല. ഹൃദയങ്ങളിൽ സദാസമയവും ഒരു വിഭാഗത്തോടുള്ള ഈർഷ്യയാണ്. കാൽക്കീഴിലെ മൺതരികൾ നീങ്ങാൻ തുടങ്ങിയിട്ട് വർഷങ്ങളായി. ഖുർആൻ എന്ന മഹത്തായ ഗ്രന്ഥം ധിക്കരിച്ചതിന്റെ ശാപം ഏറ്റുവാങ്ങിയ ഈ വിഭാഗം കപട വിശ്വാസികളാണെന്ന് ഖുർആൻ പറയുന്നു. ഇവർ, ചാരി



വെച്ച മരത്തടിപോലെയാണ്. (63:4) വിശ്വസിക്കുക; പിന്നെ അവിശ്വസിക്കുക – ഇതാണിവരുടെ സ്വഭാവം. ഇവരുടെ ഹൃദയങ്ങൾക്ക് സീൽ വെച്ചിരിക്കുന്നു. അതുകൊണ്ട് ഇവർക്കൊന്നും മനസ്സിലാവില്ല. (63:3)

മേൽസൂക്തങ്ങൾ കൊണ്ട് മറ്റേതെങ്കിലും മതവിഭാഗങ്ങളെയല്ല ഉദ്ദേശിക്കുന്നത്. മുസ്‌ലിംകളിലെ കപട വിശ്വാസികളെക്കുറിച്ചാണത്. മേൽപ്പറഞ്ഞ വിഭാഗത്തിന് ഖുർആൻ വിശേഷിപ്പിച്ച എല്ലാ സിഫത്തും ഒത്തിണങ്ങിയിട്ടുണ്ട്. അതുകൊണ്ട് സൂക്ഷിക്കണം എന്നാണ് പറഞ്ഞത്. അവർ ചാരി വെച്ച മരത്തടി തന്നെ. ഖുർആൻ കൈമോശം വന്ന വിഭാഗം. ഏത് സമയവും ആദർശപരമായി മറിഞ്ഞു വീഴാം.

ഹജ്ജ് വിഷയത്തിലേക്ക് തന്നെ മടങ്ങിവരാം. തന്റെ കുടുംബങ്ങളിലും പ്രദേശത്തും അവശത അനുഭവിക്കുന്നവരുണ്ടെങ്കിൽ അത്തരക്കാരെ ശ്രദ്ധിക്കാതെ ഹജ്ജിന് പോകുന്നത് വൻകുറ്റമാണെന്നാണ് ഖുർആൻ ഉണർത്തുന്നത്. നമസ്കാരം, നോമ്പ്, ഹജ്ജ് എന്നിവ പാപമോചനത്തിനുള്ളതല്ല.

ദുർമാർഗിയായ മനുഷ്യൻ മരണ സമയത്ത് വിലപിക്കുന്നതായി ഖുർആൻ പരിചയപ്പെടുത്തുന്നത് ഇങ്ങനെ: ‘‘അല്പ സമയം കൂടി ജീവിതം അനുഭവിക്കാൻ അവസരം തരണമേ. ഞാൻ ദാനധർമങ്ങൾ ചെയ്ത് സച്ചരിതരിൽ ഉൾപ്പെട്ടു കൊള്ളാം.” നമസ്കാരം, നോമ്പ്, ഹജ്ജ് എന്നിവ നിർവഹിച്ച് സാലിഹീങ്ങളിൽ ചേർന്നു കൊള്ളാമെന്നല്ല പറയുന്നത്. അപ്പോൾ സ്വർഗം ലഭിക്കാൻ ദാനധർമങ്ങൾ ചെയ്യണമെന്ന് ബോധ്യമായി. ഹജ്ജ് വലിയ പുണ്യകർമമല്ലെന്ന് ഖുർആൻ വ്യക്തമാക്കുന്നു. സത്യവിശ്വാസികളുടെ ശരീരവും അവരുടെ ധനവും സ്വർഗം കൊടുക്കാമെന്ന കരാറിൽ അല്ലാഹു പകരം വാങ്ങിയിരിക്കുന്നു.

പിണ്ണാക്ക് കൊണ്ട് മെഴുക്കിളക്കാമെന്നത് പോലുള്ള വേലത്തരങ്ങൾ കൊണ്ടൊന്നും സ്വർഗം കരസ്ഥമാക്കാൻ കഴിയില്ലെന്ന് ഏതൊരു മുസൽമാനും അറിഞ്ഞിരിക്കേണ്ടതാണ്. ശരീരം കൊണ്ട് പരോപകാരപ്രദമായ സഹായങ്ങൾ നൽകുകയും സമ്പത്തുള്ളവൻ അത് ദൈവികമാർഗത്തിൽ സാധുക്കൾക്ക് ജീവിതമാർഗത്തിനായി (പള്ളിപ്പണിക്കല്ല) ചെലവഴിക്കുകയും ചെയ്യാതെ സ്വർഗം ലഭിക്കില്ല.

ഹദീസ് ഉദ്ധരിച്ച് എന്തും പറയാമല്ലോ. ഹദീസ് ഖുർആന്റെ വിശദീകരണമാണെന്നാണ് വെപ്പ്. ഹജ്ജ് നിർവഹിച്ചാൽ പാപമോചനവും സ്വർഗവും ലഭിക്കുമെന്നും ഇപ്പോൾ പ്രസവിച്ച പൈതലിനെപ്പോലെയാവുമെന്നും പറയുന്നുണ്ട്. ഖുർആനിലെ ഏത് ആയത്തിന്റെ വിശദീകരണമാണ് ഇതെന്ന് സുന്നി പണ്ഡിതർ സമുദായത്തിന് പറഞ്ഞുകൊടുക്കാൻ ബാധ്യസ്ഥരാണ്.

വീണ്ടും അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക: ‘‘നിങ്ങളുടെയും (മുസ്‌ലിംകൾ) ആ ജൂത-ക്രിസ്ത്യാനികളുടെയും വ്യാമോഹമൊന്നും നടക്കാൻ പോകുന്നില്ല. സത്യവിശ്വാസത്തോടൊപ്പം സൽക്കർമങ്ങൾ ചെയ്യുന്നവരാരോ അവർക്ക് സ്വർഗത്തിൽ പ്രവേശിക്കാം.” (4:123, 124)

ജീവിതമാർഗത്തിന് ഉപകരിക്കുന്ന വല്ല കച്ചവടവും ഹജ്ജ് വേളയിൽ ചെയ്യണമെന്ന് 2:198ൽ പറയുന്നു. കർമം ചെയ്യാതെ വെറുതെ പ്രാർഥിച്ചതു കൊണ്ട് കാര്യമായ പ്രയോജനമില്ല.

റബ്ബനാ-ആതിനാ-ഫിദ്ദുൻയാ ഹസനതൻ-വഫിൽ ആഖിറതി ഹസനതൻ- വഖിനാ-അദാബന്നാർ (ദുനിയാവിലെ ജീവിതം എനിക്ക് സുഖമാക്കിത്തരേണമേ, അതോടൊപ്പം പരലോക ജീവിതത്തിൽ മോക്ഷം തരികയും നരകശിക്ഷയിൽ നിന്ന് കാക്കുകയും ചെയ്യേണമേ) എന്ന് പ്രാർഥിക്കാൻ നമ്മോട് കൽപിച്ച ശേഷം അല്ലാഹു പറയുന്നു: “നിങ്ങൾ ചെയ്യുന്ന സൽക്കർമത്തിനനുസൃതമായി ഞാൻ പ്രതിഫലം തരുന്നതാണ്.” പ്രാർഥന കൊണ്ട് പ്രതിഫലമില്ലെന്ന് സാരം. ഏതൊരു മനുഷ്യന്നും അവൻ അധ്വാനിച്ചതിന്റെ പ്രതിഫലമല്ലാതെ മറ്റൊന്നും ലഭിക്കില്ലെന്നും ഖുർആൻ പറയുന്നു.

ഹജ്ജിന് പോകാൻ ഒരുങ്ങുന്നയാൾ ജീവിതത്തിൽ വിട്ടുപോയ നമസ്കാരം, നോമ്പ് എന്നിവ നോറ്റു വീട്ടിയതിന് ശേഷം ഹജ്ജ് നിർവഹിച്ചാലേ അത് മഖ്ബൂലും മബ്റൂറുമായി അല്ലാഹു സ്വീകരിക്കൂ എന്ന സുന്നത്ത് ജമാഅത്തുകാരുടെ വാറോല എത്ര പരിഹാസ്യമാണ്. അമ്പതാമത്തെ വയസ്സിൽ സന്മാർഗത്തിലായ ഒരാൾ ഹജ്ജിന് പോകാൻ തയ്യാറെടുക്കുന്നു എന്ന് സങ്കൽപിക്കുക. വല്ലപ്പോഴും വെള്ളിയാഴ്ച ജുമുഅ നിർവഹിക്കുന്ന വ്യക്തി. സുന്നി, ജമാഅത്ത്, മുജാഹിദുകളുടെ അഖീദ പ്രകാരം 10 വയസ്സ് മുതൽ നമസ്കാരം നിർബന്ധ ബാധ്യത. അപ്പോൾ 40 വർഷം ബാക്കിയായ നമസ്കാരം എത്ര റക്അത്ത് വരും? വർഷത്തിൽ 1825 വക്ത് നമസ്കാരം വെച്ച് ബാക്കിയാണ്. 40 വർഷത്തെ നമസ്കാരം 73,000 വക്ത്. 1200 നോമ്പും നോറ്റു വീട്ടേണ്ടതുണ്ട്. നോമ്പ് 1200 എണ്ണം തുടർച്ചയായി നോറ്റു വീട്ടുമ്പോഴേക്കും മൂന്ന് വർഷം പിന്നിടും. നമസ്കാരം തീർക്കാൻ എത്ര ദിവസം വേണ്ടി വരുമെന്ന് കണ്ടറിയണം. ആരോഗ്യവാന് മാത്രമാണ് ഹജ്ജ് നിയമമായത്. 1200 നോമ്പ് തുടർച്ചയായി നോൽക്കാൻ തുടങ്ങിയാൽ പിന്നെ അയാളെ പരലോകത്ത് അന്വേഷിച്ചാൽ മതിയാകും!

ഹദീസ് നിയമങ്ങളിലെ ഒരു വചനം പോലും സത്യത്തിനും നീതിക്കും നിരക്കുന്നതായി കാണാൻ സാധിക്കില്ല. ബാലിശമായ തമാശകളുടെയും നേരമ്പോക്കുകളുടെയും കെട്ടുകഥകളുടെയും പരസ്പര വൈരുധ്യങ്ങളുടെയും വാറോലകൾ മാത്രമാണവ.

ഹജ്ജിന് പോകുന്ന വർഷം നോമ്പെടു ത്തിട്ടില്ലെങ്കിൽ 2:183-185, 196 പ്രകാരം മൂന്ന് ദരിദ്രർക്ക് ആഹാരം കൊടുത്ത് ഫിദ്‌യ നിർവഹിച്ചാൽ മതിയാകും.

നമസ്കാരം ഖളാ വീട്ടുക എന്നത് ഇസ് ലാമികമല്ലെന്ന് തീർത്തു പറയേണ്ടിയിരിക്കുന്നു. സാധാരണ രീതിയിൽ നമസ്കരിക്കാൻ സാധിച്ചില്ലെങ്കിൽ നടന്നും വാഹനപ്പുറത്തും ജോലിസമയത്തുമെല്ലാം മനസ്സുകൊണ്ട് നമസ്കരി ക്കാൻ അല്ലാഹു ഖുർആനിലൂടെ ഉണർത്തുന്നു. (2:239)

ഇവിടെ സുന്നികളുടെ പ്രദർശന നമസ്കാരത്തെക്കുറിച്ചല്ല; അല്ലാഹു നിർണയിച്ച സമയത്തുള്ള നമസ്കാരത്തെക്കുറിച്ചാണ് പറയുന്നത്. ആയതുകൊണ്ട് സത്യവിശ്വാസികൾ അല്ലാഹു നിശ്ചയിച്ച സമയങ്ങളിൽ ഹൃദയം കൊണ്ടെങ്കിലും നമസ്കരിക്കണം.

പാവം ജനത്തെ നമസ്കാര ഭ്രാന്തരാക്കാനും ഈ ഏത്തമിടീൽ നിയമമുണ്ടാക്കാനും ഹദീസ് നിർമാതാക്കൾ നബിയുടെ പേരിൽ കള്ളക്കഥ മെനഞ്ഞുണ്ടാക്കി. യുദ്ധവേളയിൽ കിടങ്ങിന്റെ ജോലിയിൽ വ്യാപൃതനായ ദൂതർക്ക് അസർ നമസ്കാരം നിർവഹിക്കാൻ കഴിഞ്ഞില്ല. ട്രഞ്ച് നിർമാണത്തിന് കാരണക്കാരായ മക്കയിലെ അവിശ്വാസികളുടെ ഭവനങ്ങളും ഖബറുകളും തീ കൊണ്ട് നിറക്കണമേ എന്ന് നബി പ്രാർഥിച്ചതായി ഹദീസുണ്ടാക്കി. ഈ ഹദീസിൽ ഇസ്‌ലാം വിരോധികൾ അവരുടെ രണ്ട് താൽപര്യങ്ങൾ സംരക്ഷിച്ചു.

ഒന്ന്, മറ്റു നബിമാരുടെ ഒരു നമസ്കാരം പോലും ഖളാ ആയിട്ടില്ല. മറ്റു പ്രവാചകന്മാർക്കില്ലാത്ത ന്യൂനത നമ്മുടെ പ്രവാചകരുടെ മേൽ ഇവർ വെച്ചുകെട്ടി. ജോലി സമയമാണെങ്കിൽ ഹൃദയം കൊണ്ട്, നടന്ന്, വാഹനപ്പുറത്തിരുന്ന് നമസ്കരിക്കാൻ അല്ലാഹു അനുവാദം തന്നപ്പോൾ നബി തിരുമേനി അല്ലാഹുവിന്റെ വിധിയെ ധിക്കരിച്ചുവോ?

രണ്ടാമതായി, നബിയുടെ അസർ നമസ്കാരം ഖളാ ആവാൻ കാരണക്കാരായ മക്കാ മുശ്‌രിക്കുകളുടെ ഭവനങ്ങളിലും അവരുടെ ഖബറുകളിലും തീ നിറക്കണമേ എന്ന് നബി പ്രാർഥിച്ചുവത്രെ. ഖബറിൽ ഒരുവിധ ശിക്ഷയോ പീഡനമോ ഇല്ലെന്നും ഖബർ ജീവിതാവസ്ഥ ഒരു ഉറക്കിന്റെ കാലഘട്ടമാ ണെന്നും ഖുർ ആനിൽ (സൂറഃ യാസീൻ) പറയുമ്പോൾ ഖബർ ശിക്ഷ യെന്ന ശിർക്കൻ നിയമം സ്ഥാപി ക്കാൻ കള്ള ഹദീസ് കെട്ടി യുണ്ടാക്കി. അസർ നമസ് കാരം നബി ഖളാ വീട്ടിയതു പോലെ നമ്മളും നമസ്കരിക്ക ണം, ഖളാ വീട്ടണം എന്നും ഖുർ ആന്റെ ശത്രുക്കൾ പ്രചരിപ്പിച്ചു.



*(അവസാനിക്കുന്നില്ല)*



# ബിസ്മി
## ഇസ്‌ലാമിലേക്കുള്ള പ്രവേശന കവാടം


**അലി കള്ളിയത്ത്**
alikalliyath@gmail.com


ദീനുൽ ഇസ്‌ലാം എന്നാൽ എന്താണ്, ദൈവത്തിൽ വിശ്വസിക്കേണ്ടത് എപ്രകാരമായിരിക്കണം എന്നീ ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം നൽകുവാൻ മുസ്‌ലിം സമുദായത്തിന് കഴിയാറില്ലെങ്കിലും ഒരാൾ മുസ്‌ലിമാവുക എങ്ങനെയാണെന്ന ചോദ്യത്തിനുള്ള ഉത്തരം ഏകകണ്ഠമായി അവർ പഠിച്ചു വെച്ചിട്ടുണ്ട്. അത് മറ്റൊന്നുമല്ല, ശഹാദത്ത് കലിമ ചൊല്ലി ഉറപ്പിക്കലാണ് എന്നതാണ് മതപണ്ഡിതർ അവരെ ധരിപ്പിച്ചത്. എന്നാൽ ദൈവവിശ്വാസം എപ്രകാരമായിരിക്കണമെന്നും ഇസ്‌ലാമിലേക്കുള്ള പ്രവേശനം എങ്ങനെയായിരിക്കണമെന്നും മറ്റുമുള്ള കാര്യങ്ങൾ നിലവിൽ സമുദായം മനസ്സിലാക്കിയതിൽ നിന്ന് തികച്ചും വ്യത്യസ്തമായ രൂപത്തിലാണെന്ന് ഖുർആൻ ചിന്തിച്ചു പഠിക്കുന്നവർക്ക് മനസ്സിലാക്കുവാൻ സാധിക്കും. കഴിഞ്ഞ ലക്കം വേദ ദർശനത്തിൽ ഡോ. എം. അബ്ദുൽ ജലീൽ എഴുതിയ 'ബിസ്മില്ലാഹിയുടെ അർഥത്തിലും വ്യാഖ്യാനത്തിലും അട്ടിമറിയുണ്ടോ' എന്ന ലേഖനമാണ് ഈ കുറിപ്പിനാധാരം. ഖുർആൻ ആരംഭിക്കുന്നത് ഇപ്രകാരമാകുന്നു: "ബിസ്മില്ലാഹി റഹ്മാനി റഹീം."

സാരം: റഹ്മാനും റഹീമുമായ അല്ലാഹുവിന്റെ ഇസ്മിന്റെ അടിസ്ഥാനത്തിൽ, അഥവാ അനിയന്ത്രിത കാരുണ്യ പ്രവാഹിയും കാര്യകാരണ സഹിതം കാരുണ്യത്തെ നിയന്ത്രിക്കുന്നവനുമായ ഒരേയൊരു ദൈവത്തിന്റെ അസ്തിത്വത്തിന്റെ (സത്തയുടെ) അടിസ്ഥാനത്തിൽ. വളരെയധികം ആഴത്തിൽ വിശദീകരിക്കേണ്ട സൂക്തമാണിത്. സാധാരണ ഖുർആൻ പരിഭാഷകളിൽ മറ്റു പല സൂക്തങ്ങളും വാരിവലിച്ച് വിശദീകരിച്ചിട്ടുണ്ടെങ്കിലും ബിസ്മിയെ അവർ വിശദീകരിച്ചു കാണാറില്ല.

ആദ്യമായി അല്ലാഹുവിന്റെ ഇസ്മിന്റെ അടിസ്ഥാനത്തിൽ എന്നാണ് പറഞ്ഞത്. എന്താണ് ഇസ്മ്? അല്ലെങ്കിൽ നാമം? അല്ലാഹു എന്ന് നാം വിളിക്കുന്നത് തന്നെയല്ലേ ഇസ്മ്? സത്യത്തിൽ അല്ലാഹു എന്നത് അറബികൾ ദൈവത്തെ വിളിക്കുന്ന പേര് മാത്രമാണ്. ദൈവം, ഈശ്വരൻ, യഹോവ, ഗോഡ് എന്നൊക്കെ പറയുംപോലെ. എന്നാൽ അത്തരം കേവല പദങ്ങളിൽ ദൈവത്തെ ഒതുക്കുവാൻ പറ്റില്ല. അഥവാ കേവലം ചില പദങ്ങളോ വിശേഷണങ്ങളോ കൊണ്ട് അല്ലാഹുവിനെ (ഈശ്വരനെ) അറിയുവാനോ മനസ്സിലാക്കുവാനോ സാധിക്കില്ല എന്നു സാരം.

ഒന്നുകൂടി വിശദീകരിച്ചാൽ അല്ലാഹുവിൽ വിശ്വസിക്കുന്നത് കേവലമൊരു വ്യക്തിയോ ശക്തിയോ ആയല്ല. നാം പരസ്പരം ദൈവവിശ്വാസികളെന്ന് പറയാറുണ്ട്. അല്ലെങ്കിൽ സത്യവിശ്വാസികൾ എന്നു പറയും. അതുമല്ലെങ്കിൽ നന്മയിലും കാരുണ്യത്തിലും നീതിന്യായത്തിലും വിശ്വസിക്കുന്നവർ അഥവാ മൂല്യങ്ങളിൽ വിശ്വസിക്കുന്നവർ എന്നും പറയാറുണ്ട്. ഇവയെല്ലാം ഒന്ന് തന്നെയാണ്.

ഖുർആൻ പറയുന്നു: "നിങ്ങൾ അല്ലാഹു (ഈശ്വരൻ) എന്ന് വിളിക്കുക. അല്ലെങ്കിൽ റഹ്മാൻ (കാരുണ്യവാൻ) എന്ന് വിളിക്കുക. ഏതു തന്നെ നിങ്ങൾ വിളിക്കുകയാ ണെങ്കിലും ഏറ്റവും ഉത്തമമായ നാമങ്ങളെല്ലാം അവന്ന് മാത്രമുള്ളതാകുന്നു." (17:110) ഇതേ ആശയം 7:180, 20:8, 59:24 തുട ങ്ങിയ സൂക്തങ്ങളിലും വിശദീകരി ച്ചിട്ടുണ്ട്.

ഒന്നുകൂടി വ്യക്തമായി പ്പറഞ്ഞാൽ ദൈവം എന്നത് കേവലം ഒരു ശക്തി എന്നതിനപ്പുറം ഈ പ്രപഞ്ചത്തിലുള്ള കോടാനുകോടി ഉന്നതമായ എല്ലാ സ്വഭാവവിശേഷണങ്ങളുടെയും ആകത്തുകയാണ് എന്ന രൂപത്തിലാണ് നാം വിശ്വസിക്കേണ്ടത്.

ഏറ്റവും വലിയ നീതിമാൻ, കാരുണ്യവാൻ, ഏറ്റവും ഉന്നതൻ, ഔദാര്യവാൻ തുടങ്ങിയ നാമങ്ങൾ



# ‘ബിസ്മില്ലാഹി’യുടെ അർഥത്തിലും വ്യാഖ്യാനത്തിലും അട്ടിമറിയുണ്ടോ?

ഡോ. എം. അബ്ദുൽ ജലീൽ
abduljaleel1960@hotmail.com

നമുക്കറിയാവുന്നതും ഖുർആൻ പരിചയപ്പെടുത്തിത്തന്നവയുമാണ്. ചുരുക്കത്തിൽ ഏറ്റവും ഉത്കൃഷ്ട മായ എല്ലാ സ്വഭാവവിശേഷണ ങ്ങളെയും ഒന്നിച്ചുചേർത്ത് ഒരു പദം ഉപയോഗിച്ചാണ് ദൈവത്തെ വിളിക്കേണ്ടതും അറിയേണ്ടതും. എന്നാൽ അത്തരം പദം മനുഷ്യന്റെ ഒരു ഭാഷയിലും നിഘണ്ടുവിലുമില്ല എന്നത് പച്ചപ്പരമാർഥമാണ്. അത്തരത്തിലുള്ള പദം കണ്ടെത്തു വാനുള്ള അറിവ് മനുഷ്യനിനില്ല എന്നതും യാഥാർഥ്യമാണ്. അതു കൊണ്ടാണ് ആ നാമത്തിന് പകരം സർവനാമം ഉപയോഗിച്ചത്. ആ ഇസ്മിനെ അസ്തിത്വം (സത്ത) എന്ന് പരിഭാഷപ്പെടുത്തിയതിന്റെ കാരണവും മറ്റൊന്നല്ല.

ചുരുക്കത്തിൽ കാരുണ്യ വാനും നീതിമാനും ഉന്നതനും ഔദാര്യവാനും പരിശുദ്ധനു മെല്ലാമായ ആ സർവേശ്വരന്റെ സത്തയെ അടിസ്ഥാനപ്പെടുത്തി വിശ്വസിക്കുകയും കർമങ്ങൾ ചെയ്യുകയും ജീവിക്കുകയും ചെയ്യുക എന്നത് തന്നെയാണ് ദീനുൽ ഇസ്‌ലാം എന്ന് പറയുന്നതിലൂടെ ഉദ്ദേശിക്കുന്നത്.

ഖുർആനിലെ 113 അധ്യായ ങ്ങളിലും തുടക്കത്തിൽ ബിസ്മി ഉപയോഗിച്ച് അല്ലാഹു ഈ ആശയം അരക്കിട്ടുറപ്പിച്ചിട്ടുണ്ട്. മാത്രമല്ല 96-ാം അധ്യായം തുടങ്ങുന്നത് ഇപ്രകാരമാണ്: “നിന്നെ സൃഷ്ടിച്ചവനായ രക്ഷിതാ വിന്റെ നാമത്തിൻ നീ വായിക്കുക.” ശിർക്കിൽ ആണ്ടു കിടന്ന സബഇലെ രാജ്ഞിക്ക് സുലൈ മാൻ നബി കത്തെഴുതിയത് ദൈവനാമത്തിലാണെന്ന് 27:30ൽ ഖുർആൻ വിശദീകരിക്കുന്നു. ആയതിനാൽ ഏകദൈവ വിശ്വാസ ത്തിലേക്ക് ക്ഷണിക്കേണ്ടത് ബിസ്മില്ലാഹി കൊണ്ടാണെന്ന് ഖുർആൻ വ്യക്തമാക്കി. മാത്രമല്ല ഒരു വിശ്വാസിയുടെ എല്ലാ പ്രവർത്തനങ്ങളുടെയും അടി സ്ഥാനം ദൈവനാമത്തിലായിരിക്ക ണമെന്ന് അല്ലാഹു വിവരിച്ചു കാണിച്ചത് ഖുർആൻ വായിക്കുന്ന വർക്ക് കാണാൻ സാധിക്കും.

## ദൈവിക ബോധം (ദിക്റുല്ലാഹി) എന്നാലെന്ത്?

ദിക്റുല്ലാഹി അഥവാ ദൈവത്തെ ധാരാളം ഓർക്കണമെന്ന് ഖുർആൻ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ പ്രയോഗത്തിന്റെ ശരിയായ ലക്ഷ്യം എന്താണ് എന്നതിനെ സംബന്ധിച്ച് നമ്മുടെ സമുദായ ത്തിന് വ്യക്തമായ അറിവില്ല എന്നത് വസ്തുതയാണ്. കേവലം ദിക്റും സ്വലാത്തും ചൊല്ലി ഇരിക്കുക എന്നാണ് അതുകൊണ്ട് ഉദ്ദേശിക്കു ന്നത് എന്നാണ് പലരും മനസ്സി ലാക്കി വെച്ചത്. എന്നാൽ ഒരു ജോലിയും ചെയ്യാതെ ദിക്റും സ്വലാത്തും ചൊല്ലിയിരിക്കുക എന്ന സിദ്ധാന്തം പുരോഹിതരുടെ ഉദരപൂരണത്തിനു ഉണ്ടാക്കി വെച്ചതാണ്. മനുഷ്യർ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോഴാണ് ദൈവിക ബോധം ഉണ്ടാവേണ്ടത്; അല്ലാതെ ഉറങ്ങിക്കിടക്കുമ്പോഴല്ല. ദൈവ ത്തെ ഓർക്കേണ്ടത് അവന്റെ ഇസ്മ് അഥവാ സ്വഭാവവിശേഷണങ്ങ ളുടെ അടിസ്ഥാനത്തിലാണെന്ന് ഖുർആൻ പഠിപ്പിക്കുന്നു. ഖുർആൻ പറയുന്നത് കാണുക:

‘‘തീർച്ചയായും പരിശുദ്ധി നേടുകയും തന്റെ രക്ഷിതാവിന്റെ നാമം സ്മരിക്കുകയും അപ്രകാരം സ്വലാത്ത് ചെയ്യുകയും ചെയ്തവർ വിജയിച്ചിരിക്കുന്നു.” (87:14, 15)

ഇവിടെ രക്ഷിതാവിന്റെ നാമം എന്നു പറഞ്ഞാൽ അല്ലാഹുവിന്റെ എല്ലാവിധ നാമങ്ങളും (അസ്മാ-ഉൽ ഹുസ്ന) അഥവാ സ്വഭാവ വിശേഷണങ്ങളും ഓർക്കുക എന്നാണ് മനസ്സിലാക്കേണ്ടത്. ഉദാഹരണമായി ഒരു വ്യക്തി വണ്ടി യിടിച്ച് റോഡിൽ ചോരയിൽ ക്കുളിച്ച് കിടക്കുകയാണെങ്കിൽ അത് കാണുന്ന നമുക്ക് കാരുണ്യ വാനായ ദൈവത്തെപ്പറ്റിയുള്ള ബോധം അഥവാ കാരുണ്യ ബോധം ഉണ്ടായിരിക്കണം. അങ്ങനെയാവുമ്പോൾ നാം

**അല്ലാഹു എന്നത് അറബികൾ ദൈവത്തെ വിളിക്കുന്ന പേര് മാത്ര മാണ്. ദൈവം, ഈശ്വരൻ, യഹോവ, ഗോഡ് എന്നൊ ക്കെ പറയുംപോലെ. എന്നാൽ അത്തരം കേവ ല പദങ്ങളിൽ ദൈവത്തെ ഒതുക്കാൻ പറ്റില്ല. അഥ വാ കേവലം ചില പദങ്ങ ളോ വിശേഷണങ്ങളോ കൊണ്ട് അല്ലാഹുവിനെ (ഈശ്വരനെ) അറിയുവാ നോ മനസ്സിലാക്കുവാനോ സാധിക്കില്ല**

കാരുണ്യ ബോധത്തോടെ അയാളെ ആസ്പത്രിയിലെത്തിക്കുവാനും ശുശ്രൂഷിക്കുവാനുമുള്ള ഉത്തര വാദിത്തം സ്വയം ഏറ്റെടുത്ത് നിർവഹിക്കുകയും അതിൽ സന്തോഷം കണ്ടെത്തുകയും ചെയ്യുന്നു. അതുപോലെ രണ്ട് കക്ഷികൾ തമ്മിലുള്ള തർക്കത്തിൽ ഇടപെടുകയാണെങ്കിൽ നീതി മാനായ അല്ലാഹുവിനെപ്പറ്റിയുള്ള ബോധം അഥവാ നീതി ബോധം ഉണ്ടെങ്കിൽ നമുക്ക് നീതിക്കും ന്യായത്തിനും വേണ്ടി നില കൊള്ളു വാൻ സാധിക്കും. ഇപ്രകാരം നല്ല മൂല്യങ്ങൾ അഥവാ സ്വഭാവ വിശേഷണങ്ങളെപ്പറ്റിയുള്ള ബോധം നിലനിർത്തി ഉത്തര വാദിത്തങ്ങൾ ഏറ്റെടുത്ത് നിർവഹിക്കുന്ന തിനെയാണ് അല്ലാഹുവിന്റെ നാമ ത്തെ ഓർക്കുക (ദിക്ർ ഇസ്മി റബ്ബിഹീ) എന്ന് പറയുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ⊖



# ജൂതരുടെ ധാർമികത

അബ്ദുൽ സലാം വട്ടപ്പാറ

ഭൗതിക നേട്ടങ്ങൾ എമ്പാടുമുണ്ടാക്കിയവരാണ് ഭൂമിയിൽ നല്ലവരെന്ന വഴിവിട്ട ചിന്ത പലരിലുമുണ്ട്.

ളുരിബത്ത് അലൈഹിമുദ്ദില്ലത്തു വൽ മസ്കനത്തു വ ബാഊ ബി ഹളബിൻ മിനല്ലാഹ് എന്ന് ഖുർആനിൽ പലയിടത്തും പറഞ്ഞത് ജൂതരെപ്പറ്റി ത്തന്നെയാണ്. 18, 19 നൂറ്റാണ്ടുകളിലിറങ്ങിയ പല ഇംഗ്ലീഷ് കൃതികളിലും ജൂതരെക്കുറിച്ച് വിവരിക്കുന്നത് വൃത്തികെട്ടവരും വളഞ്ഞുനിൽക്കുന്നവരും മറ്റുമായാണ്. ഉദാഹരണം സ്കാർലറ്റ് പിം പേർണൽ എന്ന നോവൽ ഷൈലോക്ക് എന്ന ജൂതനെ അവതരിപ്പിക്കുന്നത് പലിശക്കാരനായാണ്. മസ്കനത്തിനും ദില്ലത്തിനും കാരണവും ഖുർആൻ പറയുന്നു.

അല്ലാഹുവിന്റെ ആയത്തുകളെ കളവാക്കിയതു കൊണ്ടും ദൈവദൂതന്മാരെ നിരന്തരം കൊന്നതു കൊണ്ടുമാണിത് വന്നുകൂടിയത് എന്ന് ഖുർആൻ പറയുന്നു. അവർക്കെതിരെയാണ് എല്ലാ ശബ്ദവും എന്നവർ കണക്കു കൂട്ടുന്നു.

ഈ സന്ദർഭങ്ങളിലൊന്നും ജൂതരുടെ ഭൗതിക നേട്ടങ്ങളെ എണ്ണിയെണ്ണി അവക്കെല്ലാം പുരസ്കാരങ്ങൾ കൊടുക്കുകയല്ല അല്ലാഹു ചെയ്തത്. ഹേ ബനൂ ഇസ്രാഈല്യരേ, നാം നൽകിയ അനുഗ്രഹങ്ങളെ നിങ്ങൾ ഓർക്കുക എന്നും തീർച്ചയായും നാം മറ്റു ലോകജനതക്ക് നൽകാത്ത ഫള്ലുകൾ നിങ്ങൾക്ക് നൽകിയിരിക്കുന്നു എന്നും ഖുർആൻ പറയുന്നു. അനുഗ്രഹങ്ങൾ എന്നത് ശാസ്ത്രീയ നേട്ടങ്ങളിലുള്ള കഴിവുകൾ എന്ന് സമ്മതിക്കാം. പക്ഷേ ഈ നേട്ടങ്ങളൊന്നും അവരെ ധാർമിക ബോധ മുള്ളവരാക്കിയില്ല; അക്കാലത്തും ഇക്കാലത്തും. എങ്ങനെയെന്ന് താഴെ വിവരിക്കുന്നു.

യഹ്സബൂന കുല്ല സയ്ഹത്തൻ അലൈഹിം എന്നതിനെ അരക്കിട്ടുറപ്പിക്കുന്ന വിധമാണ് അവർ ഒരു പടക്കം ശരിക്ക് പൊട്ടിക്കാൻ അറിയാത്ത അറബ് നാടുകളുടെ നടുവിൽ നൂറുകണക്കിന് അണ്വായുധ ങ്ങളുമായി വൃഥാ നിലയുറപ്പിച്ചിരിക്കുന്നത്. എല്ലാ ശബ്ദവും അവർക്കെതിരെ എന്ന് വൃഥാ വിശ്വസിക്കുന്നു. ദൈവത്തിന്റെ മുൻകാഴ്ച നോക്കൂ. അവർ ഇന്നും ആ കണക്കുകൂട്ടലുകാർ തന്നെ.

ലോകബാങ്കുകളിലുള്ള പണത്തിൽ നല്ലൊരു ശതമാനവും ജൂതരുടേതാണ്. ഇത് അവരുടെ കഴിവിനെയല്ലേ കാട്ടുന്നതെന്ന് വായനക്കാർ

**റഷ്യയിൽ നിന്ന് വന്ന ജൂത മുനാഫിഖുകളായ ബുഖാരിയെയും മുസ്ലിമിനെയും മൗലവി ചേകന്നൂർ വരച്ചുകാട്ടിയത് വായനക്കാർ ഓർക്കുമല്ലോ. ഖുർആനിൽ ജൂതരെ ക്കുറിച്ച് വന്ന പരാമർശങ്ങൾ ഇക്കാലത്തും അന്വർഥമാകുന്നു എന്ന് മൗലവിക്ക് ശരിക്കും ബോധ്യമുണ്ടായിരുന്നു.**

ചിന്തിച്ചേക്കാം. കുടില വഴികളിൽ കൂടിയുണ്ടാക്കിയവയാണ് അവ. അത് നല്ല കാശല്ല.

ജൂത രാഷ്ട്രമായ ഇസ്രാഈലിലെ ചാരസംഘടനയാണ് മൊസാദ്. ഇഷ്ടമില്ലാത്തവരെ കൊന്നു കളയുക അവരുടെ പതിവാണ്. അടുത്ത കാലത്താണ് അബൂദാബിയിൽ ഒരു ഹമാസ് നേതാവിനെ ഈ സംഘടനാംഗങ്ങൾ കള്ള പാസ്പോർട്ടുണ്ടാക്കി വന്ന് കൊന്നുകളഞ്ഞത്. ആയിരക്കണക്കിന് ഫലസ്തീൻ മക്കളെ ആയുധങ്ങൾ കൊണ്ട് വകവരുത്തിയിരിക്കുന്നു ഇസ്രാഈൽ.

ലോകത്ത് ഏറ്റവും കൂടുതൽ പോർണോഗ്രഫി ചിത്രങ്ങൾ നിർമിക്കപ്പെടുന്നത് ഇസ്രാഈലിലാണെന്നാണ് റിപ്പോർട്ട്. എല്ലാ തരം കുത്തിത്തിരിപ്പുകളുടെയും റിസർച്ചും ഈ നാട്ടിൽ നടക്കുന്നു.

റഷ്യയിൽ നിന്ന് വന്ന ജൂത മുനാഫിഖുകളായ ബുഖാരിയെയും മുസ്ലിമിനെയും മൗലവി ചേകന്നൂർ നന്നായി വരച്ചുകാട്ടിയത് വായനക്കാർ ഓർക്കുമല്ലോ. ഖുർആനിൽ ജൂതരെക്കുറിച്ച് വന്ന പരാമർശങ്ങൾ ഇക്കാലത്തും അന്വർഥമാകുന്നു എന്ന് മൗലവിക്ക് ശരിക്കും ബോധ്യമുണ്ടായിരുന്നു.

ജൂതർ വളരെക്കാലം കഷ്ടപ്പെട്ട് ലോകത്ത് അലഞ്ഞു കഴിഞ്ഞുകൂടി എന്ന സിമ്പതിയുടെ അളവുകോൽ വെച്ചല്ല നാം അവരെ വിലയിരുത്തേണ്ടത്. 1948ൽ അമേരിക്കയും ബ്രിട്ടനും മറ്റു ചില രാജ്യങ്ങളും ചേർന്നാണ് ഇസ്രാഈൽ എന്ന രാജ്യത്തിന് ബീജാവാപം നൽകിയത്. അറബികൾക്ക് അത് തലവേദനയായി. അന്ന് മുതൽ മധ്യ പൗരസ്ത്യ ദേശത്തിന് സമാധാനമുണ്ടായിട്ടില്ല. അമേരിക്കയും കൂടെച്ചേർന്ന് ഈജിപ്തിനെ ഒന്നുമല്ലാതാക്കി. ഗാസയിൽ ഇടതടവില്ലാതെ ബോംബ് വർഷിക്കുന്നു. ഇതിനെല്ലാമാണോ പുരസ്കാരം കൊടുക്കേണ്ടത്? ചിന്തിക്കേണ്ട വിഷയമാണ്. കാര്യങ്ങൾ വിലയിരുത്തുമ്പോൾ ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക. മറ്റു മാനദണ്ഡങ്ങൾ അരുത്. നാം സത്യത്തിൽ നിന്ന് പിറകോട്ട് പോകരുത്.

⊖

## ചേലാകർമം...

(പേജ് 34 ൽ നിന്ന് തുടർച്ച)

1975ലെ പോളിസി യിൽ കനേഡിയൻ പീഡിയാട്രിക് സൊസൈറ്റി ഉറച്ചു നിൽക്കുകയും ചെയ്തു. 1986ൽ NOCIRC (National Organisation of Circumcision Information Resourse Centre) സ്ഥാപിതമായി. ചേലാകർമത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ച് രക്ഷിതാക്കൾക്കും ഡോക്ടർമാർക്കും വ്യക്തമായ വിവരം നൽകുക, നവജാത ശിശുക്കളുടെ അവകാശത്തെക്കുറിച്ച് മാതാപിതാക്കളെയും സമൂഹത്തെയും ബോധവൽക്കരിക്കുക, പോയകാലത്ത് വൈദ്യശാസ്ത്രത്തിന് പറ്റിയ അബദ്ധങ്ങളിലേക്ക് ശ്രദ്ധതിരിക്കുക എന്നിങ്ങനെയുള്ള പ്രഖ്യാപിത ലക്ഷ്യങ്ങളോടെയാണ് NOCIRഇ രൂപം കൊണ്ടത്. ചേലാകർമത്തിന്റെ അനാവശ്യകതയെക്കുറിച്ച് ബോധമുളവാക്കാനും ജനനേന്ദ്രിയത്തെ അതിന്റെ പൂർണരൂപത്തിൽ നിലനിർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അറിയിക്കാനും പ്രൊഫ. ജോർജ് സി. ഡനിസ്റ്റൻ doctorsopposingcircumcision (DOC) എന്ന വെബ്സൈറ്റിന് രൂപം നൽകി. ഇന്റർനെറ്റിന്റെ അനായാസവും അനന്തവുമായ സാധ്യതകൾ കാരണം അമേരിക്ക, ഇംഗ്ലണ്ട്, കാനഡ, ജർമനി, ഫ്രാൻസ്, സ്വീഡൻ, ആസ്ത്രേലിയ തുടങ്ങിയ നിരവധി രാജ്യങ്ങളിൽ ചേലാകർമത്തിനെതിരെ ഡോക്ടർമാരും മാതാപിതാക്കളും അതിവേഗം ശക്തിയായി പ്രതികരിച്ചു തുടങ്ങി.

ഡോക്ടർമാർക്കും പൊതു ജനത്തിനും ചേലാകർമത്തെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ നൽകാൻ ലോകാടിസ്ഥാനത്തിൽ 1995ൽ Circumcision Information Resource Pages (CIRP) സ്ഥാപിതമായി. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി അമേരിക്കയിൽ കുട്ടികളിലെ ചേലാകർമ നിരക്ക് 60% വരെ കുറഞ്ഞു. ആസ്ത്രേലിയയിൽ അത് 10% വരെ കുറഞ്ഞതായി Australian College of Paediatrics (ACP) അവകാശപ്പെടുന്നു. American Academy of Paediatrics (AAP), National Health Services of England, കനേഡിയൻ പീഡിയാട്രിക് സൊസൈറ്റി, American College of Obstetricians & Gynacologists (ACOG) തുടങ്ങിയ ലോകപ്രശസ്തമായ മെഡിക്കൽ സംഘടനകൾ ചേലാകർമം അനാവശ്യമാണെന്ന് പ്രഖ്യാപിച്ച് അവരുടെ പ്രസിദ്ധീകരണങ്ങളിലൂടെയും വെബ്സൈറ്റുകളിലൂടെയും ഇടക്കിടക്ക് ഡോക്ടർമാരെയും രക്ഷിതാക്കളെയും ബോധവൽക്കരിച്ചുകൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ ഇന്ന് ദേശീയവും അന്തർദേശീയവുമായ ഒറ്റ മെഡിക്കൽ സംഘടനയും ചേലാകർമത്തെ അനുകൂലിക്കുന്നില്ല. ഈ കൊച്ചു കേരളമടക്കം ഇന്ത്യയിലും ചേലാകർമത്തിനെതിരെ ശക്തമായ ജനകീയ മുന്നേറ്റമുണ്ടാകും എന്ന് നമുക്ക് പ്രത്യാശിക്കാം.

*(അവസാനിക്കുന്നില്ല)*



അനാഥസംരക്ഷണവും
അനാഥാലയ നടത്തിപ്പും 4

# അനാഥരുടെ വിവാഹം

മുഹമ്മദ് കുരിക്കൾ കരടിപ്പാറ

രളത്തിലെ ചില പിന്നാക്ക ജാതികളിലെ പ്രശ്നക്കാരായവർ കാളയിറച്ചി തിന്നാനും ഇഷ്ടം പോലെ വിവാഹം കഴിക്കാനും 'പരലോകത്തൊഴിലാളി യൂനിയനിൽ' ചേർന്നു. പണിയൊന്നും ചെയ്യാതെ വെറുതെയിരുന്ന് ശാപ്പാടടിച്ച് സുഖിക്കുന്നതിന് അക്കാലത്ത് പല യുവാക്കളും സുന്നീ മതത്തിൽ ചേക്കേറി. പൊന്നാനിയിലെ മഊനത്തുൽ ഇസ്ലാം സഭയിലും കോഴിക്കോട്ടെ തർബിയത്തുൽ ഇസ്ലാം സംഘത്തിലും പോയി ശഹാദത്ത് ചൊല്ലി അവർ മുആവിയയുടെ അനുയായികളായി. വിശുദ്ധ ഖുർആനിലെ നിയമാവലിയുമായി പുലബന്ധമില്ലാത്ത നവമുസ്ലിംകൾ വിവാഹങ്ങൾ നടത്തിക്കൊണ്ടിരുന്നു. വിവാഹത്തോടൊപ്പം വിവാഹ മോചനവും മുറക്ക് നടന്നു. മറ്റു മേഖലകളെല്ലാം ഉപേക്ഷിച്ച് വിവാഹവും വിവാഹ മോചനവും നടത്താൻ സദാ ജാകരൂകരായ മത നേതൃത്വം എപ്പോഴും സുന്നി പള്ളികൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുകൊണ്ടിരുന്നു. സ്ത്രീധനവും സ്വർണാഭരണങ്ങളും നൽകാൻ കഴിയാത്ത യുവതികളെ ലക്ഷ്യമിട്ടാണ് വിവാഹത്തട്ടിപ്പുകൾ അരങ്ങേറിയത്. ഒന്നോ രണ്ടോ കുട്ടികളാവുമ്പോൾ ഉപേക്ഷിച്ച് മുങ്ങുകയും മറ്റേതെങ്കിലും പ്രദേശത്ത് പൊങ്ങി അവിടെയും വിവാഹം കഴിക്കുകയും ചെയ്ത് അഗതികളായ കുട്ടികളെ വാർത്തെടുക്കുന്നതിൽ വിവാഹത്തട്ടിപ്പ് വീരന്മാർ സമുദായത്തിന് 'സേവനം' ചെയ്തു കൊണ്ടിരുന്നു. തട്ടിപ്പ് വീരന്മാരെ പിടികൂടി പോലീസിന് കൈമാറിയത് പലപ്പോഴും മത നേതൃത്വങ്ങൾക്ക് കണ്ണിലെ കരടായ രാഷ്ട്രീയ പ്രവർത്തകരായിരുന്നു. പോലീസിൽ ഹാജരാക്കുന്ന കുറ്റവാളികളെ ഒന്ന് വിരട്ടിയ ശേഷം പറഞ്ഞുവിടാറാണ് പതിവ്. കാരണം നാല് പെണ്ണ് വരെ കെട്ടൽ അനുവദനീയമാണെന്ന് വിശ്വസിക്കുന്ന സമുദായാംഗങ്ങളുടെ പേരിൽ ഏത് വകുപ്പുകൾ ചേർത്താണ് കേസ് ചാർജ് ചെയ്യുക? പല വിധവകൾക്കും കുട്ടികൾക്കും ചെലവിന് കിട്ടാൻ കോടതിയിൽ പോയതും സഹായിച്ചതും രാഷ്ട്രീയക്കാരും പൊതുപ്രവർത്തകരുമായിരുന്നു.

ലക്ഷക്കണക്കിന് യുവതികളാണ് മുസ്ലിം സമുദായത്തിൽ വിവാഹത്തട്ടിപ്പിനിരയായത്. രണ്ടും മൂന്നും കുട്ടികളുള്ള യുവതികൾ. പല കുടുംബങ്ങളിലെയും പെൺകുട്ടികളെ വിവാഹം കഴിച്ചയക്കാൻ നേതൃത്വം നൽകുന്ന പള്ളിക്കമ്മിറ്റി ഭാരവാഹികളും മഹല്ല് ഖാസിമാരും കല്യാണ വീട്ടിൽ പോയി നെയ്ചോറും കോഴിയും കഴിച്ചവരാണ്; നിക്കാഹിന് വൻ തുക ഫീസ് വാങ്ങിയവരാണ്. എന്നിട്ടും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവരുടെ കാര്യത്തിന് ഖാസിമാർ പോലീസ് സ്റ്റേഷനിലോ കോടതിയിലോ കയറുന്നില്ല. വയനാട് ജില്ലയിലെ പൊഴുതന എന്ന സ്ഥലത്ത് മാത്രം എഴുന്നൂറിൽപ്പരം വിധവകളുണ്ട്. വിവാഹത്തട്ടിപ്പിന്നിരയായ ഇവരിൽ ഭൂരിഭാഗവും സുന്നീ മതത്തിൽപ്പെട്ടവരാണ്. വിധവകളുടെ കണക്കെടുപ്പ് നടത്തുന്ന സംഘടനകൾ നൽകുന്ന റിപ്പോർട്ടുകൾ മനുഷ്യ മനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്നവയാണ്.

കേരളത്തിലെ പല യതീംഖാ

നകളിലും നടക്കുന്ന സമൂഹ വിവാഹം നല്ല കാര്യം തന്നെ. എന്നാൽ ചില മത പണ്ഡിതരും പൊങ്ങച്ചക്കാരായ പണക്കാരും കൂടി തീരുമാനിക്കുന്നതാണോ സൽക്കർമങ്ങൾ? ആലംബഹീനരായ യുവതികളുടെ സമൂഹ വിവാഹത്തിന് നാടുനീളെ പരസ്യങ്ങളും പിരിവുകളും നടത്തിയാൽ അല്ലാഹു പ്രതിഫലം നൽകുമോ? നമുക്ക് പ്രാർഥിച്ചു നോക്കാം.

നബി തിരുമേനി ചൂണ്ടുവിരലും നടുവിരലും അകത്തിപ്പിടിച്ച് ഇപ്രകാരം പറഞ്ഞുവത്രെ: "ഞാനും യതീമുകളെ സംരക്ഷിക്കുന്നവരും സ്വർഗത്തിൽ ഇപ്രകാരമായിരിക്കും." അതായത് ചൂണ്ടുവിരലും നടുവിരലും തമ്മിൽ എത്രമാത്രം അകലമുണ്ടോ അതിൽ കൂടുതൽ നബിയിൽ നിന്ന് അകലത്തിലല്ല എന്നർഥം. സുന്നത്ത് ജമാഅത്തിലെ പണ്ഡിതർ മഹല്ലുകൾ തോറും പാതിരാ പ്രസംഗത്തിൽ ചേർക്കുന്ന നബി പറയാത്ത നബിവചനമാണിത്. എത്ര മനോഹരമായ വചനം! ഒരു വിശ്വാസിയെ സംബന്ധിച്ച് ജീവിതത്തിൽ ഇതിൽക്കൂടുതൽ എന്ത് സന്തോഷമാണുള്ളത്? സ്വർഗപ്പൂങ്കാവനത്തിൽ പ്രവാചകന്റെ കൂടെ തൊട്ടുരുമ്മി ജീവിക്കാൻ അവസരം ലഭിക്കുന്നതിന് യതീംഖാനകളിലേക്ക് സംഭാവന ചെയ്യുക - ഇതാണ് മേൽ ഹദീസ് കൊണ്ട് സമുദായം മനസ്സിലാക്കിയത്.

അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞ കൽപന എന്താണ് എന്ന് പരിശോധിച്ച് നോക്കുന്നത് ഈ സന്ദർഭത്തിൽ അനിവാര്യമായിത്തീരുന്നു. നാം കഷ്ടപ്പെട്ട് സമ്പാദിക്കുന്ന ധനം വിനിയോഗിക്കേണ്ടത് ഏതെല്ലാം വിധത്തിലാണെന്ന് അല്ലാഹുവിന്റെ ഗ്രന്ഥമായ ഖുർആനിൽ പറയുന്നുണ്ടെന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. സകാത്ത് എന്നാൽ അരിയും പണവും മറ്റു വിഭവങ്ങളും മാത്രമല്ല എന്ന സത്യം ആദ്യം അറിയേണ്ടതുണ്ട്. നിങ്ങൾക്ക് നൽകിയതിൽ നിന്ന് ചെലവഴിക്കുക; അത് ദൈവിക മാർഗത്തിലായിരിക്കുക - ഇതാണ് നബി തിരുമേനിക്ക് ഫുർഖാനുൽ അളീം എന്ന സത്യാസത്യ വിവേചന ഗ്രന്ഥത്തിലൂടെ അല്ലാഹു അവതരിപ്പിച്ചത്. സൂറഃ തൗബയിലെ അറുപതാമത്തെ വചനം ഇപ്രകാരമാകുന്നു:

നിശ്ചയം, ദാനം നൽകേണ്ടത് ദരിദ്രർക്കും അഗതികൾക്കും ടാക്സ് ജീവനക്കാർക്കും ദൈവിക മാർഗത്തിൽ മനസ്സ് രഞ്ജിപ്പിച്ചവർക്കും അടിമകളുടെ മോചനത്തിനും കടം കൊണ്ട് വിഷമിക്കുന്നവർക്കും ദൈവിക മാർഗത്തിൽ സമരം ചെയ്യുന്നവർക്കും വഴിപോക്കന്നും മാത്രമാണ്. അല്ലാഹു നിർബന്ധമാക്കിയ നിയമമത്രെ ഇത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു. ഇസ്‌ലാമിൽ സമ്പത്ത് വിനിയോഗിക്കേണ്ടത് എട്ട് വിഭാഗത്തിലാണെന്ന് നമുക്ക് ബോധ്യമായി. ഇനി ആരെല്ലാമാണ് ഇത് നൽകേണ്ടത്, ആർക്കെല്ലാമാണ് നൽകേണ്ടത് എന്ന് തീരുമാനിക്കാൻ അല്ലാഹുവും റസൂലും ആരെയാണ് ചുമതലപ്പെടുത്തിയത് എന്ന് നോക്കാം. നമസ്കാരത്തിന്റെ സമയവും നിർവഹിക്കേണ്ട രീതിയും എണ്ണവും 11:114ൽ കണക്കനുസരിച്ച് പറഞ്ഞു. നോമ്പെടുക്കേണ്ടത് ആരെല്ലാം, എപ്പോൾ, എത്ര സമയം, എത്ര ദിവസം എന്നതും കണക്കുദ്ധരിച്ച് 2:183ൽ അല്ലാഹു പറഞ്ഞു. ഹജ്ജ് എത്ര ദിവസമാണെന്നും ഏത് രൂപത്തിലായിരിക്കണമെന്നും ഏത് മാസമാണെന്നും കണക്കുകളുദ്ധരിച്ച് പറഞ്ഞു. (2:196) എന്നാൽ സകാത്ത് ആരെല്ലാം നിർവഹിക്കണം, അതിന്റെ കണക്കുകൾ എത്ര എന്നൊന്നും അല്ലാഹു പറഞ്ഞില്ല. അതിനുള്ള ഉത്തരം ആവശ്യമനുസരിച്ച് എന്ന് മാത്രം. ഇതേക്കുറിച്ച് പി.കെ.എം അബുൽ ഹസ്സൻ (വിശ്വ ഖുർആൻ പണ്ഡിതനായ ചേകന്നൂർ മൗലവി) വളരെ വിശദമായി അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

മുസ്‌ലിംകൾ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ആരെയാണ് മാതൃകയാക്കേണ്ടത് എന്നതാണ് നമ്മുടെ മുന്നിലുള്ള പ്രധാന വിഷയം. ഖുർആൻ സുന്നത്തിന്റെ പ്രവർത്തകർ പറയുന്നത് അല്ലാഹുവിന്റെ കൽപനകൾ ശിരസ്സാവഹിച്ച് മാതൃകാ ജീവിതം ലോകത്തിന് കാട്ടിത്തന്ന മുഹമ്മദ് നബി മുതൽ പിറകോട്ടുള്ള ലോകത്തെ എല്ലാ നബിമാരുടെയും ജീവിതമാണ് മാതൃകയാക്കേണ്ടത് എന്നാണ്. സുന്നത്ത് ജമാഅത്തുകാർക്ക് മേൽപ്പറഞ്ഞ അഭിപ്രായമുണ്ടെങ്കിൽ പുനഃപരിശോധനക്ക് വിധേയമാവണം എന്നാണ് അപേക്ഷിക്കാനുള്ളത്. അല്ലാഹു പറയുന്നത് നോക്കുക: "അല്ലാഹുവിനെയും അവന്റെ റസൂലിനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക.'' അതുപോലെ മറ്റൊരു വചനത്തിൽ ഖുർആൻ ഇപ്രകാരം കൽപിക്കുന്നു: ''നിങ്ങൾ പൂർണമായും ശാന്തിമാർഗത്തിലേക്ക് (ഇസ്‌ലാമിലേക്ക്) പ്രവേശിക്കുക." മേൽ സൂചിപ്പിച്ച രണ്ട് കൽപനാവചനങ്ങളും അനുസരിക്കാൻ ഓരോ സത്യവിശ്വാസിയും ബാധ്യസ്ഥനാണ്.

സമൂഹത്തിൽ മേൽ പറയപ്പെട്ട വിഭാഗങ്ങൾ എല്ലാ മതസ്ഥരിലുമുണ്ട് എന്ന നമുക്കറിയാം. ഖുർആൻ എന്ന ദൈവിക ഗ്രന്ഥം ലോകാവസാനം വരെ ഒരു പോറലുമേൽക്കാതെ നിലനിൽക്കുക തന്നെ ചെയ്യുമെന്നതിൽ സംശയമില്ല. അങ്ങനെ വരുമ്പോൾ ഖുർആൻ നിർബന്ധ ദാനം നൽകാൻ നമ്മോട് കൽപിച്ച എട്ട് വിഭാഗം ജനവും എല്ലാ കാലത്തും സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കും. അങ്ങനെ സംഭവിച്ചില്ലെങ്കിൽ ഖുർആന് പ്രസക്തിയില്ലാതെ വരും എന്നും നാം മനസ്സിലാക്കേണ്ടതുണ്ട്. നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെ അനുസരിക്കുക എന്നതു കൊണ്ടുള്ള വിവക്ഷ നാം അധിവസിക്കുന്ന രാജ്യത്തിലെ കാര്യനിർവഹണത്തെയും നീതിനിർവഹണത്തെയും ഭരണകർത്താക്കളെയും അനുസരിക്കുക എന്നത് തന്നെയാകുന്നു. ജനത്തിൽ നിന്ന് പിരിച്ചെടുക്കുന്ന നികുതിയും പ്രായശ്ചിത്തം ചെയ്യുന്നതുൾപ്പെടെയുള്ള (പിഴയൊടുക്കൽ) ധനവും പൊതുഖജനാവിലേക്ക് നിക്ഷേപിക്കപ്പെടുന്നു. ആസ്പത്രി നടത്തിപ്പ്, ധാന്യ വിതരണം, ഭരണ നിർവഹണ രംഗത്ത് ജോലി ചെയ്യുന്നവർക്ക്



ഉപജീവനത്തിനുള്ള ശമ്പളം, കുടിവെള്ള പദ്ധതി, റോഡ്, അണക്കെട്ട്, ദുരിതാശ്വാസ പ്രവർത്തനം, വിധവാ പെൻഷൻ, അനാഥർക്കുള്ള ഗ്രാന്റ്, വാർധക്യ പെൻഷൻ, ഭവന നിർമാണം, കൃഷി, വ്യവസായം, മനുഷ്യ ജീവിതത്തിന് ഭാവിയിലേക്കുള്ള പുരോഗതിക്ക് വേണ്ടിയുള്ള കണ്ടുപിടിത്തങ്ങൾ തുടങ്ങി ഗവർമെന്റുകൾ ചെലവഴിക്കുന്നതെല്ലാം ദൈവിക മാർഗത്തിൽ തന്നെയാണെന്ന പരമമായ സത്യത്തെ നാം അംഗീകരിക്കേണ്ടതുണ്ട്. നിർഭാഗ്യവശാൽ പലരും ധരിച്ചിരിക്കുന്നത് മറ്റൊരു തരത്തിലാണ്. പ്രത്യേകിച്ചും ഭൂരിപക്ഷം വരുന്ന ഹദീസ് മതക്കാരുടെ വിശ്വാസം വികലമായതാണ്. സുന്നികൾ ദാനധർമങ്ങൾ രണ്ട് വർഷം മുമ്പ് വരെ മുസ്‌ലിം സമുദായത്തിൽപ്പെട്ടവർക്ക് മാത്രമായിരുന്നുവല്ലോ നൽകിപ്പോന്നത്. ഇപ്പോഴും കാര്യമായ മാറ്റം ഈ വിഭാഗത്തിന് വന്നിട്ടില്ല. പുരോഹിതർ അതിന് അനുവദിക്കുന്ന മട്ടുമില്ല. ബലിയറുക്കപ്പെടുന്ന മൃഗങ്ങളുടെ മാംസ വിതരണം, ചെറിയ പെരുന്നാളിന്റെ അരി വിതരണം, റമസാനിലെ നോമ്പു തുറ തുടങ്ങിയവയിലൊന്നും മറ്റു മതസ്ഥരുടെ പങ്കാളിത്തമില്ല.

സർക്കാറിലേക്ക് അടക്കേണ്ട നികുതി കള്ളക്കണക്കുകൾ കാട്ടാതെ കൃത്യമായിക്കൊടുത്ത് രസീറ്റ് വാങ്ങിയാൽ നമ്മുടെ സകാത്തിന്റെ ബാധ്യതയാണ് തീരുന്നത്. വീണ്ടും വീണ്ടും നമുക്ക് ആലംബഹീനരെ സഹായിക്കാൻ സാധിക്കും. അല്ലാഹുവിൽ നിന്നുള്ള പ്രതിഫലവും വർധിച്ചു കൊണ്ടിരിക്കും. അതുകൊണ്ടാണ് ധനം കൊടുക്കേണ്ട കണക്കുകൾ ഖുർആനിലൂടെ കൽപിക്കാതിരുന്നത്. ഏത് മതസ്ഥരിലായാലും നികുതി വെട്ടിപ്പും പൂഴ്ത്തിവെപ്പും നടത്തുന്ന, അവിഹിതമാർഗത്തിൽ ധനം സമാഹരിച്ച് സ്വന്തം സമുദായത്തിലുള്ള ചില തൽപര കക്ഷികളെ വഴിവിട്ട് സഹായിക്കുന്ന വ്യക്തികൾ വർധിച്ചു വരുന്നു എന്നത് ഖേദകരംതന്നെ. സർക്കാറിലേക്ക് ഒടുക്കാനുള്ള നികുതിപ്പണം സകാത്താണ്. അത് ജീവിത മാർഗം തടയപ്പെട്ടവരുടെ അവകാശമാണ്. അതിൽ വെട്ടിപ്പ് നടത്തുന്നവർ ആരായാലും അവരുടെ നമസ്കാരമോ നോമ്പോ മറ്റു പൂജകളോ ദൈവം സ്വീകരിക്കില്ല.

പെൺകുട്ടികളുടെ ഓർഫനേജുകളിലെ പഠനം പൂർത്തിയായാൽ അവരെ വിവാഹം ചെയ്യാൻ താൽപര്യമുള്ള മുസ്‌ലിം യുവാക്കൾക്ക് നിക്കാഹ് ചെയ്തു കൊടുക്കുന്നുണ്ട്. ഇത്തരമൊരു ത്യാഗത്തിന് യതീംഖാനാ ഭാരവാഹികളെ പ്രേരിപ്പിക്കുന്ന ചേതോവികാരം കേരളത്തിലെ സുന്നത്ത് ജമാഅത്തുകാരെ പിടികൂടിയ സ്ത്രീധനം എന്ന ദുരാചാരം തന്നെ. അതല്ല കാരണം എന്നാണ് മത നേതൃത്വത്തിന്റെ വാദമെങ്കിൽ പിന്നെന്തിന് എന്ന ചോദ്യം വീണ്ടുമുയരുന്നു. അനാഥശാലകളിൽ നിന്ന് പഠനം പൂർത്തിയാക്കി അകന്ന ബന്ധുക്കളുടെയോ മറ്റോ ഭവനങ്ങളിലേക്ക് മടങ്ങുന്ന പെൺകുട്ടികളുടെ കല്യാണക്കാര്യത്തിൽ എന്താണിത്ര താൽപര്യം? അവരെ അവരുടെ പാട്ടിന് വിടുന്നതല്ലേ അഭികാമ്യം? അനാഥാലയത്തിൽ നിന്ന് പുറത്തിറങ്ങുമ്പോഴേക്ക് അവർ പരപുരുഷന്മാരോടൊപ്പം ഒളിച്ചോടുമെന്നാണോ? അതോ ആരെങ്കിലും റാഞ്ചിക്കൊണ്ട് പോകുമോ? അവരവർക്ക് ഇഷ്ടപ്പെടുന്ന ജീവിത പങ്കാളിയെ തെരഞ്ഞെടുക്കാനുള്ള വിവേകം കൈവരിക്കാൻ പറ്റാത്ത വിധമുള്ള വിദ്യാഭ്യാസമായിരുന്നുവോ അനാഥമന്ദിരങ്ങളിൽ നിന്ന് നൽകിയത് എന്ന ചോദ്യം അവശേഷിക്കുന്നു.

കല്യാണക്കാര്യത്തിൽ ചില ഉലമാക്കളുടെയും ഉമറാക്കളുടെയും അമിത താൽപര്യമാണ് മുസ്‌ലിംകൾക്കിടയിൽ ഇത്രയധികം വിധവകളും അഗതികളുമുണ്ടാവാൻ കാരണമായത്. പിൻതലമുറക്കാരായ യുവ സുന്നി പ്രവർത്തകരുടെ ശ്രദ്ധ അര നൂറ്റാണ്ട് പിറകിലേക്ക് ക്ഷണിക്കുകയാണ്. കേൾക്കാത്ത; മനസ്സിലാക്കാത്ത; കാണാത്ത; വായിക്കാത്ത പച്ചയായ ഒരുപിടി സത്യങ്ങളുണ്ട്.

സ്ത്രീധനം എന്ന ദുരാചാരത്തിന് അറുതിവരുത്താൻ കോഴിക്കോട് കടപ്പുറത്ത് സുന്നികളുടെ സമ്മേളനത്തിൽ യുവാക്കളെക്കൊണ്ട് പ്രതിജ്ഞയെടുപ്പിച്ചത് ഓർക്കുകയാണ്. മുൻ എം.പിയും ഇപ്പോഴത്തെ എം.എൽ.എയുമായ യുവ സുന്നി പണ്ഡിതനായിരുന്നു പ്രതിജ്ഞ ചൊല്ലിക്കൊടുത്തത്. സ്ത്രീധനം സുന്നത്ത് ജമാ

**ഓർഫനേജുകളിലെ പഠനം പൂർത്തിയായാൽ പെൺകുട്ടികളെ വിവാഹം ചെയ്യാൻ താൽപര്യമുള്ള മുസ്ലിം യുവാക്കൾക്ക് നിക്കാഹ് ചെയ്തു കൊടുക്കുന്നുണ്ട്. ഇതിന് യതീംഖാനാ ഭാരവാഹികളെ പ്രേരിപ്പിക്കുന്ന ചേതോവികാരം സ്ത്രീധനം എന്ന ദുരാചാരം തന്നെ. അതല്ല കാരണം എന്നാണ് മതനേതൃത്വത്തിന്റെ വാദമെങ്കിൽ പിന്നെന്തിന് എന്ന ചോദ്യമുയരുന്നു. അനാഥശാലകളിൽ നിന്ന് പഠനം പൂർത്തിയാക്കി അകന്ന ബന്ധുക്കളുടെയോ മറ്റോ ഭവനങ്ങളിലേക്ക് മടങ്ങുന്ന പെൺകുട്ടികളുടെ കല്യാണക്കാര്യത്തിൽ എന്താണിത്ര താൽപര്യം? അവരെ അവരുടെ പാട്ടിന് വിടുന്നതല്ലേ അഭികാമ്യം?**

അത്തുകാർ പോറ്റിവളർത്തിയ കുട്ടിയാണ്. വിവാഹം എന്ന മഹത്തായ കർമം ഖുർആനിലെ കൽപനക്ക് വിരുദ്ധമായി നടത്തിപ്പോന്നത് സുന്നികളായിരുന്നു. വരനും വധുവും തമ്മിൽ കാണാത്ത, ഒരു വേദിയിൽ പ്രത്യക്ഷപ്പെടാത്ത, കാട്ടുജാതിക്കാർ പോലും ചെയ്യാൻ മടിക്കുന്ന വിവാഹരീതിയാണ് സുന്നികൾ അന്നും ഇന്നും അനുവർത്തിച്ചു പോരുന്നത്.

''പെണ്ണിനൊരു മാപ്പിളയെ കിട്ടണമെങ്കിൽ സ്ത്രീധനം മുമ്പില് വെച്ചോ,
പൊൻപണ്ടം വേണ്ടതൊക്കെ മുമ്പേ കരുതിക്കോ,
അതിനൊന്നും കഴിവില്ലെങ്കിൽ മുക്കിലിരുത്തിക്കോ...''

മുസ്ലിം പ്രമാണിമാരുടെ മക്കളുടെ വിവാഹപ്പന്തലുകളിൽ മുഴങ്ങിക്കേട്ട പാട്ടിന്റെ വരികളാണിത്. മീശ വടിച്ച്, നീളൻ കുപ്പായമിട്ട്, കണങ്കാലിന്റെ മധ്യം വരെ ഒറ്റ മുണ്ടും ഉടുത്ത് മുതലാളിമാരും ഒത്ത് കല്യാണപ്പന്തലുകളിലിരുന്ന് ഈ ഗാനം ഗ്രാമഫോണുകളിലൂടെ കേട്ട് മതപണ്ഡിതർ പൊട്ടിച്ചിരിച്ചു ആ കാലത്ത്. ഇത് നിർധന കുടുംബത്തിലെ വിവാഹപ്രായമായ പെൺകുട്ടികളെ നോക്കിയുള്ള കൊലച്ചിരിയായിരുന്നു. പാവങ്ങളു ടെ ദുരിതം ഈ വിഭാഗം കണ്ടില്ലെന്ന് നടിച്ചു. വധുവിന്റെ വീട്ടുകാർ കൊടുത്തിരുന്ന കിഴികളിലെ നാണയത്തുട്ടുകൾ വരന്റെ കൈയിൽ നിന്ന് നിക്കാഹ് ഫീസായി പുരോഹിതർ വാങ്ങി. ആചാരങ്ങൾ ദുരാചാരങ്ങളായി പരിണമിക്കാൻ അധികകാലം വേണ്ടിവന്നില്ല. ഇത്തരത്തിലുള്ള ദുരാചാരങ്ങളെ നിരുത്സാഹപ്പെടുത്തേണ്ടവർ അതിനെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്തത്. 1920കളിൽ കേരളത്തിൽ മുജാഹിദ്, ജമാഅത്തെ ഇസ്ലാമി സംഘടനകൾ പ്രവർത്തനമാരംഭിച്ചു. മതനിയമങ്ങളെല്ലാം സുന്നികളുടേതാണെങ്കിലും സ്ത്രീധന സമ്പ്രദായത്തെ അവർ നിരുത്സാഹപ്പെടുത്തിയിരുന്നു. സ്ത്രീധനത്തിനെതിരെ പുത്തൻ പ്രസ്ഥാനക്കാർ വന്നിരിക്കുന്നു എന്ന പ്രചാരണവുമായി സുന്നികൾ രംഗത്തിറങ്ങി. അവരുടെ ആവേശം പതിന്മടങ്ങ് വർധിച്ചു. അന്ന് 50 രൂപയായിരുന്ന സ്ത്രീധനത്തുക ഒറ്റയടിക്ക് 100 രൂപയായി വർധിച്ചു.

വിവാഹ നിശ്ചയം ആദ്യകാലത്ത് വീട്ടുമുറ്റത്തായിരുന്നു നടത്തിയത്. പിന്നീടത് പള്ളികളിലേക്ക് മാറ്റപ്പെട്ടു. ഈ ചടങ്ങിന് കാർമികത്വം വഹിച്ചത് മഹല്ല് ഖാസിമാരായിരുന്നു. പിന്നെ പ്രതിശ്രുത വരന്റെയും വധുവിന്റെയും കുടുംബാംഗങ്ങളും മഹല്ല് കമ്മിറ്റി കാരണവന്മാരും നാട്ടുകാരും. പലപ്പോഴും സ്ത്രീധനം എന്ന കെട്ടുംകിഴിയുടെ പേരിലായിരുന്നു തർക്കങ്ങളും വിലപേശലും നടന്നത്. ഇസ്ലാം വിരുദ്ധമായ സ്ത്രീധനത്തിന് നേതൃത്വം വഹിച്ച ശേഷം മുഹമ്മദ് നബിയുടെ പേരിൽ ഫാത്വിഹ ഓതി ദുആ ചെയ്യാൻ കൂടിയുള്ള തൊലിക്കട്ടി സുന്നീ പണ്ഡിതർക്കുണ്ടായിരുന്നു. പ്രവാചകൻ ഏറ്റവും വെറുത്ത പ്രവൃത്തിക്ക് കാർമികത്വം വഹിക്കുന്നത്, പാവനമായി കരുതിപ്പോരുന്ന മസ്ജിദിൽ വെച്ച്. പിന്നെ അതേ നബി തിരുമേനിയുടെ പേരുച്ചരിച്ച് ഫാത്വിഹ വിളിയും. ഇവരുടെ അഹങ്കാരങ്ങളുടെ ചെറിയ രൂപം സൂചിപ്പിച്ചുവെന്ന് മാത്രം. ഏതായാലും ഇപ്പോൾ ചടങ്ങുകൾ പള്ളിക്ക് വെളിയിലേക്ക് മാറ്റിയിരിക്കുന്നു എന്നത് ആശ്വാസകരമാണ്.

വർത്തമാന കാലത്ത് സ്ത്രീധന ദുരാചാരം അതിന്റെ മൂർധന്യത്തിൽ എത്തിയിരിക്കുന്നു. ഇപ്പോൾ ഇതിനൊരു രഹസ്യ സ്വഭാവം കൈവന്നിരിക്കുന്നു എന്ന് മാത്രം. വരന്റെയും വധുവിന്റെയും ബന്ധുക്കളും ബ്രോക്കർമാരും മഹല്ല് ഭാരവാഹികളിൽ ഉത്തരവാദപ്പെട്ടവരും കൂടി ധാരണയിലെത്തുന്ന പതിവാണ് നിലവിലുള്ളത്. വിവാഹത്തീയതി തീരുമാനിക്കപ്പെടുന്ന ചടങ്ങുകൾ മാത്രമായി നിശ്ചയം ചുരുങ്ങിയിരിക്കുന്നു. അടുത്ത കാലത്തായി വിവാഹ രജിസ്റ്ററുകളിൽ നിന്ന് സ്ത്രീധനത്തിന്റെ കോളം അപ്രത്യക്ഷമായിട്ടുണ്ട്. ആഭരണത്തിന്റെ തൂക്കം വർധിപ്പിച്ച് സ്ത്രീധനത്തുക കൂടി അതിൽ ചേർക്കുകയാണ് പതിവ്.

ഇവിടെ സുന്നത്ത് ജമാഅത്തുകാർ അല്ലാഹുവിനെയും റസൂലിനെയും കൈകാര്യകർത്താക്കളെയും അനുസരിക്കുന്നില്ല. വരനും വധുവിന്റെ രക്ഷാധികാരിയും തമ്മിൽ കൈകൊടുത്ത് നടത്തുന്ന വിവാഹം ഇസ്ലാമികമല്ല. അവിടെ അല്ലാഹുവിനെ ധിക്കരിക്കുന്നു. സ്ത്രീധനം സർക്കാർ നിയമംമൂലം നിരോധിച്ചിട്ടുണ്ട്. കോടതിയിൽ തെളിവ് നൽകിയാൽ സ്ത്രീധനം കൊടുത്തവരും വാങ്ങിയവരും ജയിൽ ശിക്ഷ അനുഭവിക്കേണ്ടിവരും. ഖുർആനിൽ അല്ലാഹു പറഞ്ഞ കൈകാര്യകർത്താക്കൾ ആരാണ് എന്ന് സുന്നത്ത് ജമാഅത്തുകാർ ഒന്ന് വ്യക്തമാക്കിയാൽ കൊള്ളാമായിരുന്നു. ഏതെങ്കിലും

ഉമറാക്കളോ ഉലമാക്കളോ സ്ത്രീധനത്തിനെതിരെ പോലീസിൽ പരാതി പ്പെട്ടിട്ടുണ്ടോ? കേരളത്തിൽ ഇന്നേ വരെ എത്ര കേസുകൾ സ്ത്രീധനം വാങ്ങിയതിന്റെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ടു എന്ന് പരിശോധിച്ചിട്ടുണ്ടോ? ഇപ്പോൾ ബോധ്യമായില്ലേ സുന്നികളുടെ ഖുർആൻ ലംഘനത്തിന്റെ സ്വഭാവം. ഖുർആനിൻ അല്ലാഹു പറഞ്ഞ കൈകാര്യകർത്താക്കൾ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് സർക്കാ റും കോടതിയുമല്ലെന്ന് സുന്നി കൾക്ക് തോന്നുന്നുണ്ടോ? അങ്ങ നെയുണ്ടെങ്കിൽ അത് തുറന്ന് പറയൂ. ബാക്കി കാര്യം പിന്നീട് നമുക്ക് പരിശോധിക്കാം.

വിവാഹം എന്ന പവിത്രമായ കാര്യം മലയാളി മുസ്‌ലിംകളിലെ ഭൂരിപക്ഷവും കമ്പോളവത്കരിച്ചു. പാവപ്പെട്ടവർക്ക് താങ്ങാവുന്നതിനുമപ്പുറമാണ് ആവശ്യങ്ങൾ. വെളുപ്പ് നിറമാണ് പലരും ഇഷ്ടപ്പെടുന്നത്. അച്ചടക്കവും കുലീനതയും കുടുംബ പാരമ്പര്യവും മറ്റും പ്രശ്നമല്ല. തൊലിയുടെ നിറം കറുത്തു പോയതിന്റെ പേരിൽ വിവാഹം നടക്കാതെ നിരാശരായിക്കഴിയുന്ന യുവതികളേറെയുണ്ട് നമ്മുടെ നാട്ടിൽ. വിവാഹം നടന്നാൽ തന്നെ വരന്മാർ ഏറെയും നേരത്തെ പറഞ്ഞ പുതുവിശ്വാസികളും മേൽവിലാസമില്ലാത്തവരുമായിരിക്കും. വധു ഗർഭിണിയാകുമ്പോഴേക്കും ആഭരണങ്ങളും മറ്റും കൈക്കലാക്കി മണവാളന്മാർ മുങ്ങുകയും മറ്റു സ്ഥലങ്ങളിൽ പൊങ്ങുകയും ചെയ്യുന്നു. അവിടെയും പള്ളികൾ ചുറ്റിപ്പറ്റിക്കൂടുകയും പുതിയ ആലോചനകൾക്കായി പള്ളിക്കമ്മിറ്റിയും ഖാസിയും കൂടി ഇടപെടുകയും നിക്കാഹ് നടത്തുകയും ചെയ്യുന്നു.

സ്ത്രീധനം സുന്നത്ത് ജമാഅത്തുകാരുടെ സന്തതിയാണ്. എങ്കിലും ഈ ദുരാചാരത്തിനെതിരെ ഇപ്പോൾ സുന്നീ പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ട്. ഉലക്ക വിഴുങ്ങിക്കഴിഞ്ഞ് ചുക്ക് കഷായം കുടിച്ചതു കൊണ്ട് ദഹനം സംഭവിക്കുമോ? അല്ലാഹുവിനെയും റസൂലിനെയും ഭരണ കർത്താക്കളെയും ഒരുമിച്ച് ധിക്കരിച്ചവർ സുന്നത്ത് ജമാഅത്തു കാരാണ്. വിശ്വാസികളുടെ പ്രശ്നങ്ങളിൽ ഇടപെട്ടവയിലെല്ലാം പരാജയം മാത്രമാണ് ഈ വിഭാഗത്തിന് സംഭവിച്ചത്. അല്ലാഹുവിന്റെ ശാപം ഇവർ അനുഭവിച്ചേ തീരൂ. ദൈവം പീഡിതരുടെ കൂടെയാണ്. ഭൂരിപക്ഷത്തിന്റെയും അധികാരത്തിന്റെയും അഹങ്കാരമുള്ള ഒരു ജനതയെയും അടക്കി വാണാൻ അല്ലാഹു അനുവദിച്ചിട്ടില്ല. ചരിത്രം നമുക്ക് നൽകുന്ന പാഠം അതാണ്.

*(അവസാനിക്കുന്നില്ല)*


നാളിതുവരെ നാം വഞ്ചിക്കപ്പെടുകയായിരുന്നു.

മുആവിയയിലൂടെ, അബൂ ഹുറയ്റയിലൂടെ, അട്ടിമറിക്കപ്പെട്ട ഇസ്‌ലാമിലൂടെ...

ഇസ്‌ലാമിക ചരിത്രത്തിന്റെ തുടക്കത്തിൽ നടന്ന ആ അട്ടിമറിയെക്കുറിച്ച് പഠിക്കാൻ, വിശുദ്ധ ഖുർആന് പകരം അവിശുദ്ധ ഹദീസുകൾ മുഖ്യ പ്രമാണമായി മാറിയതെങ്ങനെ എന്നറിയാൻ, ജൂത ഗൂഢാലോചനകൾ തിരിച്ചറിയാൻ, അഹ്‌ലുസ്സുന്നത്തിന് പകരം ഖുർആൻ സുന്നത്തിലേക്ക് മടങ്ങാൻ...

**പഠിക്കുക; പരിശോധിക്കുക; ചിന്തിക്കുക; റോബോട്ടുകളാവാതെ പ്രതികരിക്കുക!**

**www.chekanoormoulavi.com**

ഖുർആൻ അലങ്കാരമല്ല; ആത്മാവാണ്!!





# നബിയും റസൂലും

അബൂ അബ്ദുല്ല, മംഗലാപുരം

ആരാണ് റസൂൽ? ആരാണ് നബി? റസൂലിനെ പിമ്പറ്റുക, അനുസരിക്കുക എന്നാൽ എന്താണ്? റസൂലിനെ അനുസരിക്കുക എന്നതാണ് സാധാരണ ഖുർആൻ നിഷേധികൾ രണ്ടാം പ്രമാണത്തിന് തെളിവായിപ്പറയുന്ന മറ്റൊരു കാര്യം. റസൂലിനെ അനുസരിക്കുക, പിൻപറ്റുക എന്നീ കൽപനകൾ നാം വേണ്ടവിധത്തിൽ മനസ്സിലാക്കാത്തതോ അല്ലെങ്കിൽ മനസ്സിലാക്കിയതിൽ വന്ന പിഴവോ ആവാം കാരണം. ആരാണ് റസൂൽ, ആരാണ് നബി എന്ന് മനസ്സിലാക്കിയാലേ ദൂതനെ അനുസരിക്കൂ, പിൻപറ്റൂ എന്നീ കൽപനകൾ കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് എന്ന് പൂർണമായും മനസ്സിലാവൂ. തന്റെ സന്ദേശമറിയിക്കാൻ മനുഷ്യരിൽ നിന്ന് അല്ലാഹു തെരഞ്ഞെടുക്കുന്ന വ്യക്തിയാണ് നബി. അദ്ദേഹത്തിന് ഒരു മനുഷ്യൻ എന്ന നിലക്ക് ഭാര്യമാരോടും മക്കളോടും കുടുംബങ്ങളോടും സുഹൃത്തുക്കളോടും സമൂഹത്തോടും ബന്ധങ്ങളും സംസാരങ്ങളും ഇടപെടലുകളുമുണ്ടാവും. മേൽപ്പറഞ്ഞവരോടെല്ലാം മനുഷ്യരായ നമുക്കും തമാശ പറയലും സംസാരവും ബന്ധങ്ങളും ഇടപാടുകളുമെല്ലാം ഉണ്ടാവുമല്ലോ. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് ആ മേഖലയുമായി ബന്ധപ്പെടുന്നവരുമായി സംസാരങ്ങളും നിർദേശങ്ങളും കൽപനകളും ഉണ്ടാവും. ഇങ്ങനെയുണ്ടാവുന്ന നബിയുടെ സംസാരങ്ങളിലും ഇടപാടുകളിലും വല്ല പിഴവും സംഭവിക്കുകയാണെങ്കിൽ അദ്ദേഹം തിരുത്തപ്പെടുകയും ചെയ്യും. ഈ നബിയെ അനുസരിക്കാൻ അല്ലാഹു ഖുർആനിലെവിടെയും പറഞ്ഞിട്ടില്ല. ഇങ്ങനെ നബിയെ തിരുത്തുന്ന ചില രംഗങ്ങൾ ഒന്നു ശ്രദ്ധിക്കൂ.

يَا أَيُّهَا النَّبِيُّ لِمَ تُحَرِّمُ مَا أَحَلَّ اللَّهُ لَكَ تَبْتَغِي مَرْضَاتَ أَزْوَاجِكَ

(ഓ പ്രവാചകാ, അല്ലാഹു താങ്കൾക്കായി അനുവദിച്ചുതന്നതിനെ നിന്റെ ഭാര്യമാരുടെ പ്രീതി തേടി എന്തിന് നീ നിഷിദ്ധമാക്കുന്നു?)

ബന്ധികളായ ആളുകളുടെ വിഷയത്തിൽ അല്ലാഹു പറയുന്നത് നോക്കൂ.

مَا كَانَ لِنَبِيٍّ أَن يَكُونَ لَهُ أَسْرَىٰ حَتَّىٰ يُثْخِنَ فِي الْأَرْضِ تُرِيدُونَ عَرَضَ الدُّنْيَا وَاللَّهُ يُرِيدُ الْآخِرَةَ

(ഭൂമിയിൽ അതിലംഘിക്കുമാറ് തനിക്ക് കുറേ ബന്ധികളുണ്ടാക്കുവാൻ ഒരു പ്രവാചകന്നും പാടുണ്ടായിരുന്നില്ല. അൻഫാൽ-67)

وَمَا كَانَ لِنَبِيٍّ أَن يَغُلَّ وَمَن يَغْلُلْ يَأْتِ بِمَا غَلَّ يَوْمَ الْقِيَامَةِ

(ഒരു നബിക്കും ചൂഷണം ചെയ്യാവതല്ല. ആരെങ്കിലും ചൂഷണം ചെയ്താൽ എഴുന്നേൽപ് ദിനത്തിൽ താൻ ചൂഷണം ചെയ്തത് കൊണ്ടുവരികയും... ആലു ഇംറാൻ-161) മറ്റൊരായത്ത്:

مَا كَانَ لِلنَّبِيِّ وَالَّذِينَ آمَنُوا أَن يَسْتَغْفِرُوا لِلْمُشْرِكِينَ وَلَوْ كَانُوا أُولِي قُرْبَىٰ مِن بَعْدِ مَا تَبَيَّنَ لَهُمْ أَنَّهُمْ أَصْحَابُ الْجَحِيمِ

(ഉറ്റ ബന്ധക്കാരായാൽപ്പോലും ബഹുദൈവ വിശ്വാസികൾക്ക് അവർ നരകക്കാരാണെന്ന് വ്യക്തമായ ശേഷം പാപപ്പൊറുതിക്ക് പ്രവാചകന്നോ വിശ്വാസികൾക്കോ പ്രാർഥിക്കാവതല്ല - 9:113)

لَقَدْ تَابَ اللَّهُ عَلَى النَّبِيِّ وَالْمُهَاجِرِينَ وَالْأَنصَارِ الَّذِينَ اتَّبَعُوهُ فِي سَاعَةِ الْعُسْرَةِ مِن بَعْدِ مَا كَادَ يَزِيغُ قُلُوبُ فَرِيقٍ مِّنْهُمْ

(പ്രവാചകന്നും, ഒഴിച്ചുപോയവരിൽ നിന്നും സഹായികളിൽ നിന്നും ഒരു വിഭാഗത്തിൽ ഹൃദയങ്ങൾ വ്യതിചലിക്കാറായ ശേഷം അദ്ദേഹത്തെ പിമ്പറ്റിയവർക്കും അല്ലാഹു അനുഗ്രഹിച്ചിരുന്നതാണ് - 9:117)

മുകളിൽ വിവരിച്ച ആയത്തുകളിലെല്ലാം തിരുത്തുന്നതും നിർദേശങ്ങൾ കൊടുക്കുന്നതും തെറ്റ് പൊറുത്ത് അനുഗ്രഹിക്കുന്നതും എന്തിന് നീ ഇന്നത് ചെയ്തു എന്ന് ചോദിക്കുന്നതും നബിയോടാണ്. റസൂലിനോടുമല്ല; റസൂലിന്റേയുമല്ല. അല്ലാഹുവിനെ സൂക്ഷിക്കാനും വഹ്‌യ് പിമ്പറ്റാനും അല്ലാഹുവിൽ ഭരമേൽപിക്കാനും പറയുന്നതും ബഹുദൈവ വിശ്വാസികളെ അനുസരിക്കരുതെന്ന് കൽപിക്കുന്നതുമെല്ലാം നബിയോടാണ്; റസൂലിനോടല്ല.
يَاأَيُّهَاالنَّبِيُّ اتَّقِ اللّٰهَ وَلاتُطِعِ الْكَافِرِينَ وَالْمُنَافِقِينَ إِنَّ اللّٰهَ كَانَ عَلِيمًا حَكِيمًا
وَاتَّبِعْ مَايُوحَى إِلَيْكَ مِن رَّبِّكَ إِنَّ اللّٰهَ كَانَ بِمَا تَعْمَلُونَ خَبِيرًاوَتَوَكَّلْ عَلى اللّٰه
തന്റെ ഭാര്യമാരോടുള്ള ഇടപാടുകളും സംസാരങ്ങളും പരാമർശിക്കുമ്പോഴും നബിയോടാണ് അഭിസംബോധന.
يَاأَيُّهَا النَّبِيُّ قُل لِّأَزْوَاجِكَ إِنْ كُنْتُنَّ تُرِدْنَ الْحَيَاةَ الدُّنْيَا وَزِينَتَهَا فَتَعَالَين أُمَتِّعْكُنَّ وَأُسَرِّحْكُنَّ سَرَاحًا جَمِيلاً
(ഹേ പ്രവാചകാ, നീ നിന്റെ ഭാര്യമാരോട് പറയുക: നിങ്ങൾ ഐഹിക ജീവിതത്തെയും അതിന്റെ അലങ്കാരത്തെയും ഉദ്ദേശിക്കുന്നവരാണെങ്കിൽ നിങ്ങൾ വരുവിൻ. നിങ്ങൾക്ക് ജീവിത വിഭവം നൽകി സുന്ദരമായ മോചനം തരാം - 33:28)
وَإِذْ أَسَرَّ النَّبِيُّ إِلَى بَعْضِ أَزْوَاجِهِ حَدِيثًا (66:2)

വിശ്വാസികളുടെ മാതാക്കളായ നബിയുടെ ഭാര്യമാരെ വിളിക്കുമ്പോഴും ഖുർആൻ يَانِسَاء النَّبِيّ എന്നല്ലാതെ يَانِسَاء الرَّسُول എന്ന് വിളിച്ചിട്ടേയില്ല.

يَانِسَاءَ النَّبِيّ مَن يَأْتِ مِنكُنَّ بِفَاحِشَةٍ مُبَيِّنَةٍ
يَانِسَاء النَّبِيِّ لَسْتُنَّ كَأَحَدٍ مِنَ النِّسَاء

ഇനി നബിയുമായി ബന്ധമുള്ള മറ്റുള്ളവരോട് പറയാൻ പറയുമ്പോഴും ഓ പ്രവാചകാ എന്ന് തന്നെയാണ് അല്ലാഹു നബിയെ വിളിക്കുന്നത്.
يَاأَيُّهَاالنَّبِيُّ قُلْ لأَزْوَاجِكَ وَبَنَاتِكَ وَنِسَاء الْمُؤْمِنِينَ يُدْنِين عَلَيْهِنَّ مِنْ جَلابِيبِهِنَّ (ഓ പ്രവാചകാ, അല്ലാഹു വളരെ പൊറുക്കുന്നവനും പരമ കാരുണികനുമായിരിക്കെ നിന്റെ ഭാര്യമാരോടും പുത്രിമാരോടും വിശ്വാസികളുടെ ഭാര്യമാരോടും തങ്ങളുടെ തട്ടങ്ങളിൽ നിന്ന് തങ്ങളുടെ മേൽ താഴ്ത്തുവാൻ പറയുക - 33:59)
النَّبِيُّ أَوْلَى بِالْمُؤْمِنِينَ مِن أَنْفُسِهِمْ وَأَزْوَاجُهُ أُمَّهَاتُهُمْ
(പ്രവാചകൻ വിശ്വാസികളോട് അവരോട് സ്വാത്മാക്കളേക്കാൾ ഉത്തമനും അദ്ദേഹത്തിന്റെ ഭാര്യമാർ അവരുടെ മാതാക്കളുമാകുന്നു. - 33:6)
يَاأَيُّهَاالَّذِينَ آمَنُوا لاتَدْخُلوابيُوتَ النَّبِيِّ إِلَّاأَنْ يُؤْذن لَكُمْ (ഹേ വിശ്വസിച്ചവരേ, നിങ്ങൾക്ക് അനുവാദം ലഭിക്കുന്നത് വരെ പ്രവാചകന്റെ ഭവനങ്ങളിൽ പ്രവേശിക്കരുത് - 33:53)

**ആരാണ് റസൂൽ, ആരാണ് നബി എന്ന് മനസ്സിലാക്കിയാലേ ദൂതനെ അനുസരിക്കൂ, പിൻപറ്റൂ എന്നീ കൽപനകൾ കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് എന്ന് പൂർണമായും മനസ്സിലാവൂ.**

ഇത്രയും ആയത്തുകൾ നാം ഉദ്ധരിച്ചതിൽ നിന്ന് നബിയുടെ ഭാര്യമാർ, മക്കൾ, വീടുകൾ എന്നിങ്ങനെയല്ലാതെ റസൂലിന്റെ ഭാര്യമാർ, മക്കൾ, വീടുകൾ എന്ന് ഖുർആനിൽ എവിടെയും പറഞ്ഞതായി നമുക്ക് കാണാൻ കഴിയില്ല. ഒരായത്ത് കൂടി നോക്കൂ. وَيَسْتَأْذِنُ فَرِيقٌ مِنْهُمْ النَّبِيَّ يَقُولُونَ إِنَّ بُيُوتَنَا عَوْرة (അവരിൽ നിന്ന് മറ്റൊരു കൂട്ടർ തങ്ങളുടെ വീടുകൾ അഭംഗുരമാണെന്ന് പറഞ്ഞ് നബിയോട് അനുവാദം ചോദിക്കുകയായിരുന്നു)

ചുരുക്കത്തിൽ ഭർത്താവ്, പിതാവ്, കുടുംബനാഥൻ, അയൽവാസി എന്നീ നിലകളിലും ജീവിതത്തിന്റെ വിവിധ രംഗങ്ങളിലുള്ള തന്റെ ഇടപാടുകളിലും മനുഷ്യനായ മുഹമ്മദ് എന്ന വ്യക്തിയാണ് നബി. അദ്ദേഹത്തോട് വഹ്‌യ് പിൻപറ്റാൻ നിർദേശിക്കപ്പെടും, മാർഗനിർദേശങ്ങൾ നൽകപ്പെടും, തെറ്റുകൾ തിരുത്തപ്പെടും.

താൻ പിൻപറ്റാൻ കൽപിക്കപ്പെട്ട വഹ്‌യ് പിൻപറ്റുകയും, ആ സന്ദേശം ജനത്തോട് സംസാരിക്കുകയും ചെയ്യുമ്പോഴാണ് അദ്ദേഹം ദൂതനാകുന്നത്. അങ്ങനെ ആ ദൂത് സംസാരിക്കുന്ന ദൂതനെയാണ് നാം അനുസരിക്കേണ്ടത്. ആ ദൂതനെ അനുസരിക്കലാകട്ടെ അല്ലാഹുവിനെ അനുസരിക്കലാണുതാനും. കാരണം ആ ദൂതൻ സംസാരിക്കുന്ന റിസാലത്ത് അല്ലാഹുവിന്റേതാണല്ലോ. അല്ലാഹു പറയുന്നു: مَن يُطِعِ الرَّسُولَ فَقَدْ أَطَاعَ اللّٰه (ആരെങ്കിലും ദൈവദൂതനെ അനുസരിച്ചാൽ അവൻ അല്ലാഹുവിനെ അനുസരിച്ചു കഴിഞ്ഞു. അന്നിസാഅ്-80) وَمَاأَرْسَلْنَا مِنْ رَسُولٍ إِلَّا لِيُطَاعَ بِإِذْنِ اللّٰه (അല്ലാഹുവിന്റെ അനുമതിയോടെ അനുസരിക്കപ്പെടാനല്ലാതെ നാം ഒരു ദൂതനെയും അയച്ചിട്ടേയില്ല - 4:64) ആ അനുമതി പരിശുദ്ധ ഖുർആനാണ് എന്ന് അല്ലാഹു വ്യക്തമാക്കുന്നു.

كِتَابٌ أَنْزَلْنَاهُ إِلَيْكَ لِتُخْرِجَ النَّاس مِنَ الظُّلُمَاتِ إِلى النُّورِ بِإِذْنِ رَبِّهِم إِلَى. صِرَاطِ الْعَزِيزِ الحَمِيد
(മനുഷ്യവംശത്തെ തങ്ങളുടെ നാഥന്റെ അനുമതിയോടെ അന്ധകാരങ്ങളിൽ നിന്നെല്ലാം വെളിച്ചത്തിലേക്ക് നീ ആനയിക്കേണ്ടതിന് നാം നിന്നിലേക്ക് അവതരിപ്പിച്ചൊരു ഗ്രന്ഥമാണത്. അതായത് പ്രതാപവാനും സ്തുത്യർഹനുമായ ഒരുവന്റെ വഴിയിലേക്ക്. ഇബ്രാഹിം-1)

മാനുഷികമായ വിശേഷണങ്ങൾക്ക് അർഹനായ മുഹമ്മദ് എന്ന നബിയാണ് ഖുർആൻ ആദ്യം പിൻപറ്റുന്നവനും അതനുസരിച്ച് ജീവിക്കുന്നവനും. താൻ പിൻപറ്റാൻ കൽപിക്കപ്പെട്ട വഹ്‌യ് ആകുന്ന ഖുർആൻ അദ്ദേഹം ജനത്തോട് സംസാരിക്കുമ്പോൾ ആ ദൂതനെ അനുസരിക്കൽ അവരുടെ ബാധ്യതയാണ്. قُلْ أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ എന്നല്ലാതെ أَطِيعُوا اللَّهَ وَأَطِيعُوا النَّبِيَّ എന്ന് ഖുർആനിലെവിടെയും പറഞ്ഞിട്ടില്ല. പിന്നെ എന്തിനാണ് നാം നബിയെ അനുസരിക്കണമെന്ന് അഹ്ലുസ്സുന്നത്തുകാർ വാദിക്കുന്നത്? നബിയെ അനുസരിക്കണം എന്ന് പറയാതിരിക്കാനുള്ള കാരണം അനുസരണം ഒരു വ്യക്തിക്കല്ല; മറിച്ച് റിസാലത്തിനാണ്; അഥവാ റസൂലിനാണ് എന്നതുകൊണ്ടാണ്. ഒന്നുകൂടി വ്യക്തമാക്കിയാൽ നബിയുടെ മേൽ ഇറക്കപ്പെട്ട അല്ലാഹുവിന്റെ കലാമിനെയാണ് അനുസരിക്കേണ്ടത്. ആ കലാം നബി സംസാരിക്കുമ്പോൾ അദ്ദേഹത്തെ അനുസരിക്കണം. അതുകൊണ്ടാണ് ആ ദൂതനെ അനുസരിച്ചാൽ അല്ലാഹുവിനെ അനുസരിച്ചു കഴിഞ്ഞു എന്ന് അല്ലാഹു പറഞ്ഞത്. ഖുർആൻ നിഷേധികളുടെ വാദം അല്ലാഹുവിനെ അനുസരിക്കുക എന്നു പറഞ്ഞാൽ ഖുർആൻ അനുസരിക്കുക; ദൂതനെ അനുസരിക്കുക എന്നു പറഞ്ഞാൽ ഹദീസ് അനുസരിക്കുക എന്നാണ്. അപ്പോൾ 4:80 പ്രകാരം ഒരാൾ ഹദീസ് അനുസരിച്ചാൽ ഖുർആൻ അനുസരിച്ചു കഴിഞ്ഞു എന്നായിരിക്കും അർഥം വരിക. അങ്ങനെ വന്നാൽ അഹ്ലുൽ ഹദീസുകാരുടെ ലക്ഷ്യവും ശരിയായല്ലോ. ഖുർആനെ സമൂഹത്തിൽ നിന്ന് മാറ്റി നിർത്തുക എന്നതാണ് ഇവരുടെ ലക്ഷ്യം. നബി എന്ന വിശേഷണത്തെ അല്ലാഹു തിരുത്തുകയും ആക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ റസൂൽ എന്ന വിശേഷണത്തെ അല്ലാഹു ആക്ഷേപിച്ചിട്ടേയില്ല.

തന്റെ സന്ദേശമറിയിക്കാനും നൽകാനും മനുഷ്യരിൽ നിന്ന് അല്ലാഹു തെരഞ്ഞെടുക്കുന്ന വ്യക്തി എന്ന പരിമിതമായ അർഥമാണ് നബി എന്ന പദത്തിനുള്ളത്. എന്നാൽ റസൂൽ എന്ന പദം ഖുർആനിൽ ധാരാളം അർഥങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. ജിബ്‌രീൽ എന്ന അർഥത്തിന് إِنَّهُ لَقَوْلُ رسول ، كريم അതുപോലെ മനുഷ്യരുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്ന മലക്കുകൾ എന്ന അർഥത്തിലും ഈ പദം ഉപയോഗിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു: .. أَمْ يَحْسَبُونَ أَنَّالَانَسْمَعُ سِرَّهُم وَنَجْوَاهُم بَلَى وَرُسُلُنَا لَدَيْهِم يَكْتُبُون (അവരുടെ രഹസ്യവും രഹസ്യമായ കൂടിയാലോചനയും നാം കേൾക്കുന്നില്ലെന്ന് അവർ ധരിക്കുന്നുണ്ടോ? അതേ, നമ്മുടെ ദൂതന്മാർ അവരുടെ പക്കൽ എഴുതുകയാണ് - 43:80) മരിപ്പിക്കുന്ന മലക്കുകൾ എന്ന അർഥത്തിലും ഉപയോഗിച്ചിട്ടുണ്ട്. حَتَّى إِذَا جَاءتْهُم رُسُلُنَا يَتَوَفَّوْنَهُمْ قَالُواأَيْنَ مَاكُنتُمْ تَدْعُونَ مِن دُونِ اللَّه (അങ്ങനെ അവരുടെ അടുത്ത് അവരെ മരിപ്പിച്ച് നമ്മുടെ ദൂതന്മാർ ചെന്നാൽ അവർ പറയും: അല്ലാഹുവിനെക്കൂടാതെ നിങ്ങൾ വിളിച്ചു കൊണ്ടിരിക്കുന്നവരൊക്കെ എവിടെ? അഅ്റാഫ്-37)

ഏതെങ്കിലും ഒരു സന്ദേശവുമായി ഒരാളെ മറ്റൊരാളിലേക്ക് അയക്കുകയാണെങ്കിൽ അയാളെക്കുറിച്ചും റസൂൽ എന്ന് പറയാം. وَقَالَ الْمَلِكُ ائْتُونِي بِهِ فَلَمَّا جَاءَهُ الرَّسُولُ قَالَ ارْجِعْ إِلَى رَبِّكَ (ആ രാജാവ് പറയുകയും ചെയ്തു: നിങ്ങൾ അവനെ എന്റെ അടുത്ത് കൊണ്ടുവരികയും ചെയ്യുവിൻ. അങ്ങനെ ആ ദൂതൻ അവന്റെ അടുത്ത് ചെന്നപ്പോൾ... - യൂസുഫ്)

ഖുർആൻ എന്ന അർഥത്തിലും റസൂൽ എന്ന പദം ഖുർആനിൽ വന്നതായി നമുക്ക് കാണാം. وَكَيْفَ تَكْفُرُونَ وَأَنْتُمْ تُتْلَى عَلَيْكُمْ آيَاتُ اللَّهِ وَفِيكُمْ رَسُولُهُ وَمَن يَعْتَصِمْ بِاللَّهِ فَقَدْ هُدِيَ إِلَى صِرَاطٍ مُسْتَقِيم (നിങ്ങളുടെ കൂട്ടത്തിൽ തങ്ങളുടെ ദൂതനുണ്ടായിരിക്കെ അല്ലാഹുവിന്റെ വചനങ്ങൾ ഓതിക്കേൾപ്പിക്കപ്പെടുകയും ചെയ്യുമ്പോൾ നിങ്ങൾ എങ്ങനെയാണ് നിഷേധിക്കുക? ആരെങ്കിലും അല്ലാഹുവിനെ അവലംബിച്ചാൽ അവൻ നേർമാർഗത്തിലേക്ക് വഴിതിരിക്കപ്പെട്ടു കഴിഞ്ഞു -3:101)

അപ്പോൾ അല്ലാഹുവിന്റെ വചനങ്ങൾ ഓതിക്കേൾപ്പിക്കുന്ന കാലത്തോളം നമുക്കിടയിൽ ഖുർആൻ ഒരു ദൂതനായി നിലനിൽക്കുകയും അവ മുറുകെപ്പിടിച്ചു ജീവിക്കുന്നിടത്തോളം നാം നേരായ മാർഗത്തിലേക്ക് വഴിതിരിക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്ന് സാരം. ഖുർആൻ സംരക്ഷിക്കപ്പെടുന്ന കാലത്തും പ്രദേശത്തും ഈ സത്യം യാഥാർഥ്യമാവും. പരലോകത്ത് മനുഷ്യർക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും പറയാതിരിക്കാൻ ഖുർആൻ സംരക്ഷിക്കപ്പെടുകയും ചെയ്യുമല്ലോ. മറ്റൊരായത്ത് കൂടി പരിശോധിക്കാം. وَمَنْ يَخْرُجْ مِن بَيْتِهِ مُهَاجِرًا إِلَى اللَّهِ وَرَسُولِهِ ثُمَّ يُدْرِكْهُ الْمَوْتُ فَقَدْ وَقَعَ أَجْرُهُ عَلَى اللَّهِ (ഒരാൾ വീട്ടിൽ നിന്ന് അല്ലാഹുവിലേക്കും തന്റെ ദൂതനിലേക്കും വെടിഞ്ഞ് പുറപ്പെടുകയും എന്നിട്ട് മരണം അയാളെ പിടികൂടുകയുമാണെങ്കിൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ ബാധ്യതയായിക്കഴിഞ്ഞു - 4:100) ഒരായത്ത് കൂടി നോക്കാം. لِتُؤْمِنُوا بِاللَّهِ وَرَسُولِهِ وَتُعَزِّرُوهُ وَتُوَقِّرُوهُ وَتُسَبِّحُوهُ بُكْرَةً وَأَصِيلاً (അത് എന്തിനാണെന്നാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവാനും അവനെ സഹായിക്കുവാനും ആദരിക്കുവാനും പ്രഭാതത്തിലും പ്രദോഷത്തിലും അവന്റെ പരിശുദ്ധി പ്രകീർത്തിക്കുവാനും വേണ്ടിയാണ് - 48:9) ഇവിടെ അല്ലാഹുവിനെയും അവന്റെ കലാമിനെയും രണ്ടായിക്കാണാതെ ഒന്നായിക്കണ്ടതാണ്

(ശേഷം പേജ് 27 ൽ)

# അല്ലാഹു വിശിഷ്ടമാക്കിയതിനെ നിഷിദ്ധമാക്കുന്നവർ



**സുലൈമാൻ അയനിക്കോട്**

ർആനിൽ കൽപിക്കപ്പെട്ടവ മാത്രമാണ് സത്യവിശ്വാസികൾ പാലിക്കേണ്ട ഇസ്‌ലാമിക നിയമങ്ങൾ. മറ്റുള്ളവയെല്ലാം രാജ്യങ്ങളുടെയും ഗ്രാമങ്ങളുടെയും വ്യക്തികളുടെയും ആവശ്യങ്ങൾക്കനുസരിച്ച് പ്രാവർത്തികമാക്കുവാൻ അനുവദിക്കപ്പെട്ടവയാണ്. ഈ ഖുർആനിക തത്വത്തെ അട്ടിമറിക്കുവാൻ ഇസ്‌ലാമിന്റെ ശത്രുക്കൾ രണ്ടാം പ്രമാണത്തിലൂടെ മുസ്‌ലിം സമൂഹത്തെ ഒന്നടങ്കം വഞ്ചനയിലകപ്പെടുത്തി. അതിലുൾപ്പെട്ടതാണ് ഖുർആൻ അനുവദിച്ച ഉത്കൃഷ്ട വസ്തുക്കളും ഭക്ഷണങ്ങളും ഹറാമാണെന്ന് പ്രഖ്യാപിക്കുന്നത്. മുസ്‌ലിം സമൂഹം നിർബന്ധമായും ഇവ പാലിക്കാൻ ബാധ്യസ്ഥരുമായിത്തീർന്നു. ഖുർആൻ നിരോധിച്ച വസ്തുക്കൾ എന്തെല്ലാമാണെന്ന് നമുക്ക് പരിശോധനാ വിധേയമാക്കാം. “സത്യവിശ്വാസികളേ, നിങ്ങൾക്ക് നാം നൽകിയ വസ്തുക്കളിൽ വിശിഷ്ടമായത് ഭക്ഷിച്ചുകൊള്ളുക. അല്ലാഹുവിനോട് നിങ്ങൾ നന്ദി കാട്ടുകയും ചെയ്യുക; അവനെ മാത്രമാണ് നിങ്ങൾ കീഴ്പ്പെട്ട് ജീവിക്കുന്നതെങ്കിൽ.” (2:172) അല്ലാഹുവിന്റെ നിയമ നിർദേശങ്ങൾക്ക് മാത്രം കീഴ്പ്പെട്ട് ജീവിക്കുന്നവർക്ക് ഏതെല്ലാം വസ്തുക്കളെയാണ് അനുവദിച്ച് തന്നതെന്ന് ഖുർആനിലൂടെ വ്യക്തമാക്കുന്നത് നോക്കുക: “ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ പ്രഖ്യാപിക്കപ്പെട്ടത് എന്നിവയേ നിങ്ങൾക്ക് നിഷിദ്ധമാക്കിയിട്ടുള്ളൂ. ഇനി ആരെങ്കിലും നിർബന്ധിതനായാൽ അവന്റെ മേൽ കുറ്റമില്ല. അവൻ നിയമലംഘനത്തിന് (വീണ്ടും വീണ്ടും) ഒരുമ്പെടാതിരിക്കുകയും വേണം. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.” (2:173) ശവം എന്നത് ഏതൊക്കെയെന്ന് ഖുർആനിലൂടെ അല്ലാഹു നമുക്ക് വ്യക്തമാക്കിത്തന്നിട്ടുണ്ട്. ശ്വാസം മുട്ടിച്ചത്തത്, അടിച്ചു കൊന്നത്, വീണു ചത്തത്, കുത്തേറ്റു ചത്തത്, വന്യമൃഗം കടിച്ചു തിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ അറുക്കപ്പെട്ടത് ഇതിൽ നിന്ന് ഒഴിവാകുന്നു. പ്രതിഷ്ഠകൾക്ക് മുന്നിൽ അർപ്പിക്കപ്പെട്ടതും അമ്പുകളുപയോഗിച്ച് ഭാഗ്യം നോക്കലുമെല്ലാം അധർമമാകുന്നു. ഇന്ന് സത്യനിഷേധികൾ നിങ്ങളുടെ ദീനിനെ നേരിടുന്ന കാര്യത്തിൽ നിരാശപ്പെട്ടിരിക്കയാണ്. അതിനാൽ അവരെ നിങ്ങൾ ഭയപ്പെടേണ്ടതില്ല. നിങ്ങൾ എന്നെ ഭയപ്പെടുക. ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ ദീൻ പൂർത്തിയാക്കിത്തന്നിരിക്കുന്നു. ദീനായി ഇസ്‌ലാമിനെ നിങ്ങൾക്ക് ഞാൻ തൃപ്തിപ്പെട്ട് തന്നിരിക്കുന്നു. വല്ലവനും പട്ടിണി കാരണം നിർബന്ധിതനാകുന്ന പക്ഷം അവൻ അധർമത്തിലേക്ക് (തുടർന്ന് പോകാൻ) ചായ്‌വുള്ളവനല്ലെങ്കിൽ തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനുമാകുന്നു.” (5:3) ഈ സൂക്തത്തിലൂടെ ഏതെല്ലാം വിധത്തിലുള്ള ശവമാണ് ഭക്ഷിക്കുവാൻ പാടില്ലാത്തതെന്ന് വിവരിക്കപ്പെട്ടു.

നമ്മുടെ ആവശ്യത്തിന് വേണ്ടിയല്ലാതെ ഏത് വിധത്തിൽ കൊല്ലപ്പെട്ടതാണെങ്കിലും ഉപയോഗിക്കാൻ പാടില്ല. നാം ആഹാരമായി ഉപയോഗിക്കുന്ന വസ്തുക്കൾ അല്ലാഹു അനുവദിച്ച മാർഗത്തിലൂടെ

**ഓണം, ക്രിസ്മസ് പോലുള്ള വേളകളിൽ അവരുടെ ആചാര പ്രകാരം പാകം ചെയ്ത ഭക്ഷണ പദാർഥങ്ങൾ കഴിക്കുവാനും ആഘോഷങ്ങളിൽ പങ്കെടുക്കുവാനും പാടില്ലെന്നാണ് പല മുസ്‌ലിംകളുടെയും വിശ്വാസം. ഇത് തികച്ചും പുരോഹിതരാൽ തെറ്റായ രീതിയിൽ വ്യാഖ്യാനിക്കപ്പെട്ടതാണ്. സഹോദര സമുദായങ്ങളുടെ ആഘോഷങ്ങളിൽ പങ്കെടുക്കുമ്പോൾ അവർ ഭക്ഷണം പാകം ചെയ്യുന്ന രീതിയോ ആചാരങ്ങളോ ഏത് വിധത്തിലാണെന്ന് നോക്കുവാനുള്ള ബാധ്യത നമുക്കില്ല.**

നേടിയെടുത്ത ശേഷം കൊല്ലപ്പെടുന്നതിനെയാണ് അല്ലാഹുവിന്റെ പേരിൽ അർപ്പിക്കപ്പെടുന്നതെന്ന് പറഞ്ഞതിന്റെ താൽപര്യം. കുതന്ത്രം പ്രയോഗിച്ചും സാമർഥ്യം പ്രകടിപ്പിച്ചും വേട്ടയാടിപ്പിടിക്കരുതെന്ന് 5:94ൽ വ്യക്തമാക്കിത്തരുന്നുമുണ്ട്.

ഓണം, ക്രിസ്മസ് പോലുള്ള ആഘോഷങ്ങളിൽ അവരുടെ ആചാര പ്രകാരം പാകം ചെയ്ത ഭക്ഷണ പദാർഥങ്ങൾ കഴിക്കുവാനും ആഘോഷങ്ങളിൽ പങ്കെടുക്കുവാനും പാടില്ലെന്നാണ് പല മുസ്‌ലിംകളുടെയും വിശ്വാസം. ഇത് തികച്ചും പുരോഹിതന്മാരാൽ തെറ്റായ രീതിയിൽ വ്യാഖ്യാനിക്കപ്പെട്ടതാണ്. സഹോദര സമുദായങ്ങളുടെ ആഘോഷങ്ങളിൽ പങ്കെടുക്കുമ്പോൾ അവർ ഭക്ഷണം പാകം ചെയ്യുന്ന രീതിയോ ആചാരങ്ങളോ ഏത് വിധത്തിലാണെന്ന് നോക്കുവാനുള്ള ബാധ്യത നമുക്കില്ലെന്നാണ് ഖുർആനിൽ നിന്ന് മനസ്സിലാക്കുവാൻ സാധിക്കുക. “നല്ല സാധനങ്ങളെല്ലാം ഇന്ന് നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. വേദം നൽകപ്പെട്ടവരുടെ ഭക്ഷണം നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. നിങ്ങളുടെ ഭക്ഷണം അവർക്കും അനുവദനീയമാണ്.” (5:5) നാല് സാധനമൊഴികെ ബാക്കിയുള്ള വസ്തുക്കളെല്ലാം നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു എന്ന് പല സ്ഥലങ്ങളിലായി ഖുർആൻ ആവർത്തിച്ച് പറയുമ്പോൾ രണ്ടാം പ്രമാണത്തിലൂടെ പുരോഹിതർ ഈ അനുവാദത്തെ അട്ടിമറിക്കുന്നു. അല്ലാഹു അനുവദിച്ചതിൽ ചിലതെല്ലാം ഹറാമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അനുവദിക്കപ്പെട്ടിരിക്കുന്നു എന്നല്ലാതെ ഒറ്റ സ്ഥലത്തും കൽപനാരൂപത്തിൽ പറഞ്ഞിട്ടില്ല. ഓരോ വ്യക്തിക്കും നല്ലതാണെന്ന് തോന്നുന്നത് ഭക്ഷിക്കുവാനുള്ള അനുവാദമാണത്. ഒരാൾക്ക് നല്ലതാണെന്ന് തോന്നുന്നത് മറ്റുള്ളവർക്ക് നല്ലതല്ലായിരിക്കും.

ഇസ്‌ലാമിന്റെ ശത്രുക്കൾ നെയ്തുണ്ടാക്കിയ രണ്ടാം പ്രമാണത്തിലൂടെ, അല്ലാഹു അനുവദിച്ച നല്ല സാധനങ്ങളെല്ലാം ഹറാമാണെന്ന് യാഥാസ്ഥിതികരും അർധ യാഥാസ്ഥിതികരും മുസ്‌ലിം സമൂഹത്തെ തെറ്റിദ്ധരിപ്പിച്ചു. സത്യവിശ്വാസികളേ, അല്ലാഹു നിങ്ങൾക്ക് അനുവദിച്ചുതന്ന വിശിഷ്ട വസ്തുക്കളെ നിഷിദ്ധമാക്കരുതെന്ന് 5:87, 88ലൂടെ ഖുർആൻ പറയുന്നു. അല്ലാഹു നിരോധിച്ച നാല് സാധനമല്ലാത്ത വസ്തുക്കളിൽ ചിലത് ഹറാമും മറ്റു ചിലത് ഹലാലുമാക്കുന്ന പുരോഹിതന്മാരോട് അല്ലാഹു പറയുന്നത് ശ്രദ്ധേയമാണ്. “പറയുക: അല്ലാഹു നിങ്ങൾക്ക് ഇറക്കിത്തന്ന ആഹാരത്തെ പറ്റി ചിന്തിച്ചിട്ടുണ്ടോ? എന്നിട്ട് നിങ്ങൾ അതിൽ (ചിലത്) നിഷിദ്ധവും (വേറെ ചിലത്) അനുവദനീയവുമാക്കിയിരിക്കുന്നു. പറയുക, അല്ലാഹുവാണോ നിങ്ങൾക്ക് അനുവാദം തന്നത്? അതല്ല, അല്ലാഹുവിന്റെ പേരിൽ (കള്ളം) കെട്ടിച്ചമത്തുകയാണോ?” (10:59) കള്ളം കെട്ടിച്ചമത്തുന്നവർക്ക് കഠിനമായ ശിക്ഷയുണ്ടെന്ന് 10:60, 6:138-142 സൂക്തങ്ങളിലൂടെയും സൂചിപ്പിക്കുന്നുണ്ട്. അല്ലാഹു അനുവദിച്ച മാർഗത്തിലൂടെ കരസ്ഥമാക്കിയത് നിങ്ങൾ എന്തിന് ഭക്ഷിക്കാതിരിക്കണമെന്നും ഭക്ഷിക്കാൻ പാടില്ലാത്തത് എന്താണെന്ന് ഞാൻ നിങ്ങൾക്ക് വിശദമാക്കിത്തന്നിട്ടില്ലേയെന്നും (6:119) ഖുർആൻ ചോദിക്കുന്നു. ഗൗരവ സ്വരത്തിലൂടെ പറയപ്പെട്ടിട്ടും ഈ കൽപനകളെ മൂടിവെക്കുകയോ തള്ളിക്കളയുകയോ ചെയ്ത് രണ്ടാം പ്രമാണത്തിന് പിറകെ ഓടുന്നവർ യഥാർഥത്തിൽ ഖുർആനിൽ വിശ്വസിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഭക്ഷണ പദാർഥങ്ങളുടെ വിഷയത്തിൽ മാത്രമല്ല പുരോഹിതർ അട്ടിമറി നടത്താറുള്ളത്. വായിൽ തോന്നുന്നതനുസരിച്ച് ഓരോന്നും ഹലാലാക്കുകയും ഹറാമാക്കുകയും ചെയ്യുന്നത് ഇവരുടെ സ്ഥിരം തൊഴിലാണ്. സുന്നത്ത് ജമാഅത്തുകാർ ഒന്നടങ്കം ജനത്തിന്റെ ആധുനിക സൗകര്യങ്ങളും അലങ്കാര വസ്തുക്കൾ ഉൾപ്പെടെയുള്ള ഉപയോഗ വസ്തുക്കളുമെല്ലാം ഹറാമിന്റെ ഫത്‌വയിലൂടെ കുറ്റകരമായി പ്രഖ്യാപിച്ച് മുസ്‌ലിം സമൂഹത്തെ ലോകത്തിന് മുന്നിൽ നാണംകെട്ടവരാക്കി മാറ്റി. പരിഷ്കർത്താക്കളെന്ന് അവകാശപ്പെടുന്നവർ പോലും വിഡ്ഢിത്തങ്ങൾ പ്രചരിപ്പിച്ച് കൊണ്ടിരിക്കുന്നുണ്ട്. ഇവർ പുറത്തിറക്കിയ ലഘുലേഖയിൽ ടെലിവിഷൻ കാണുന്നത് വരെ കുറ്റകരമാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഇവകളിൽ അശ്ലീല രംഗങ്ങൾ ഉണ്ടായത് കൊണ്ടാണ് ഇത്തരം പ്രസ്താവനകൾ പുറപ്പെടുവിക്കുന്നതത്രെ. മുമ്പ് യാഥാസ്ഥിതികർ ഒന്നടങ്കം ടെലഫോൺ മുതലായ വസ്തുക്കൾ എവിടെ വിപണിയിലിറങ്ങിയാലും ഹറാമിന്റെ ഫത്‌വകൾ പുറപ്പെടുവിച്ചിരുന്നു. കൂടുതൽ ഉപകാരപ്രദമായ മൊബൈൽ ഫോൺ, ഇന്റർനെറ്റ് പോലുള്ളവയെല്ലാം തന്നെ അനിസ്‌ലാമികമാണെന്ന് ഇവർ പ്രഖ്യാപിക്കുന്നു. ഓട്ടോറിക്ഷ മുതൽ വിമാനം വരെയുള്ള വാഹനങ്ങൾ അപകടത്തിൽ പെട്ട് മനുഷ്യൻ മരിച്ചുവീഴുന്നു, കൈകാലുകൾ നഷ്ടപ്പെടുന്നു. ഇവകൾക്കൊന്നും ഇവരുടെ ഫത്‌വ ബാധകമല്ല. ടി.വി, മൊബൈൽ പോലുള്ളവയിലെ അശ്ലീലമാണ്

മനുഷ്യജീവനേക്കാൾ വലുത് എന്നാണ് ഇവരുടെ ഫത്‌വകളിൽ നിന്ന് ബോധ്യമാവുന്ന വിരോധാഭാസം!

ലോകത്ത് മനുഷ്യർക്ക് എന്തെല്ലാം അലങ്കാര വസ്തുക്കൾ നിലവിൽ വന്നിട്ടുണ്ടോ, അവ സത്യവിശ്വാസികൾക്ക് അവകാശപ്പെട്ടതാണ്. പരലോകത്ത് ഇതെല്ലാം സത്യവിശ്വാസികൾക്ക് മാത്രമാണെന്നും 7:32ലൂടെ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. ലോകം ശരിയും തെറ്റും ഇടകലർന്നാണ് നിലനിൽക്കുന്നത്. സത്യമായ മാർഗം കണ്ടെത്തുകയും ശരിയായ ജീവിതരീതി നിലനിർത്തുകയുമാണ് സത്യവിശ്വാസിയുടെ ബാധ്യത. അശ്ലീലങ്ങളോ തെറ്റായ പ്രവർത്തനങ്ങളോ കാണാനിടയായാൽ നമ്മുടെ ശ്രദ്ധ അതിൽ നിന്ന് തിരിച്ചുവിട്ട് സൂക്ഷ്മ ജീവിതം നയിക്കാനാണ് 24:30, 31ലൂടെ കൽപിക്കപ്പെട്ടത്. മാത്രമല്ല, അത്തരം ഘട്ടങ്ങളിൽ മാന്യമായ രീതിയിൽ ആ വഴി നടന്നുപോകാനാണ് 25:72ലൂടെ ഖുർആൻ പഠിപ്പിക്കുന്നത്. അല്ലാതെ അത്തരം രംഗങ്ങൾ അടിച്ചു തകർക്കാനോ അശ്ലീല രംഗങ്ങൾ പാടെ നശിപ്പിക്കാനോ ഖുർആൻ കൽപിക്കുന്നില്ല. ലോകം കണ്ടെത്തിക്കൊണ്ടിരിക്കുന്ന അലങ്കാര വസ്തുക്കളിലെ ശരിയും തെറ്റും ഖുർആനിലൂടെ സത്യവിശ്വാസികൾക്ക് മാതൃകയെന്നോണം അല്ലാഹു പറയുന്നത് നോക്കാം. ലോകത്ത് മുമ്പ് തന്നെ ധാരാളം ജനതകളിൽ നിലനിന്ന് വന്ന സമ്പ്രദായമാണ് മദ്യപാനം. ഇത് നിരോധിക്കാനുള്ള കാരണം ഖുർആനിലൂടെ വിവരിക്കുന്നത് നോക്കുക. "നിന്നോടവർ മദ്യത്തെയും ചൂതാട്ടത്തെയും പറ്റി ചോദിക്കുന്നു. പറയുക: അവ രണ്ടിലും ഗുരുതരമായ പാപമുണ്ട്. ജനത്തിന് ചില പ്രയോജനങ്ങളുമുണ്ട്. എന്നാൽ അവയിലെ പാപത്തിന്റെ അംശമാണ് പ്രയോജനത്തിന്റെ അംശത്തെക്കാൾ വലുത്." (2:219, 220) ലോകത്ത് ഒന്നടങ്കം പുതിയ കണ്ടെത്തലുകളും നിയമ വ്യവസ്ഥകളും അംഗീകരിക്കപ്പെടുന്നത് ഈ അടിസ്ഥാനത്തിൽ തന്നെയാണ്. ഈ അടിസ്ഥാനത്തി ലായിരിക്കണം ഹലാലും ഹറാമും പ്രഖ്യാപിക്കേണ്ടത്.

വലിയ കോലാഹലങ്ങൾ നടക്കുന്ന കാര്യമാണ് പ്രവാചകന്റെ ജന്മദിനവും അനുസ്മരണങ്ങളുമെല്ലാം. നല്ലൊരു വിഭാഗം ഇസ്‌ലാമിലെ പ്രധാനമായ പുണ്യകർമമായാണ് ഇവ കൊണ്ടാടുന്നത്. പുണ്യകർമമാണ് അത് എന്നതിന് ഖുർആനിൽ ഒരു സൂചന പോലും ഇല്ല. അതുകൊണ്ടാണ് അതിനെ ആഘോഷിക്കുന്നത് തെറ്റായി ചിത്രീകരിക്കാൻ കാരണം. ഇസ്‌ലാമിലെ ഒരാചാരമായല്ലാതെ ജന്മദിനവും അനുസ്മരണവും നടത്തുന്നത് കുറ്റകരമല്ലെന്നും അനുവദനീയമാണെന്നും നമുക്ക് മനസ്സിലാക്കാവുന്നതാണ്. ജന്മദിനവും അനുസ്മര ണവും നടത്തുന്നത് ഹറാമാണെന്ന് പറയപ്പെട്ടാൽ അവർ അല്ലാഹുവിന്റെ നിയമത്തിൽ കൈകടത്തു ന്നവരായിത്തീരും.

അല്ലാഹു നിരോധിക്കാത്ത കാര്യങ്ങളെല്ലാം അനുവദനീയമാണ്. 2:219, 220ന്റെ അടിസ്ഥാനത്തിൽ ഇത് പരിശോധനാ വിധേയമാക്കണം. സ്വന്തം കുട്ടികളുടെ ജന്മദിനവും പിതാവിന്റെ മരണം അനുസ്മരിക്കുന്നതും കുറ്റകരമാണെന്ന് പറയുവാൻ നമുക്ക് എന്ത് മാനദണ്ഡമാണുള്ളത്? ഒരു വ്യക്തിയുടെ വയസ്സും മരണത്തിന്റെ കാലയളവും സ്ഥിരപ്പെടുത്തണമെങ്കിലും ജന്മദിനവും അനുസ്മരണവും അനിവാര്യമാണ്. ഇതെല്ലാം വ്യക്തികളിൽ അധിഷ്ഠിതമാണ്. സംഘടന, കോളജ്, പള്ളി, പ്രസിദ്ധീകരണങ്ങൾ എന്നിവയുടെയെല്ലാം വാർഷികം എല്ലാ വിഭാഗങ്ങളും കൊണ്ടാടുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യം ഇന്ത്യക്കാർ ആഘോഷിക്കുന്നു.

ഖുർആൻ മാത്രമാണ് ഇസ്‌ലാമിന്റെ പ്രമാണമെന്ന് പറയുകയും അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വിശ്വാസങ്ങളിലും ആചാരങ്ങളിലുമുള്ള തെറ്റുകൾ ചൂണ്ടിക്കാട്ടുകയും ചെയ്തു എന്ന ഏക കാരണത്താൽ ഒരുകൂട്ടം മതഭ്രാന്തർ ചേകന്നൂർ മൗലവിയെ ക്രൂരമായി കൊലപ്പെടുത്തിയത് കേരള ചരിത്രത്തിൽ തന്നെ ആദ്യ സംഭവമാണെന്ന് പറഞ്ഞാൽ അതിൽ തെറ്റുണ്ടാവില്ല. തന്ത്രം മെനഞ്ഞ് ഒരു മത പണ്ഡിതനെ തട്ടിക്കൊണ്ടുപോയി ക്രൂരമായി കൊലപ്പെടുത്തിയിട്ടും കേരളത്തിലെ ഒറ്റ മുസ്‌ലിം മത സംഘടനയും അതിനെതിരിൽ അന്ന് പ്രതികരിക്കാൻ തയ്യാറായില്ല. മാത്രമല്ല കുറ്റവാളികളെ പിടികൂടുവാൻ ഗവൺമെന്റുകളും അന്വേഷണ ഉദ്യോഗസ്ഥരും അനാസ്ഥ കാട്ടുകയും ചെയ്തു. ഇതിനെതിരിൽ മൗലവി സ്ഥാപിച്ച ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെയും മർഹൂം മൊയ്തു മൗലവിയുടെയും വിശ്രമമില്ലാത്ത മുറവിളി കാരണമാണ് ക്രൈംബ്രാഞ്ച് അന്വേഷണവും തുടർന്ന് സി.ബി.ഐ അന്വേഷണവും ആരംഭിച്ചത്. അന്വേഷണം മന്ദഗതിയിൽ നീങ്ങാൻ തുടങ്ങിയത് കാരണം ഖുർആൻ സുന്നത്ത് സൊസൈറ്റി രാഷ്ട്രീയക്കാരെയും ചിന്തകരെയും എഴുത്തു കാരെയും സംഘടിപ്പിച്ച് മൗലവി കൊല്ലപ്പെട്ട ജൂലൈ 29ന് രക്തസാക്ഷി ദിനം ആചരിക്കുന്നു; മൗലവി രക്തസാക്ഷിത്വം വരിക്കാനുള്ള കാരണങ്ങൾ പൊതുജനത്തെ ബോധ്യപ്പെടുത്തുന്നു.

എന്നാൽ ഇതിനെ ചില അർധ യാഥാസ്ഥിതികർ പരിഹസിക്കുകയും പുച്ഛിക്കുകയും അതിൽ പങ്കെടുക്കുന്നവരെ നിരുത്സാഹപ്പെടുത്തുകയും ചെയ്തുവരുന്നു. റമസാൻ മാസത്തിൽ അൽപ ദിവസം നോമ്പ് കൽപിക്കപ്പെട്ടത് എന്ത് അനുസ്മരി പ്പിക്കാനാണ്? വർഷത്തിൽ ഒരു പ്രാവശ്യം മസ്ജിദുൽ ഹറാമിൽ ഒരുമിച്ച് കൂടുന്നത് എന്തിന് വേണ്ടി? ഇവകളിലെല്ലാം വിശ്വാസമർപ്പിക്കുന്ന, ആചരിക്കുന്ന ഇവർക്ക് ഖുർആനിക ആദർശത്തിന് വേണ്ടി ജീവൻ ബലിയർപ്പിക്കപ്പെട്ട ചേകന്നൂർ മൗലവിയുടെ രക്തസാക്ഷിത്വ ദിനം ആചരിക്കുന്നതിൽ എന്താണ് ഇത്ര വലിയ അലർജിയെന്ന് മനസ്സിലാവുന്നില്ല.



ഇസ്‌ലാമിന്റെ പ്രമാണം ഖുർആൻ മാത്രം 5

# നരക ശിക്ഷ

**മജീദ് സുല്ലമി ഉഗ്രപുരം**

റ്റുള്ളവർക്ക് ഏത് നിലക്കും ദ്രോഹം വരുന്ന കാര്യങ്ങൾക്കാണ് ഖുർആൻ നരകം കൊണ്ട് താക്കീത് ചെയ്തത്. ഉദാ: കൊലപാതകത്തിന് (4:93), സത്യം ലംഘിക്കുന്നവർക്ക് (3:77, 13:25), സത്യവിശ്വാസികളിൽ ലജ്ജാകരമായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നവർക്ക് (24:19), യതീമിന്റെ സ്വത്ത് അന്യായമായി ഭുജിക്കുന്നവർക്ക് (4:10), പ്രമാണ ഗ്രന്ഥത്തിലുള്ളത് മറച്ച് വെക്കുന്നവർക്ക് (2:174, 7:36, 20:124, 2:79, 45:11, 34:6), അല്ലാഹുവിന്റെ പേരിൽ കള്ളം പറയുന്നവർക്ക് (7:37, 38), ഭൂമിയിൽ ഫസാദ് ഉണ്ടാക്കുന്ന അക്രമികൾക്ക് (2:206, 178), ദൈവത്തിന്റെ കൂടെ മറ്റൊരു ഇലാഹിനെ സ്ഥാപിക്കുന്നവർക്ക് (50:26), സത്യപ്രബോധനം ചെയ്യുന്ന പ്രവാചകന്മാരെ വധിക്കുന്നവർക്ക്. (3:21). 350ഓളം സ്ഥലത്ത് സ്വർഗം പറഞ്ഞതു പോലെ അത്രതന്നെ സ്ഥലത്ത് നരകശിക്ഷയെക്കുറിച്ചും വിവരിച്ചിട്ടുണ്ട്.

## ഹദീസിലെ നരകം

വളരെ നിസ്സാര കാര്യങ്ങൾക്ക് ഹദീസിൽ നരകം കാണാം. ഉദാ: ഞെരിയാണിക്ക് താഴെ തുണി താഴ്ന്നാൽ, മുടി ക്രോപ്പ് ചെയ്താൽ, സ്വർണ മോതിരം ധരിച്ചാൽ, ചിത്രം വരച്ചാൽ, നായയെ വളർത്തിയാൽ, പട്ടുവസ്ത്രം ധരിച്ചാൽ, വലത്തോട്ട് തുപ്പിയാൽ, നിന്ന് മൂത്രമൊഴിച്ചാൽ.

ആർക്കും ഉപദ്രവമില്ലാത്ത വിഷയങ്ങൾക്ക് ശിക്ഷിക്കുന്നവനാണോ അല്ലാഹു?

## നായയെ വളർത്തുന്നത് പാപം!

ദൈവത്തിന്റെ സൃഷ്ടിജാലങ്ങളിൽ കോടിക്കണക്കിന് ജീവികളുണ്ട്. എന്നാൽ അതിൽ കാര്യബോധവും നന്ദിയുമുള്ള ജീവി നായയാണ് എന്നത്രെ ഖുർആൻ നൽകുന്ന പാഠം. ഇതിന് നമുക്ക് എത്രയോ അനുഭവവുമുണ്ട്. നിരവധി കള്ളന്മാരെ പിടിച്ച ചരിത്രം നായക്കാണ്. ബോംബ് ഭീഷണിയുണ്ടാവുമ്പോൾ പരിശോധന നടത്തുന്നതും പ്രകൃതി ദുരന്തമുണ്ടാവുമ്പോൾ ബിൽഡിങ്ങിനകത്ത് ശവമോ ജീവനോ ഉണ്ടെന്ന് കണ്ടെത്തുന്നതുമെല്ലാം നായയാണ്. ഖുർആൻ പറയുന്നത് കാണുക: “നിങ്ങൾക്ക് അല്ലാഹു പഠിപ്പിച്ചു തന്ന നായാട്ടു സൂത്രങ്ങളിൽ ചിലതെല്ലാം നിങ്ങൾ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്ത നായ വേട്ടയാടിക്കൊണ്ടു വരുന്ന മൃഗങ്ങളെയും അനുവദിച്ചിരിക്കുന്നു.” (5:4) ഏകദൈവ സിദ്ധാന്തം വെട്ടിത്തുറന്ന് പറഞ്ഞതിനാൽ അക്രമിയായ ഒരു രാജാവിൽ നിന്ന് ഏതാനും യുവാക്കൾക്ക് അനുഭവിക്കേണ്ടി വന്ന പീഡന കഥ ഖുർആൻ വിവരിക്കുന്നുണ്ട്. മർദനം സഹിക്കവയ്യാതായപ്പോൾ അവർക്ക് ഒരു ഗുഹയിൽ ഒളിച്ചിരിക്കേണ്ടി വന്നു. അവർക്ക് കാവൽക്കാരനായി ഒരു ശുനകനുണ്ടായിരുന്നുവെന്ന് 18:18ൽ പറയുന്നു.

**വളരെ നിസ്സാര കാര്യങ്ങൾക്ക് ഹദീസിൽ നരകം കാണാം. ഉദാ: ഞെരിയാണിക്ക് താഴെ തുണി താഴ്ന്നാൽ, മുടി ക്രോപ്പ് ചെയ്താൽ, സ്വർണ മോതിരം ധരിച്ചാൽ, ചിത്രം വരച്ചാൽ, നായയെ വളർത്തിയാൽ, പട്ടു വസ്ത്രം ധരിച്ചാൽ, വലത്തോട്ട് തുപ്പിയാൽ, നിന്ന് മൂത്രമൊഴിച്ചാൽ...**

ഭൂലോകത്ത് കോടിക്കണക്കിന് ജീവികൾ ഉണ്ടായിട്ടും ഈയൊരു ജീവിയെ ഖുർആൻ എടുത്തു പറഞ്ഞു. നായയുടെ തന്ത്രവും സൂത്രവും മണം പിടിക്കാനുള്ള കഴിവും നമ്മെ അത്ഭുതപ്പെടുത്തുന്നു. എല്ലാവരും സമ്മതിക്കുന്ന ഈ സത്യം പക്ഷേ അബൂ ഹുറയ്റാ പ്രഭൃതികൾ അംഗീകരിക്കുന്നില്ല. ബുഖാരി എഴുതിയത് കാണുക: "വല്ലവനും കൃഷിക്കോ കന്നുകാലികളുടെ കാവലിനോ അല്ലാതെ നായയെ വളർത്തിയാൽ ഓരോ ദിവസവും അവന്റെ സൽക്കർമങ്ങളിൽ നിന്ന് ഒരു ഖീറാത്ത് (ഉഹ്ദ് മലയോളം നന്മ) കുറഞ്ഞ് കൊണ്ടിരിക്കും." (സി.എൻ അഹമ്മദ് മൗലവിയുടെ ബുഖാരി പരിഭാഷ-1037, റിയാളുസ്വാലിഹ്-1691, 1692) അബൂ ഹുറയ്റ: "നായയുള്ള വീട്ടിലേക്ക് മലക്ക് പ്രവേശിക്കില്ല. നബിയുടെ വീട്ടിൽ ചിത്രരൂപവും നായയും ഉള്ളതിനാൽ ജിബ്രീൽ വീട്ടിൽ കടക്കാതെ മടങ്ങിപ്പോയി. പിന്നീടൊരിക്കൽ നബിയെ കണ്ടപ്പോൾ ജിബ്രീൽ പറഞ്ഞു: നായയെ ആട്ടിക്കളയുക, ചിത്രങ്ങൾ മാറ്റുക." (സി.എൻ-1564) ഇങ്ങനെയെങ്കിൽ ഒരു നായയെ ഗേറ്റിൽ കാവൽ നിർത്തിയാൽ എന്ത് തെമ്മാടിത്തവും വീട്ടിൽ വെച്ച് ചെയ്യാം! കാരണം തിന്മ എഴുതുന്ന മലക്ക് വരില്ലെന്ന് സമാധാനിക്കാമല്ലോ!

ചിത്രം വരയെക്കുറിച്ച് ഇബ്നു ഉമർ, ഇബ്നു അബ്ബാസ് എന്നിവർ റിപ്പോർട്ട് ചെയ്ത ബുഖാരിയിലെ ഹദീസ് കൂടി നോക്കാം. വല്ലവനും രൂപങ്ങൾ നിർമിച്ചാൽ അതിന് ജീവനിടേണ്ടി വരും. ജീവനിടും വരേക്കും അവൻ ശിക്ഷിച്ചുകൊണ്ടിരിക്കും. ഉപജീവന മാർഗത്തിനാണ് ഒരാൾ ചിത്രം വരക്കുന്നതെങ്കിൽ അവൻ വല്ല കല്ലോ മരമോ വരച്ചുകൊള്ളട്ടെ. മറ്റു ചിത്രം വരക്കാരെല്ലാം കഠിന നരകാവകാശികളാണ്." (സലാം സുല്ലമിയുടെ ബുഖാരി പരിഭാഷ-5950)

ചിത്രം വര വിഷയത്തിൽ ഇത്രയും ഗൗരവമുള്ള ശിക്ഷ വിധിച്ചിട്ടും അവരുടെ മുഖപത്രം, മാസിക, ഐഡന്റിറ്റി കാർഡ് എന്നിവയിൽ ചിത്രപ്രദർശനം എന്തടിസ്ഥാനത്തിലാണ്? ഇവരാണോ ഖുർആനും ഹദീസും മുറുകെപ്പിടിക്കുന്ന സത്യവിശ്വാസികൾ?

## അങ്ങാടി ദുഷിച്ചത്!

ഭക്ഷണം കഴിക്കുകയും അങ്ങാടിയിലൂടെ നടക്കുകയും ചെയ്യുന്നവരായല്ലാതെ നിനക്ക് മുമ്പ് ദൂതന്മാരിൽ ആരെയും നാം അയച്ചിട്ടില്ല. (25:20)

ആവശ്യമില്ലാതെ അങ്ങാടിയിലൂടെ തെണ്ടിനടക്കുന്ന എന്നല്ല ഇതിന് അർഥമാക്കേണ്ടത്. മറിച്ച് നാട്ടിൽ നടമാടുന്ന നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് ഓരോരുത്തരുടെയും ബാധ്യതയാണ്. പ്രവാചകന്മാർ എല്ലാവരും അതത് കാലഘട്ടങ്ങളിലെ അധർമം, അരാജകത്വം, അക്രമം, അനീതി, അഴിമതി, ധൂർത്ത്, ചതി, വഞ്ചന, അളവ്-തൂക്ക കൃത്രിമം എന്നിങ്ങനെയുള്ള എല്ലാ ചൂഷണവും തുടച്ചുമാറ്റാൻ അഹോരാത്രം പരിശ്രമിച്ചു കൊണ്ടിരുന്നു എന്നാണ് പല സൂക്തങ്ങളിൽ നിന്നും മനസ്സിലാവുന്നത്. അതിന് ജനമുള്ള അങ്ങാടിയിൽ തന്നെ പോവണം. മുസ്ലിം റിപ്പോർട്ട് ചെയ്യുന്ന ഹദീസ്: "ദിക്കുകളിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടത് പള്ളിയാണ്. ഏറ്റവും കോപമുള്ളത് അങ്ങാടിയും. അതിനാൽ അങ്ങാടിയിൽ പ്രവേശിക്കുന്ന ആദ്യത്തെ വ്യക്തി നീ ആകരുത്." (റിയാളുസ്വാലിഹ്-1847, 1848) നീണ്ട താടിയും തലപ്പാവും മുട്ട് വരെയുള്ള തുണിയുമായി, കൈയിൽ തസ്ബീഹ് മാലയുമായി ജപിച്ച് നോമ്പ് നോറ്റ് ദിക്റും സ്വലാത്തും ചൊല്ലി സദാ പള്ളിയിൽ ചടഞ്ഞുകൂടിയാൽ സ്വർഗം ഉറപ്പായി എന്ന മിഥ്യാധാരണയാണ് ചിലർക്കുള്ളത്.

അങ്ങാടിയിലെ ചൂഷണത്തിനെതിരെ നെഞ്ചൂക്കോടെ അടർക്കളത്തിൽ ഇറങ്ങിയ ചരിത്രമാണ് സ്വാലിഹ്, മൂസ, ഇബ്രാഹിം, ദാവൂദ്, മുഹമ്മദ് നബിമാർക്കുള്ളത്. അവരെല്ലാം കേവല ആരാധനകൾക്കല്ല; മറിച്ച് സൽപ്രവർത്തനങ്ങൾക്കാണ് പ്രാധാന്യംകൊടുത്തത്.

മുജാഹിദിലെ ഒരു വിഭാഗം പരിസ്ഥിതി രംഗത്തും ആതുര ശുശ്രൂഷാ രംഗത്തും ഇറങ്ങിത്തിരിച്ചപ്പോൾ അതൊന്നും ചെയ്യേണ്ടവർ നമ്മളല്ല; സന്നദ്ധ സംഘടനകളാണ്, നമുക്ക് തൗഹീദ് പറഞ്ഞാൽ മാത്രം മതി എന്ന് പറഞ്ഞ് തനി പിന്തിരിപ്പന്മാരായി മാറി മറുവിഭാഗം.

## പാനീയത്തിൽ ഈച്ച വീണാൽ

"നിങ്ങൾ കുടിക്കുന്ന വെള്ളത്തിൽ ഈച്ച വീണാൽ അതിനെ ഒന്നുകൂടി അതിൽ മുക്കി ആ വെള്ളം കുടിക്കാം. കാരണം ഈച്ചയുടെ ഒരു ചിറകിൽ വിഷവും മറ്റേ ചിറകിൽ ഔഷധവുമാണുള്ളത്. (സുല്ലമി-3320, സി.എൻ-1358) അനവധി മാലിന്യങ്ങളിൽ കയറിയിറങ്ങുന്ന ഈച്ചയുടെ ഒരു ചിറകിൽ ഔഷധമുണ്ടെന്ന കണ്ടെത്തൽ ഏത് ആരോഗ്യ ശാസ്ത്രമാണ് അംഗീകരിച്ചത്? ഈച്ചയേക്കാൾ എണ്ണത്തിൽ കുറവുള്ള തേനിച്ചയെക്കുറിച്ച അധ്യായം തന്നെ ഖുർആനിലുണ്ട്. തേനീച്ചയിൽ നിന്ന് നിർഗമിക്കുന്ന തേനിൽ നിങ്ങൾക്ക് ഔഷധമുണ്ടെന്ന് പോലും പറഞ്ഞിട്ട് ഇക്കാര്യം

അല്ലാഹു മറന്നോ?

## കുഷ്ഠരോഗിയെ കണ്ടാൽ ഓടണം!

അബൂ ഹുറയ്റ: "സിംഹത്തെ ഭയന്നോടും പോലെ കുഷ്ഠരോഗികളിൽ നിന്ന് നീ ഓടിയകന്ന് കൊള്ളുക." (സുല്ലമി-5707)

സ്വന്തം മാതാവിനോ പിതാവിനോ മകന്നോ മറ്റോ കുഷ്ഠരോഗമുണ്ടെങ്കിൽ സിംഹത്തെ കണ്ട് ഓടും പ്രകാരം അവരെ തനിച്ചാക്കി ഓടിയകലണം പോൽ! അവർ ആ കുടിയിൽ ഭക്ഷണമോ വെള്ളമോ കിട്ടാതെ ചാവട്ടെ എന്നാണ് ഈ ഹദീസ് പറയുന്നത്. നബിയുടെ യഥാർഥ ജീവിതം ഖുർആനിൽ നിന്ന് വ്യക്തമല്ല എന്നാണ് ഇവരുടെ ജൽപനം. സ്നേഹ ബന്ധത്തിനും അയൽപക്ക-കുടുംബബന്ധത്തിനുമെല്ലാം അമിത പ്രാധാന്യം കൊടുക്കുന്ന ധാരാളം ഖുർആൻ ആയത്തുകൾ ഉണ്ടായിരിക്കെ, പാവം കുഷ്ഠരോഗികൾ ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്ന അവസ്ഥ ഉണ്ടാക്കി വെച്ച ഹുറയ്റമാരുടെ ഇസ്‌ലാമിക വിരുദ്ധ സിദ്ധാന്തങ്ങളെ കുറിച്ച് വളരെ ഗൗരവത്തിൽ ചിന്തിക്കുക.

## രോഗത്തിന് മന്ത്രിക്കൽ

പ്രസവ വേദന കഠിനമായി സ്ത്രീ പുളയുന്നു. ബന്ധുമിത്രാദികൾ പരക്കം പായുന്നു. ഒരു കൂട്ടർ മുസ്ല്യാരുടെ പക്കൽ പിഞ്ഞാണം എഴുതിക്കുടിക്കാൻ. മറ്റൊരാൾ ഏലസ്സിന്. വീട്ടുകാരി തട്ടിൻപുറത്ത് പൊതിഞ്ഞു വെച്ച സംസം വെള്ളം എടുക്കുന്നു. അവസാനം കുട്ടിയും തള്ളയും മയ്യത്തായി എന്ന വാർത്ത. ഒരു കാലഘട്ടത്തിൽ രോഗം വന്നാൽ ആസ്പത്രിയിൽ പോവുന്ന സമ്പ്രദായമേ ഉണ്ടായിരുന്നില്ല. ഇന്ന് യാഥാസ്ഥിതികർ വിഷമഘട്ടത്തിൽ ആസ്പത്രികളെ ആശ്രയിക്കുന്നുണ്ടെങ്കിലും മുഹമ്മദ് നബി പറഞ്ഞതാണെന്ന ധാരണയിൽ ബുഖാരി, മുസ്ലിം തുടങ്ങിയ ഹദീസ് ഗ്രന്ഥങ്ങളിൽ വന്ന ചികിത്സാ രീതിയെ തള്ളിക്കളയുന്നില്ല.

ഖൈബർ യുദ്ധ ദിവസം തിരക്കിനിടയിൽ നബി അലിയെ അന്വേഷിച്ചപ്പോൾ അലിക്ക് നേത്രരോഗം ബാധിച്ച് കിടപ്പിലാണെന്ന് വിവരം ലഭിച്ചു. ഉടനെ ചെന്ന് നബി തന്റെ തുപ്പുനീർ അലിയുടെ കണ്ണിൽ പുരട്ടിക്കൊടുത്തു. അൽപ സമയത്തിനുള്ളിൽ രോഗം സുഖപ്പെട്ടു. (സി.എൻ-1228, റിയാള്-906)

മിസ്‌വർ, മർവാൻ എന്നിവർ റിപ്പോർട്ട് ചെയ്യുന്ന ഹദീസ്: ഹുദൈബിയാ കാലഘട്ടത്തിൽ യാത്ര പുറപ്പെട്ട നബിയുടെ സംഘത്തിന് വെള്ളം കിട്ടാതായപ്പോൾ ഒരു കിണർ കണ്ടു. താഴെ ഇത്തിരി വെള്ളം ഒപ്പിയെടുത്തു. ദാഹം തീർന്നില്ല. നബി അമ്പെറിഞ്ഞു. വെള്ളം പൊങ്ങിവന്നു. ഇഷ്ടം പോലെ കുടിച്ചു. നബി തുപ്പുമ്പോഴും അത് അവരിലൊരാളുടെ കൈകളിലെത്തും. എന്നിട്ട് അയാളുടെ മുഖത്തും ചർമങ്ങളിലുമൊക്കെ പുരട്ടും. നബി എന്തെങ്കിലും കൽപിക്കുമ്പോൾ അതനുസരിക്കാൻ അവർ തിടുക്കം കൂട്ടും. നബി വുളു ചെയ്താൽ ആ വെള്ളത്തിന് വേണ്ടി അവർ ശണ്ഠ കൂടും. (സുല്ലമി-2731, 2732)

പറയുക: ഞാൻ നിങ്ങളെപ്പോലുള്ള ഒരു സാധാരണ മനുഷ്യനാകുന്നു" (18:110) എന്ന് ഖുർആൻ വെട്ടിത്തുറന്ന് പറഞ്ഞിട്ടും അതിന് കടകവിരുദ്ധമായ ആശയങ്ങൾ എങ്ങനെ ഹദീസുകളിൽ കടന്നുകൂടി? നബിയുടെ മുടി സൂക്ഷിക്കാൻ പള്ളി നിർമിക്കുന്ന ഇവർ നാളെ തുപ്പൽ പള്ളിയും ഉണ്ടാക്കിക്കൂടെന്നില്ല. പള്ളിദർസുകളിലെല്ലാം ഇപ്പോൾ തന്നെ കോളാമ്പി സൂക്ഷിച്ച് തുപ്പൽ ശേഖരിച്ചു തുടങ്ങാവുന്നതാണ്! കൈ നീട്ടുന്നവർക്ക് തുപ്പിക്കൊടുക്കുന്ന പരമനാറിയാണ് മുഹമ്മദ് നബിയെന്നോ?

## മന്ത്രിച്ചൂതിയാൽ കൂലി വാങ്ങാം!

അബൂ സഈദ് പറയുന്നു: നബിയുടെ അനുചരന്മാരിൽ ഒരു സംഘം യാത്ര പുറപ്പെട്ടു. അവർ ഒരു ഗോത്രത്തിലെത്തിയപ്പോൾ അവരിൽ ഒരാൾക്ക് പാമ്പു കടിയേറ്റ് ചികിത്സ അന്വേഷിക്കുകയാണ്. കടിച്ച പാമ്പിൻ വിഷം ഗോത്രത്തലവൻ ഇറക്കി. നബിയുടെ സംഘത്തിലെ ഒരാൾ ഫാതിഹ ഓതി മുഖത്ത് തുപ്പി. പെട്ടെന്നയാൾ ഒരസുഖവുമില്ലാതെ കെട്ടഴിച്ചുവിട്ട മൃഗത്തെപ്പോലെ എഴുന്നേറ്റ് നടന്നു. വ്യവസ്ഥ പ്രകാരം പ്രതിഫലമായി ഒരു കൂട്ടം ആടുകളെ അവർ നൽകി. മടങ്ങുമ്പോൾ അവരിൽ പലർക്കും ഇത് ശരിയോ തെറ്റോ എന്ന തർക്കമായി. അവസാനം അവർ നബിയുടെ പക്കൽ വന്ന് കാര്യങ്ങൾ പറഞ്ഞു. നബിയുടെ മറുപടി: നീ എങ്ങനെ മനസ്സിലാക്കി ഈ ഖുർആൻ വാക്യം മന്ത്രിക്കാനുള്ളതാണെന്ന്? നിങ്ങൾ ചെയ്തത് ശരിയാണ്. ഓഹരി വെക്കുവിൻ. ഒരു ഓഹരി എനിക്ക് കൂടി തരിക. ശേഷം നബി ചിരിച്ചു. (സുല്ലമി-2276, സി.എൻ -1022)

ഇതിൽ നിന്ന് ലഭിക്കുന്ന ഗുണപാഠങ്ങൾ എന്തെല്ലാമെന്ന് ഒരാൾ അന്വേഷിക്കുമ്പോൾ അവന് ലഭിക്കുന്ന ഉത്തരങ്ങൾ ഇവയാണ്:

1. പാമ്പുകടിയേറ്റാൽ ഫാതിഹ ഓതി മന്ത്രിക്കുക.

2. ആപത്ഘട്ടങ്ങളിൽ സഹായിച്ചാൽ അതിന് കൂലി വാങ്ങുക.

3. നോക്കുകൂലി അനുവദനീയമാണ്.

4. കീഴ്ഖാളിമാരുടെ അധ്വാനത്തിന്റെ ഒരു ഭാഗം മേൽഖാളിക്കും.

5. എല്ലാവരുടെ തുപ്പലും മരുന്നാണ്.

## കണ്ണേറ് പറ്റിയാൽ മന്ത്രിക്കണം!

ഉമ്മു സൽമ: മുഖത്ത് പാടുള്ള ഒരു പെൺകുട്ടിയെ കണ്ടപ്പോൾ നബി പറഞ്ഞു: അവൾക്ക് കണ്ണ് പറ്റിയതായിരിക്കാം. ഒന്ന് മന്ത്രിച്ചു നോക്കുക. (5739)

ആയിശ: കണ്ണിന്റെ വശ്യതക്ക് മന്ത്രിക്കുവാൻ നബി എന്നോട്

കൽപിച്ചിരിക്കുന്നു. (5738)

അബൂ ഹുറയ്റ: കണ്ണിന്റെ വശ്യത യാഥാർഥ്യമാണ്. അതിന് മന്ത്രിക്കുക എന്ന് നബി പറഞ്ഞിരിക്കുന്നു. (5740) കുതിര, സ്ത്രീ, വീട് എന്നിവയിൽ ദുശ്ശകുനമുണ്ട്. അവ സൂക്ഷിക്കണം. (2858)

ഇവക്ക് വിരുദ്ധമായ ആശയമാണ്ഖുർആൻ പറയുന്നത്. "ഭാര്യ, മക്കൾ, കന്നുകാലികൾ, കൃഷി എന്നിവ ദുനിയാവിലെ അലങ്കാരവും പരലോകത്ത് നിങ്ങളുടെ സമ്പാദ്യവുമായിരിക്കും." (3:14)

ഖുർആനിൽ ഏതൊരു വിഷയം ഊന്നിപ്പറഞ്ഞിട്ടുണ്ടോ, അവിടെ ശകുനപ്പിഴ ഉണ്ടാക്കൽ ഇവരുടെ സ്വഭാവമാണ്. അത് പല വിഷയങ്ങളിലും നാം കണ്ടു. പുതിയ വീട്, കൃഷിസ്ഥലം എന്നിവിടങ്ങളിൽ വൈക്കോൽ ബൊമ്മ വെക്കുന്നവരെ കുറ്റം പറയേണ്ടതില്ല.

## ഭക്ഷണ മര്യാദ

ഖുർആന്റെ കാഴ്ചപ്പാടിൽ അനുവദനീയമായ ഏത് ഭക്ഷണവും കഴിക്കാം. എങ്കിലും ശവം അഥവാ കെട്ടിത്തൂങ്ങിച്ചത്തത്, അടിച്ചു കൊന്നത്, വീണു ചത്തത്, ദുഷ്ട ജന്തുക്കൾ തിന്നതിന്റെ ബാക്കി, ബിംബത്തിന് അർപ്പിച്ചത് എന്നിങ്ങനെയുള്ള അവസ്ഥയിൽ കിട്ടിയ ഭക്ഷണം നിരോധിച്ചു. എങ്കിലും നിർബന്ധിതഘട്ടത്തിൽ അമിതമാക്കാതെ അവ ഭക്ഷിക്കേണ്ടിവന്നാൽ ഭക്ഷിക്കാം. (5:1-5, 6:145, 118) ഭക്ഷണം ആരുടെ കൂടെ, എങ്ങനെ കഴിക്കണമെന്ന് 24:61ൽ പറയുന്നു.

ആന, ഉറുമ്പ്, പാറ്റ, മണ്ണിര, ചെള്ള്, പാമ്പ് എന്നിങ്ങനെ കോടിക്കണക്കിന് ജീവികളെ എണ്ണിപ്പറയാതെ നിങ്ങളുടെ മനസ്സിന് ഇഷ്ടമാണെന്ന് തോന്നുന്നതിനെ ഭക്ഷിക്കാം എന്നാണ് ഖുർആൻ പറയുന്നത്. ചേരയെ തിന്നുന്ന നാട്ടിൽ പോയാൽ നടുക്കഷ്ണം തന്നെ തിന്നണം എന്നല്ലേ പഴഞ്ചൊല്ല്. എണ്ണിപ്പറഞ്ഞവ ഒഴികെയുള്ളത് ഭക്ഷിക്കാം എന്നർഥം. എന്നാൽ ഇതിനെതിരിൽ ഹദീസിലെ പാര നമുക്ക് ഒന്ന് നോക്കാം.

## കരിഞ്ചീരകവും കാരക്കയും

ആയിശ: നബി പറഞ്ഞിരിക്കുന്നു: കരിഞ്ചീരകം മരണമല്ലാത്ത എല്ലാ രോഗങ്ങൾക്കും ശമനൗഷധമാണ്. (സി.എൻ-1916) സഅദ്: നബി പറഞ്ഞിരിക്കുന്നു: അജ്വ ഇനത്തിൽ പെട്ട ഏഴ് ഈത്തപ്പഴം എല്ലാ ദിവസവും കഴിച്ചാൽ വിഷമം, സിഹ്റ് എന്നിവ ബാധിക്കില്ല. (സി.എൻ-1858) ഇത്രയും വലിയ മഹത്തായ സന്തോഷ വാർത്ത നബി തന്റെ ഭാര്യമാരോടും അടുത്ത സുഹൃത്തുക്കളോടും പറഞ്ഞാൽ മതിയോ? എന്തുകൊണ്ട് അത് ഖുർആൻ പറഞ്ഞില്ല? ഇത് ശരിയാണെങ്കിൽ കോടികൾ മുടക്കി ആസ്പത്രികൾ ഉണ്ടാക്കേണ്ടതുണ്ടോ? കരിഞ്ചീരകം മരണമല്ലാത്ത എല്ലാ രോഗത്തിനും ഔഷധമാണെന്ന് അംഗീകരിക്കുന്ന അഹ്‌ലുസ്സുന്നത്തുകാർ മുക്കിലും മൂലയിലും ആസ്പത്രികൾ ഉണ്ടാക്കാൻ മത്സരിക്കുന്നത് എന്തിനാണ്? കരിഞ്ചീരകവും കാരക്കയും പോരെ?

## ഭക്ഷണം കഴിച്ചാൽ നക്കണം; നക്കിപ്പിക്കണം!

ഇബ്നു അബ്ബാസ്: നബി ഉപദേശിക്കുകയുണ്ടായി: നിങ്ങൾ ഭക്ഷണം കഴിച്ചു കഴിഞ്ഞാൽ കൈവിരൽ തുടച്ച് കളയരുത്. നക്കുകയോ നക്കിപ്പിക്കുകയോ ചെയ്തുകൊള്ളട്ടെ. (മുത്തഫഖ് -752)

സ്വന്തം കൈവിരൽ നക്കുന്ന കാര്യം സഹിക്കാം. എന്നാൽ നക്കിപ്പിക്കാൻ ആ വിരലും കൊണ്ട് അടുത്തവന്റെ നാവിലേക്ക് നീട്ടിക്കൊടുക്കണമെന്നോ? അടുത്തിരിക്കുന്നത് അന്യ സ്ത്രീയോ യജമാനനോ അധ്യാപകനോ പല്ലും നാവും വൃത്തിയാക്കാത്തവനോ ആണെങ്കിലും അവരോട് നക്കിപ്പിക്കണമെന്നാണ് ബുഖാരിയും മുസ്ലിമും നമ്മെ പഠിപ്പിക്കുന്നത്! ആരോഗ്യശാസ്ത്രത്തിൽ എന്ത് പിന്തുണയാണിതിനുള്ളത്?

## ഭക്ഷണം നിന്ന് കഴിക്കരുത്!

അബൂ ഹുറയ്റ: നിങ്ങളിലാരും നിന്ന് കുടിക്കുകയോ തിന്നുകയോ ചെയ്യരുത്. വല്ലവനും അങ്ങനെ മറന്ന് ചെയ്താൽ ഛർദിച്ചു കൊള്ളട്ടെ. (മുസ്ലിം, റിയാളുസ്സ്വാലിഹ്-776) എന്നാൽ 771 മുതൽ 775 വരെ ഹദീസിൽ പറയുന്നത് ഇതിനെല്ലാം വിരുദ്ധമായാണ്. സംസം വെള്ളം പോലും ഇരുന്നും നടന്നും നിന്നും കുടിച്ചിരുന്നു. അപ്പോൾ ഏതാണ് മുഹമ്മദ് നബി പറഞ്ഞത്? ഒരു മതവിധി പറയുമ്പോൾ ഏത് കാലത്തേക്കും അനുയോജ്യമായിരിക്കണം. നിന്ന് തിരിയാൻ ഇടമില്ലാത്ത തീവണ്ടി, സമ്മേളന ഹാൾ, തിരക്കുള്ള സമയം, കോരിച്ചൊരിയുന്ന മഴ, താഴെ ചെളിക്കുണ്ട് എന്നീ സന്ദർഭത്തിൽ നിന്ന് തിന്നവൻ ഛർദിച്ച് കളയണമെന്ന തത്വം വലിയ ബുദ്ധിമുട്ടുള്ള പ്രശ്നം തന്നെയാണ്. എന്നാൽ ഖുർആൻ പല സ്ഥലങ്ങളിലായി നമ്മെ ക്ഷണിക്കുന്നത് എളുപ്പത്തിന്റെ മാർഗത്തിലേക്കാണ്. നിങ്ങളെ ഒരു നിലക്കും കഷ്ടപ്പെടുത്താൻ താൻ ആഗ്രഹിക്കുന്നില്ലെന്ന് അല്ലാഹു പറയുന്നു.

ഒരു യുദ്ധവേളയിൽ രാത്രി വിശ്രമിക്കുമ്പോൾ വിശപ്പ് കഠിനമായപ്പോൾ അവർ കഴുതയെ അറുത്ത് ചെമ്പിൽ വേവിക്കുകയാണ്. ഭക്ഷണത്തിന് കാത്തിരിക്കുന്ന സന്ദർഭത്തിൽ ഒരാൾ വന്ന് വിളിച്ചു പറയുന്നു: ഹേ ജനമേ, മുഹമ്മദ് നബി പറഞ്ഞിരിക്കുന്നു: ഇന്ന് മുതൽ കോവർ കഴുതയുടെ മാംസം നിങ്ങൾക്ക് ഹറാമാക്കിയിരിക്കുന്നു. ഉടനടി അവർ ഒന്നും ആലോചിക്കാതെ തിളച്ചു മറിയുന്ന ചെമ്പ് കമഴ്ത്തിക്കളഞ്ഞു. (അനസ്-4199) എന്നാൽ മുഹമ്മദ് നബി നമ്മെ ഖുർആനിലൂടെ പഠിപ്പിക്കുന്നത് എനിക്ക് വഹ്‌യ് ആയിക്കിട്ടിയതിൽ... ഇവയല്ലാതെ നിരോധിച്ചിട്ടില്ല (6:145) എന്നാണ്. ഇതിൽപ്പെടാത്ത കഴുതക്കാര്യം

മറ്റൊരാൾക്കോ മുഹമ്മദ് നബിക്കോ പറയാൻ അധികാരമില്ല. അതായത് ദിവ്യബോധനത്തിലൂടെ കിട്ടിയതാണെങ്കിൽ ഖുർആനിലുണ്ടായിരിക്കണം.

## മത്സ്യം തിന്നാൻ തെളിവുണ്ടോ?

ബിസ്മി ചൊല്ലി അറുക്കാതെ ലഭിക്കുന്ന മത്സ്യം ഖുർആൻ മാത്രം മതി പ്രമാണം എന്ന് പറയുന്നവർക്ക് ഭക്ഷിക്കാൻ പറ്റുമോ? സാധാരണക്കാരുടെ മുന്നിൽ ഉന്നയിക്കുന്ന ചോദ്യങ്ങളാണിവ. എന്തെല്ലാം ഭക്ഷിക്കാം, ഭക്ഷിക്കരുത് എന്ന് പല ആയത്തിലൂടെയും നാം വായിച്ചു. എങ്കിലും ജനം ഇങ്ങനെ ഒരു സംശയം ഉന്നയിക്കാൻ സാധ്യതയുണ്ടെന്ന് മുൻകൂട്ടിക്കണ്ട് അല്ലാഹു തന്നെ പറയുകയാണ്: “നിങ്ങൾക്കും യാത്രാസംഘങ്ങൾക്കും ജീവിത വിഭവമായി കടലിലെ വേട്ട ജന്തുക്കളും സമുദ്രാഹാരവും അനുവദിക്കപ്പെട്ടിരിക്കുന്നു. (5:96) ഈ ഉത്തരം പറഞ്ഞാൽ പണ്ഡിതമണ്ടന്മാർ വീണ്ടും ഒരു ചോദ്യം ഉന്നയിക്കും. കടൽ എന്നല്ലേ പറഞ്ഞത്; പുഴ, തോട് എന്നിവയിലെ മത്സ്യം എങ്ങനെ പിടിക്കും? ഖുർആനിലെ ബഹർ എന്ന പദത്തിന് കടൽ എന്ന് മാത്രമല്ല, ജലാശയം എന്ന് കൂടി അർഥമുണ്ട്. തെളിവിനായി 25:53 പരിശോധിക്കുക.

ഹദീസുണ്ടായാൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരമാവുമോ? ലോകത്ത് കരയിലും കടലിലുമായി കോടിക്കണക്കിന് ജീവികളുണ്ട്. ഹദീസിൽ എണ്ണിപ്പറയാത്തവക്ക് ഉത്തരം ലഭിക്കാൻ എവിടെ പ്പോകും?

*(അവസാനിക്കുന്നില്ല)*

# നബിയും... *(പേജ് 19 ൽ നിന്ന് തുടർച്ച)*

وَتُعَزِّرُوهُ وَتُوَقِّرُوهُ وَتُسَبِّحُوهُ എന്ന് ഏകവചനത്തിലൂടെ പറഞ്ഞത്. അല്ലാഹു വേറെയും മുഹമ്മദ് നബി മറ്റൊരു വ്യക്തിത്വവുമാണല്ലോ. ഇവിടെ റസൂൽ എന്ന പദം കൊണ്ട് മുഹമ്മദ് നബിയാണ് ഉദ്ദേശ്യമെങ്കിൽ وَتُعَزِّرُوهُما وَتُوَقِّرُوهُما وَتُسَبِّحُوهُما എന്നിങ്ങനെ ദ്വിവചനത്തിലാണ് പറയുക. അപ്പോൾ ദ്വിവചന രൂപത്തിലല്ല ഖുർആനിലുള്ളത് എന്നതു കൊണ്ടും തസ്ബീഹ് അല്ലാഹുവിനേ പാടുള്ളൂ എന്നതു കൊണ്ടും ഈ ആയത്തിലെ റസൂൽ, മുഹമ്മദ് എന്ന വ്യക്തിയല്ല; മറിച്ച് ഖുർആനാണ് എന്ന് വ്യക്തം.

ഒരായത്ത് കൂടി പഠിക്കാം. يَحْلِفُونَ بِاللّٰهِ لَكُمْ لِيُرْضُوكُمْ وَاللّٰهُ وَرَسُولُه أَحَقُّ أَنْ يُرْضُوهُ (...തൃപ്തിപ്പെടുത്താൻ ഏറ്റവും അവകാശപ്പെട്ടത് അല്ലാഹുവും അവന്റെ ദൂതനുമായിരിക്കെ... - 9:62) ഈ ആയത്തിലും റസൂൽ എന്ന പദം കൊണ്ട് ഖുർആനെയാണ് ഉദ്ദേശിക്കുന്നത്. മുഹമ്മദ് നബിയെയാണ് ഉദ്ദേശിക്കുന്നതെങ്കിൽ أَنْ يُرْضُوهُما എന്നാണ് പറയേണ്ടിയിരുന്നത്. കാരണം അല്ലാഹുവും മുഹമ്മദ് നബിയും രണ്ട് വ്യക്തിത്വങ്ങളാണല്ലോ. ആയതുകൊണ്ട് أَنْ يُرْضُوهُ എന്ന ഏകവചനത്തിൽ പറഞ്ഞത് അല്ലാഹുവിനെയും അവന്റെ തന്നെ വിശേഷണമായ ഖുർആനെയും ഒന്നായിക്കണ്ടാണ്.

ഭാര്യമാരോട്, മക്കളോട്, സുഹൃത്തുക്കളോട്, സമൂഹത്തിലെ മറ്റു വ്യക്തികളോട് എന്നുവേണ്ട ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ താൻ ബന്ധപ്പെടുന്നവരോടുള്ള സംസാരങ്ങളും ഇടപാടുകളും തമാശ പറയലും വിവരങ്ങൾ അന്വേഷിക്കലുമൊക്കെയുള്ള വ്യക്തിത്വത്തിന്റെ ഉടമയാണ് നബി. അല്ലാതെ ഒരു വികാരവുമില്ലാത്ത മനുഷ്യനല്ല അദ്ദേഹം. എന്നാൽ റസൂലിനാകട്ടെ തനിക്ക് കിട്ടിയ വഹ്‌യ് ജനത്തോട് പറയലും അത് മറച്ചു വെക്കാതെ അവരിലേക്ക് എത്തിക്കലും മാത്രമാണ് ബാധ്യത. يَاأَيُّهَاالرَّسُولُ بَلِّغْ مَاأُنْزِلَ إِلَيْكَ مِن رَبِّكَ (ഓ ദൂതാ, നിന്റെ നാഥനിൽ നിന്ന് നിന്നിലേക്ക് ഇറക്കപ്പെട്ടതെന്തോ അത് നീ എത്തിച്ചു കൊടുക്കുക. മാഇദ-67) റസൂലിനോട് റിസാലത്ത് എത്തിക്കാനാണ് അല്ലാഹു കൽപിക്കുന്നത്. നബി ആ ജനത്തിനിടയിൽ ഒരുപാട് വർഷം ജീവിച്ചിട്ടും ഒരിക്കൽപ്പോലും അവരോട് നബിയെ അനുസരിക്കാൻ അല്ലാഹു കൽപിച്ചില്ല എന്നത് നാം മനസ്സിലാക്കണം. മറിച്ച് റസൂലിനെ അഥവാ റിസാലത്തിനെ അനുസരിക്കാനാണ് അവരോട് കൽപിച്ചത്. റസൂലിന്റെ ബാധ്യത റിസാലത്ത് എത്തിക്കലല്ലാതെ മറ്റൊന്നുമല്ലെന്ന് അല്ലാഹു തറപ്പിച്ച് പറയുന്നു. مَا عَلَى الرَّسُولِ إِلَّاالْبَلَاغ (ദൂതന്റെ മേൽ എത്തിച്ചു കൊടുക്കലല്ലാതെ മറ്റു ബാധ്യതയില്ല - 5:99) مَا............إِلَّا എന്ന് പറഞ്ഞാൽ അതല്ലാതെ ഇല്ല എന്നാണ് അർഥം. നമുക്ക് അല്ലാഹു പറഞ്ഞത് വിശ്വസിക്കാം.

*(അവസാനിക്കുന്നില്ല)*

**ഖുർആനെ അറിയാൻ; ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തെ അറിയാൻ**
visit
**www.khur-aansunnathsociety.com**



# ചേലാകർമം അനിസ്ലാമികം

ഡോ. എം. അബ്ദുൽ ജലീൽ പുറ്റെക്കാട്
abduljaleel1960@hotmail.com

കന്നൂർ മൗലവിയുടെ ആകസ്മികമായ അന്ത്യം ഞങ്ങളെ വല്ലാതെ വേദനിപ്പിക്കുകയും അമ്പരപ്പിക്കുകയും ചെയ്തിരുന്നു. ആ അമ്പരപ്പും വേദനയും നാഥനില്ലാത്ത അവസ്ഥയും മാസങ്ങളോളം നീളുകയും ചെയ്തു എന്നതും ഒരു വസ്തുതയാണ്. എങ്കിലും ദീർഘദൃഷ്ടിയോടെ അദ്ദേഹം രചിച്ച ഗ്രന്ഥങ്ങൾ ഞങ്ങൾക്ക് വളരെ സഹായകമായി. അക്ഷരം എന്നാൽ ക്ഷരം പറ്റാത്തത് (നശിക്കാത്തത്) എന്നാണല്ലോ അർഥം. വിശുദ്ധ ഖുർആന്റെയും മൗലവി സ്ഥാപിച്ച ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തിന്റെയും അനശ്വരത അദ്ദേഹത്തിന്റെ അക്ഷരങ്ങളിലൂടെ ഞങ്ങൾ കണ്ടു. അദ്ദേഹം പറയാൻ ബാക്കിവെച്ച പലതും പറയാനും എഴുതാനും ഈയുള്ളവന് ധൈര്യം നൽകിയത് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ തന്നെ.

ഇന്ന് ഖുർആൻ സുന്നത്ത് പ്രസ്ഥാനം സമ്പൂർണവും സമ്പന്നവുമായിരിക്കുന്നു. മൗലവിയുടെ വിയോഗാനന്തരം പ്രസ്ഥാനത്തിലേക്ക് വന്ന ചില ജമാഅത്ത്-മുജാഹിദ് പണ്ഡിതരുടെ പ്രസംഗങ്ങളും പ്രബന്ധങ്ങളും പുസ്തകങ്ങളും ആദർശബന്ധുക്കളുടെ നിസ്വാർഥമായ സഹകരണവും പ്രവർത്തനങ്ങളും സുന്നത്ത് ജമാഅത്ത് എന്ന ഖുർആൻ വിരുദ്ധ സംഘടനയുടെ ഏത് രീതിയിലുള്ള കുതന്ത്രങ്ങളെയും നേരിടാൻ ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തെ പര്യാപ്തമാക്കിയിരിക്കുന്നു. അൽഹംദുലില്ലാ...

ഖുർആനോ മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത അതിക്രൂരവും പൈശാചികവുമായ ദുരാചാരമാണ് ചേലാകർമം (Circumcision) എന്ന സുന്നത്ത് കല്യാണം. നേർച്ച മൃഗങ്ങളായ ഒട്ടകങ്ങളുടെയും ആടുകളുടെയുമൊക്കെ കാതുകൾ കീറിമുറിച്ച് അടയാളം വെക്കുന്ന പതിവ് അറബികൾക്കു ണ്ടായിരുന്നു. അല്ലാഹുവിന്റെ സൃഷ്ടിഘടനയെ അലങ്കോലപ്പെടുത്തുന്ന അറബികളുടെ ആ ദുരാചാരത്തെ പൈശാചികം (4:119) എന്നാണ് ഖുർആൻ അധിക്ഷേ പിച്ചത്.

ലക്ഷത്തിൽ, അല്ലെങ്കിൽ 10 ലക്ഷത്തിൽ ഒരു തെമ്മാടിക്ക് കള്ളുകുടിയും വ്യഭിചാരവും പ്രകൃതിവിരുദ്ധ നടപടികളും മറ്റുമായി കുത്തഴിഞ്ഞ ജീവിതം നയിക്കുമ്പോൾ അവരുടെ ലിംഗത്തിനും യോനീനാളത്തിനുമൊക്കെ ക്യാൻസർ വരുന്നു എന്ന കാരണം പറഞ്ഞ് നിഷ്കളങ്കരും നിസ്സഹായരുമായ കുട്ടികളുടെ ലിംഗാഗ്ര ചർമം മുറിച്ച് കളയുന്നത് തനി ക്രൂരവും അപഹാസ്യവുമാണ്. ചേലാകർമം മതാചാരമായി പാലിച്ചു വരുന്ന ഇസ്രയേലി ജൂതരിൽ ലിംഗത്തിന് അർബുദമുള്ളവർ പൂജ്യം ശതമാനമാണെങ്കിൽ ചേലാകർമം ചെയ്യാത്ത, വൃത്തിയിൽ നടക്കുന്ന നമ്മുടെ ഹിന്ദു സഹോദരന്മാരിലും ക്രിസ്ത്യാനികളിലും ലിംഗത്തിനുള്ള അർബുദബാധയും പൂജ്യം ശതമാനമാണ്. അപ്പോൾ ദൈവം പഠിപ്പിച്ചതു പോലെ വൃത്തിയിൽ നടക്കുക എന്നതാണ് കാര്യം. വൃത്തിയുള്ളവരെയും ചെയ്തു

**ചേലാകർമ്മത്തിൽ ഒരു ശാസ്ത്രവുമില്ല; മതവുമില്ല. അത് ഇസ്ലാം മതാചാരമല്ല. നബിയോ ഖുർആനോ പഠിപ്പിച്ച സുന്നത്തുമല്ല. അറേബ്യയിൽ ഉണ്ടായിരുന്ന ജൂത പാരമ്പര്യം മാത്രമാണത്.**

പോയ തെറ്റുകളിൽ പശ്ചാത്തപിച്ച് മടങ്ങുന്നവരെയും ദൈവം ഇഷ്ടപ്പെടുന്നു (2:222) എന്ന് ഖുർആൻ പറഞ്ഞതോർക്കുക. അല്ലാതെ ചേലാകർമ്മത്തിൽ ഒരു ശാസ്ത്രവുമില്ല; മതവുമില്ല. അത് ഇസ്ലാം മതാചാരമല്ല. നബിയോ ഖുർആനോ പഠിപ്പിച്ച സുന്നത്തുമല്ല. അറേബ്യയിൽ ഉണ്ടായിരുന്ന ജൂത പാരമ്പര്യം മാത്രമാണത്.

ലൈംഗിക വേഴ്ചയുടെ പരിപൂർണതക്കും കാമോദ്ദീപനത്തിനും ആ ലിംഗാഗ്ര ചർമം സഹായിക്കുമെന്ന് ലൈംഗികശാസ്ത്ര വിദഗ്ധരായ ഡോക്ടർമാർ അഭിപ്രായപ്പെടുന്നു. കാരണം സ്ത്രീക്കും പുരുഷനും ഒരുപോലെ നല്ല സ്പർശന സുഖം നൽകുന്ന, കാമോദ്ദീപകമായ (Erotic) ധാരാളം ഞരമ്പുകളും പേശികളും അടങ്ങുന്ന ഭാഗമാണ് പ്രസ്തുത കിരാത നടപടിയിലൂടെ ഡോക്ടറും ഒസ്സാനും ചേർന്ന് മുറിച്ച് കളയുന്നത്. ചേലാകർമത്തെ അംഗീകരിക്കുന്ന, ചേലാകർമത്തിൽ (Non-therapeutic neonatel circumcision) എന്തെങ്കിലും ഗുണമോ ശാസ്ത്രമോ ഉണ്ടെന്ന് അംഗീകരിക്കുന്ന ഒരു മെഡിക്കൽ സംഘടനയും ഇന്ന് ലോകത്തില്ല എന്നറിയുക. മാത്രമല്ല, 38 കാരണങ്ങളാണ് ചേലാകർമ്മത്തിനെതിരെ പ്രതികരിക്കുന്ന ഡോക്ടർമാർ എടുത്തുദ്ധരിക്കുന്നത്. (Visit www.doctorsopposingcircumcision, www.mothersagainstcircumcision). മതത്തിൽ ഒരു നിർബന്ധവുമില്ല (2:256, 18:29, 10:100, 89:22) അല്ലാഹുവിന്റെ വചനങ്ങൾ പോലും ചിന്തിച്ച് പഠിച്ചല്ലാതെ സ്വീകരിക്കരുത് (47:24, 38:29, 25:30, 73), നിങ്ങൾ ഗ്രന്ഥം ചുമക്കുന്ന കഴുതകളാകരുത് എന്നൊക്കെയുള്ള തത്വങ്ങൾ ഖുർആൻ പഠിപ്പിക്കുമ്പോൾ, ആ വിശുദ്ധ ഗ്രന്ഥത്തെ പാടേ അവഗണിച്ച് നിസ്സഹായനും നിഷ്കളങ്കനുമായ കുട്ടിയുടെ ശരീരത്തിലെ ഏറ്റവും ഉൽകൃഷ്ടമായ അവയവ ത്തിന്റെ -ലിംഗത്തി ന്റെ- ഒരു ഭാഗം അവൻ മതവും ദൈവവും എന്താണെന്നറിയുന്നതിന് മുമ്പ് അറുത്ത് മാറ്റുന്നത് തികഞ്ഞ കാടത്തവും മതഭ്രാന്തും മാത്രമാണ്. നിർബന്ധിത മത പരിവർത്തനത്തിന്റെ (മാർഗം ചേർക്കൽ = മാർക്കക്കല്യാണം) ഏറ്റവും പ്രാകൃതമായ രൂപവുമാണത്. ആകാശവും ഭൂമിയും അവക്കിടയിലുള്ളതും മണ്ണിനടിയിലുള്ളതും മനുഷ്യ ശരീരവുമെല്ലാം തികച്ചും അന്യൂനമായ രീതിയിൽ, അതിമനോഹരമായി സൃഷ്ടിച്ചത് സാക്ഷാൽ അല്ലാഹുവാണെന്നും അങ്ങനെയുള്ള ആ അല്ലാഹുവിന്റെ സൃഷ്ടിഘടനയിൽ എവിടെയും ഒരു കുഴപ്പവും കണ്ടെത്താൻ നിങ്ങൾക്ക് കഴിയില്ലെന്നും ഖുർആൻ ദശക്കണക്കിന് സ്ഥലങ്ങളിൽ ഉണർത്തുന്നു. (67:3, 4, 64:3, 51:21, 30:30, 40:64, 87:1, 82:6, 7, 95:4, 20:6, 8, 20:50, 51, 27:88) അപ്പോൾ ഏറ്റവും മനോഹരം (95:4) എന്ന് ഖുർആൻ പരിചയപ്പെടുത്തിയ മനുഷ്യന്റെ ശരീരത്തിലെ മഹത്തായ ഒരവയവത്തിന്റെ അറ്റം അനാവശ്യമായി നിങ്ങൾ മുറിച്ച് കളയുന്നത് എന്തിനാണ് എന്നാണ് ഖുർആൻ വിശ്വാസികളായ നമുക്ക് സുന്നി-മുജാഹിദ്-ജമാഅത്ത് മൗലവിമാരോട് ചോദിക്കാനുള്ളത്.

ഒരു ചികിത്സ എന്ന നിലക്ക് ചേലാകർമത്തെ എല്ലാ മതക്കാരും അംഗീകരിക്കുന്നുണ്ട്. ഖുർആനും അതംഗീകരിക്കുന്നു. എന്നാൽ ഖുർആനിലില്ലാത്ത, മുഹമ്മദ് നബി പഠിപ്പിക്കാത്ത ഒരു കാര്യം ഇസ്ലാമികാചാരം എന്ന പേരിൽ അനുഷ്ഠിക്കുന്നത് ഖുർആനിക ദൃഷ്ട്യാ ശിർക്ക് പോലെ വൻകുറ്റമാണെന്നും അത് ഹറാമാണെന്നുമുള്ള പാഠം നാം മറക്കാതിരിക്കുക.

## ചേലാകർമ്മത്തിലെ മതവും ശാസ്ത്രവും

വിശുദ്ധ ഖുർആനിൽ ഒരു സൂചന പോലുമില്ലാത്തതും നബി ചെയ്തിട്ടില്ലാത്തതും മുസ്‌ലിം പുരുഷന്മാരോടും സ്ത്രീകളോടും കുഞ്ഞുങ്ങളോടും ചെയ്യുന്ന ഏറ്റവും വലിയ അക്രമവുമാണ് സുന്നത്ത് കല്യാണം എന്ന ചേലാകർമം. ഈജിപ്ത്, സുഡാൻ, എത്യോപ്യ തുടങ്ങിയ രാജ്യങ്ങളിൽ പെൺകുട്ടികൾ പോലും ചേലാകർമത്തിന് ഇരയാവുന്നുണ്ട്. നബിയുടെയും നാല് ഖലീഫമാരുടെയും കാലത്ത് അറേബ്യൻ ജൂതർ കൂട്ടം കൂട്ടമായി നബിയുടെ ചേരിയിലേക്ക് വന്നപ്പോൾ അവരിലുണ്ടായിരുന്ന ഒരു ദുരാചാരം അതേപടി നിലനിന്നു. മുആവിയയുടെ ഖുർആൻ വിരുദ്ധ രാജഭരണ കാലത്ത് ആ ദുരാചാരം ഒരു സുന്നത്തായി നിലനിർത്താനും പ്രചരിപ്പിക്കാനും മുആവിയയും അബൂ ഹുറയ്റയും 800 ശിഷ്യന്മാരും പ്രത്യേകം പ്രചാര വേല നടത്തുകയും ചെയ്തു. അത് മാത്രമാണ് മുസ്‌ലിം പുരുഷന്മാർ ചെയ്യുന്ന ചേലാകർമത്തിന്റെ അടിസ്ഥാനം. അല്ലാതെ ഖുർആനിലോ യഥാർഥ നബിചര്യയിലോ ചേലാകർമത്തിന് ഒരടിസ്ഥാനവും കാണുന്നില്ല.

ചേലാകർമത്തിലെ മതവും ശാസ്ത്രവും നമുക്കൊന്ന് പഠിക്കാം. അതിന് മുമ്പായി അൽപം ചരിത്രവും നാം പഠിക്കേണ്ടതുണ്ട്. ലൈംഗികത പാപമാണെന്നും അത് ചെകുത്താന്റെ പ്രവർത്തനമാണെന്നും പുരാതന കാലത്ത് ചില ജൂതർ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. മാത്രമല്ല, പ്രാർഥിക്കുമ്പോൾ മൂത്രത്തിന്റെ അംശം ലിംഗാഗ്രചർമത്തിൽ (Foreskin-പുരുഷ ലിംഗത്തിന്റെ അഗ്രം ആവരണം ചെയ്തിരിക്കുന്ന ചർമം) തങ്ങിനിൽക്കുന്നത് മഹാപാപമാണെന്നും മൂത്രത്തുള്ളി നജസാണെന്നും തുള്ളിമൂത്രം തൊലിയിൽ തങ്ങിനിന്നാൽ അവരുടെ പ്രാർഥനയും നമസ്കാരവുമൊന്നും ദൈവം സ്വീകരിക്കില്ലെന്നും ചില ജൂത റബ്ബിമാർ

**ഖുർആനിൽ ഒരു സൂചന പോലുമില്ലാത്തതും നബി ചെയ്തിട്ടില്ലാത്തതും മുസ്ലിം പുരുഷന്മാരോടും സ്ത്രീകളോടും കുഞ്ഞുങ്ങളോടും ചെയ്യുന്ന ഏറ്റവും വലിയ അക്രമവുമാണ് സുന്നത്ത് കല്യാണം എന്ന ചേലാകർമം. ഈജിപ്ത്, സുഡാൻ, എത്യോപ്യ തുടങ്ങിയ രാജ്യങ്ങളിൽ പെൺകുട്ടികൾ പോലും ചേലാകർമത്തിന് ഇരയാവുന്നുണ്ട്.**

നിയമമാക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു.

ജൂതരുടെ അമിതമായ ആരാധനാ ഭ്രാന്തിനെ ഖുർആൻ എതിർക്കുന്നുണ്ട്. മാത്രമല്ല, മൂത്രം നജസാണെന്ന് ഖുർആൻ എവിടെയും സൂചിപ്പിക്കുന്നില്ല. അപ്പോൾ ലൈംഗിക വേഴ്ചയിൽ അപൂർണത കൈവരുത്താനും ലിംഗാഗ്ര ചർമത്തിൽ തുള്ളിമൂത്രം തങ്ങിനിൽക്കുന്നത് തടയാനും ലോകത്താദ്യമായി ലിംഗത്തിന്റെ അറ്റത്തുള്ള തൊലി മുറിച്ചുകളഞ്ഞ മതവിഭാഗമായിരുന്നു ജൂതർ.

## അൽപം ചരിത്രം

ലൈംഗിക ചിന്താഗതിയും വേഴ്ചയും പാപമാണെന്ന് ചില പുരാതന ഗോത്രങ്ങളും ജൂത ഗോത്രങ്ങളും വിശ്വസിച്ചിരുന്നു. ഇബ്രാഹിം നബിയുടെ കാലഘട്ടത്തിന് എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ (സുമാർ 6000 വർഷങ്ങൾക്ക് മുമ്പ്) കിഴക്കൻ ആഫ്രിക്കയിലെ കാട്ടുഗോത്രങ്ങളിൽ ചേലാകർമം എന്ന ആചാരം നിലനിന്നതായിക്കാണാം. ഇബ്രാഹിം നബിയാണ് ചേലാകർമം ആരംഭിച്ചത് എന്ന സുന്നി വിശ്വാസം തെറ്റാണെന്ന് സാരം. സുഡാൻ, ലിബിയ, എത്യോപ്യ, സോമാലിയ തുടങ്ങിയ നാടുകളിലെ പുരാതന കുടുംബങ്ങളും ഗോത്രങ്ങളും തങ്ങളുടെ ഗോത്രക്കാരെ പരസ്പരം തിരിച്ചറിയാൻ ലോഹക്കമ്പികൾ ചൂടാക്കി കഴുത്തിലും മാറിലും മുഖത്തുമൊക്കെ പാടുകൾ സൃഷ്ടിക്കുമായിരുന്നു. മരണം വരെ ആ പാടുകൾ (Scar) പോകാത്തതുകൊണ്ട് ഏത് ഘട്ടത്തിലും അവരെ തിരിച്ചറിയാൻ എളുപ്പമായിരുന്നു. കിഴക്കൻ ആഫ്രിക്കയിലെ ചില കാടന്മാരും കാട്ടറബി ഗോത്രക്കാരും ലിംഗത്തിന്റെ അറ്റത്തുള്ള തൊലി മുറിച്ചുമാറ്റി ഇങ്ങനെ അടയാളം വെച്ചിരുന്നു. സുമാർ 6000 വർഷങ്ങൾക്ക് മുമ്പ് ഈജിപ്തിലാണ് ചേലാകർമം മതാചാരമായി ആരംഭിച്ചത് എന്ന് പലരും അഭിപ്രായപ്പെടുന്നു. സർപ്പാരാധനയുമായി (Snake worship) ചേലാകർമത്തിന് ബന്ധമുണ്ടെന്നാണ് ഒരു കൂട്ടർ കരുതുന്നത്. പാമ്പുകൾ അതിന്റെ പുറംതൊലി (ഉറ) ഉരിയുന്നതോടെ നല്ല തിളക്കവും മിനുസവുമുള്ള പുത്തൻ തൊലിയോടെ പുറത്ത് വരുന്നത് ഈജിപ്തിലെ ചില പ്രാകൃത വർഗക്കാർ കണ്ടിരുന്നു. അതോടെ ആ പാമ്പുകൾ അനശ്വരമാകുമെന്ന് (Immortal) അവർ വിശ്വസിച്ചു. മനുഷ്യന്റെ ലിംഗാഗ്ര ചർമവും പാമ്പിന്റെ ആവരണവും ഒരുപോലെയാണെന്നായിരുന്നു അവരിൽ ചിലരുടെ വിശ്വാസം. (Snake skin = foreskin) ലിംഗാഗ്ര ചർമം മുറിച്ചു മാറ്റുന്നതോടെ ശരീരത്തിലെ ഒരനാവശ്യ ഭാഗം മുറിച്ചു മാറ്റുന്നത് പോലെയാണ് അവർ കരുതിയത്. അങ്ങനെ ചെയ്താൽ ലിംഗം വളരെ ക്ലീൻ ആയി എന്നെന്നും നിലനിൽക്കുമെന്നും അവർ കരുതി. ഈജിപ്തുകാരിൽ നിന്നാണ് ജൂതർക്കും അറബികൾക്കും ഈ ആചാരം കിട്ടിയത്.

ലോകം കണ്ട ഏറ്റവും വലിയ മനുഷ്യസ്നേഹിയായ വിപ്ലവകാരികളിൽ ഒരാളായിരുന്നുവല്ലോ ജൂതരുടെയും ക്രിസ്ത്യാനികളുടെയും മുസ്ലിംകളുടെയുമൊക്കെ ആരാധ്യപുരുഷനായിരുന്ന ഇബ്രാഹിം നബി. (Abraham). പാവപ്പെട്ട ജനവിഭാഗങ്ങളുടെ വിശ്വാസത്തെയും കർമങ്ങളെയും ചൂഷണം ചെയ്ത് ജീവിച്ച അന്നുണ്ടായിരുന്ന പുരോഹിതരുടെയും നാട്ടുരാജാക്കന്മാരുടെയും എതിർപ്പുകൾ അവഗണിച്ച് ഇറാഖ് (മെസോപ്പൊട്ടാമിയ), ഫലസ്തീൻ, സിറിയ, ഈജിപ്ത് (കാനാൻ ദേശം) തുടങ്ങിയ രാജ്യങ്ങളിൽ അദ്ദേഹം ഒളിഞ്ഞും തെളിഞ്ഞും ഏകദൈവ സിദ്ധാന്തം പ്രചരിപ്പിച്ചു കൊണ്ടിരുന്നു. സഞ്ചരിച്ച ദിക്കുകളിലൊക്കെ തന്നെ ഇഷ്ടപ്പെടുകയും ബഹുമാനിക്കുകയും ചെയ്യുന്ന വലിയ ജനവിഭാഗം വിശ്വാസികളെ സൃഷ്ടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. പ്രായമാകുമ്പോൾ എല്ലാവർക്കും ഉണ്ടാകുന്നതുപോലെ ഒരുപാട് രോഗങ്ങളും ക്ഷീണവും ഇബ്രാഹിം നബിയെയും ബാധിച്ചു. തന്റെ ലിംഗാഗ്ര ചർമത്തിന്റെ അറ്റത്ത് വന്നുപെട്ട നീർവീഴ്ചയും നിരന്തരമായ വേദനയും പഴുപ്പും സ്വാഭാവികമായി ഇബ്രാഹിം നബിയിൽ ആശങ്ക ഉയർത്തി. തനിക്ക് വന്നുപെട്ട അസുഖം ഭേദമാക്കാൻ അന്നത്തെ അറിയപ്പെടുന്ന ഏറ്റവും നല്ല വൈദ്യന്മാരെയും ഗോത്രത്തലവന്മാരെയും ഇബ്രാഹിം നബി സമീപിച്ചു. അവരുടെ നിർദേശ പ്രകാരം രോഗഗ്രസ്ഥമായ ആ തൊലി മുറിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഒരു ചികിത്സ എന്ന നിലക്ക് ഇബ്രാഹിം നബിയുടെ വൈദ്യന്മാരും സഹായികളും അത് ഭംഗിയായി നിർവഹിക്കുകയും ചെയ്തു. ഇബ്രാഹിം നബി അന്ന് അറിയപ്പെടുന്ന മഹാനായതുകൊണ്ടും ഒരുപാട് അനുയായികളും അനുഭാവികളും കുറേ ശത്രുക്കളും അദ്ദേഹത്തിന് ഉണ്ടായിരുന്നത് കൊണ്ടും ഈ ചെറിയ രോഗ വാർത്തയും ചികിത്സയും ശസ്ത്രക്രിയയുമൊക്കെ കാട്ടുതീ പോലെ അവർക്കിടയിൽ പെട്ടെന്ന് പടരുകയും എല്ലാവരും സംഗതി അറിയുകയും ചെയ്തു എന്നല്ലാതെ ഒരു മതാചാരമായി ഇബ്രാഹിം നബി അത് പഠിപ്പിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്തിരുന്നില്ല. മന്ത്രവാദികളെയോ മുറിവൈദ്യന്മാരെയോ



തേടിപ്പോകാതെ ചികിത്സ എന്ന നിലക്ക് അന്ന് ലഭ്യമായ ഏറ്റവും നല്ല മാർഗം ഉപയോഗിച്ച് അദ്ദേഹം അത് ചെയ്തു എന്ന് മാത്രം.

ചേലാകർമത്തെ ശക്തിയായി എതിർത്തവരായിരുന്നു മൂസാ നബിയും (മോസസ്) ഹാറൂൺ നബിയും. (ബൈബിൾ പഴയ നിയമം-പുറപ്പാട് പുസ്തകം, 4:25). എങ്കിലും മൂസാ നബിയുടെ കാലഘട്ടത്തിന് ശേഷം ജോഷ്വയാണ് ഇതൊരു ആചാരമായി ജൂതരിൽ നടപ്പാക്കാൻ തുടങ്ങിയത്. ചേലാകർമം ചെയ്ത ജൂതർ ജോഷ്വയുടെ പട്ടാളത്തിൽ ചേരുകയും ഫലസ്തീൻ കീഴടക്കുന്നതിന് ജോഷ്വയോടൊപ്പം മരണം വരെ ഉറച്ചു നിൽക്കാമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്തു.

എന്നാൽ ജൂതരിൽ നിന്ന് വിരുദ്ധമായി ഗ്രീക്കുകാരും റോമക്കാരും ആ ലിംഗാഗ്ര ചർമത്തിന് വളരെ പ്രാധാന്യം കൽപിച്ചിരുന്നു. എന്നു മാത്രമല്ല, ജൂതരുടെ ചേലാകർമത്തിന് എതിരായി -അതിനെ നിരോധിച്ച്- ശക്തിയായി കുറേ നിയമങ്ങളും അവർ പാസാക്കി നടപ്പാക്കിയിരുന്നു. ഗ്രീക്കുകാരുടെ ഈ ചേലാകർമ വിരുദ്ധ നടപടികൾ മതഭ്രാന്തരായിരുന്ന ജൂതപുരോഹിതരെയും റബ്ബിമാരെയും കൂടുതൽ ചൊടിപ്പിച്ചു. ഒരൊറ്റ ജൂതനും ചേലാകർമം ചെയ്യാത്ത ഗ്രീക്കുകാരെപ്പോലെ തോന്നരുത് എന്ന് വരെ അവർ ശഠിച്ചു. അതിനായി അവർ പെരില എന്നൊരു സമ്പ്രദായം നടപ്പാക്കി. ഇബ്രാഹിം നബി അസുഖം കാരണം തന്റെ ലിംഗത്തിന്റെ അഗ്രഭാഗവും കഴിഞ്ഞ് നീണ്ടു നിൽക്കുന്ന തൊലിയുടെ അറ്റമേ മുറിച്ചിരുന്നുള്ളൂ. ഈ രീതിയാണ് അന്ന് വരെ ജൂതർ അവലംബിച്ച് പോന്നത്. അതുകാരണം ചേലാകർമം ചെയ്ത ജൂതരും ചെയ്യാത്ത ഗ്രീക്കുകാരും പ്രത്യക്ഷത്തിൽ ഒരുപോലെ തോന്നിച്ചിരുന്നു. എന്നാൽ മതഭ്രാന്തരായ ജൂതപുരോഹിതരും റബ്ബിമാരും പെരില എന്ന പരിപാടിയിലൂടെ നവജാത ശിശുക്കളുടെ ലിംഗാഗ്ര ചർമം മുഴുവൻ മുറിച്ചു മാറ്റാൻ തുടങ്ങി. ഇതുകാരണം ചേലാകർമം ചെയ്ത ജൂതരെ അത് ചെയ്യാത്ത ഗ്രീക്കുകാരിൽ നിന്ന് പെട്ടെന്ന് തിരിച്ചറിയാൻ സാധിച്ചു. (ഇന്ന് ഡോക്ടർമാരും സുന്നി ഒസാന്മാരും ജൂതരും ഈ രീതിയാണ് ചേലാകർമത്തിന് അവലംബിച്ചു വരുന്നത്). ഈ രീതി ചിലപ്പോൾ അമിതമായ രക്തസ്രാവത്തിനും ലിംഗത്തിന്റെ അറ്റം വികൃതമാകുന്നതിനും (Scarring) കാരണമായി. ജനന സമയത്ത് ലിംഗാഗ്രവും (Glans) ലിംഗാഗ്ര ചർമവും (Foreskin) ഒട്ടിച്ചേർന്ന് ഒന്നായി നിൽക്കുന്ന അവസ്ഥയിലായിരിക്കും. സാധാരണയായി മൂന്ന് വയസ്സിനും അഞ്ച് വയസ്സിനും ഇടയിൽ ലിംഗാഗ്ര ചർമം ലിംഗാഗ്രത്തിൽ നിന്ന് വേർപ്പെടുകയും അതൊരു തെന്നി മാറുന്ന ആവരണമായി ലിംഗാഗ്രത്തിൽ രക്ഷാകവചമെന്നോണം നിലനിൽക്കുകയും ചെയ്യുന്നു. എന്നാൽ ചില കുട്ടികൾക്ക് ലിംഗാഗ്ര ചർമം ലിംഗാഗ്രത്തിൽ നിന്ന് വേർപ്പെടാതെ ഒട്ടിച്ചേർന്നു നിൽക്കുന്ന (Adhesions) അവസ്ഥ 17-18 വയസ്സ് വരെയൊക്കെ നീണ്ടുപോവാറുണ്ട്. ചിലപ്പോൾ അത് ചെറിയ ശസ്ത്രക്രിയ വഴി (Minor surgery) നേരെയാക്കേണ്ടിവരും. ഈ അവസ്ഥ മനസ്സിലാക്കാത്ത പഴയ ജൂത ഒസാന്മാരിൽ ചിലർ (Mohel), വേണ്ടത്ര വൃത്തിയില്ലാത്ത ഉപകരണങ്ങളും മറ്റും ഉപയോഗിച്ച് (Without proper sterilization) ചേലാകർമം ചെയ്തതു കാരണം ചില ഒറ്റപ്പെട്ട മരണങ്ങൾ സംഭവിച്ചു. അമിതമായ രക്തസ്രാവവും അണുബാധയുമൊക്കെയായിരുന്നു മരണങ്ങൾക്കും വൈകല്യങ്ങൾക്കും കാരണമായത്.

ജൂതരിലെ ചില ബുദ്ധിജീവികൾ പ്രത്യേകതരം റിംഗുകൾ (ചെമ്പും തകരയും ചേർത്തുണ്ടാക്കിയ റിംഗുകൾ - Pondus judaeus or jedaeum pondum) ഉപയോഗിച്ച് ഇത്തരത്തിലുള്ള വികൃതമായ ലിംഗാഗ്രം ശരിയാക്കാൻ ശ്രമം തുടങ്ങി. മാത്രമല്ല, ജൂതരിലെ ഒസാന്മാരുടെയും റബ്ബിമാരുടെയും ഈ പരാക്രമത്തെയും ചേലാകർമത്തെയും ചോദ്യം ചെയ്ത് ചില ജൂതബുദ്ധിജീവികൾ രംഗത്ത് വരാൻ ഇത്തരം അനിഷ്ട സംഭവങ്ങൾ കാരണമായി.

ജൂതരിലെ ചേലാകർമത്തിന്റെ മൂന്നാം ഘട്ടം മെസ്സിസാ (Messisa - Metzizah) എന്ന പേരിൽ അറിയപ്പെടുന്നു. ബി.സി 500-625 കാലഘട്ടത്തിലായിരുന്നു (Talmudic

period) ഇത് പ്രചാരത്തിലുണ്ടായിരുന്നത്. ഈ ചടങ്ങിൽ ചേലാകർമം ചെയ്യുന്ന ഒസാൻ അതിന് ശേഷം കുട്ടിയുടെ ലിംഗാഗ്രത്തിൽ നിന്ന് സ്രവിക്കുന്ന രക്തം സ്വന്തം വായ കൊണ്ട് വലിച്ചെടുക്കുമായിരുന്നു. (Sucking). ചേലാകർമം ചെയ്യുന്ന ഒസാന്റെ വായിൽ നിന്നുള്ള അണുബാധ കാരണം ഒരുപാട് ജൂത ശിശുക്കൾ മരിക്കാൻ ഇടയായി. ജൂതരിലെ പരിഷ്കരണവാദികളും പുരോഗമന വാദികളും ക്രമേണ ശക്തി പ്രാപിച്ചു. 1843ൽ ഫ്രാങ്ക്ഫർട്ടിൽ ചേർന്ന സമ്മേളന ത്തിൽ ചേലാകർമം അനാവശ്യമായി അവർ പ്രഖ്യാപിച്ചു.

ജൂതരിലെ ആരാധനാ ഭ്രാന്തിനെയും മതഭ്രാന്തിനെയും എതിർത്ത് ഈസാ നബി (Jesus Christ) രംഗത്ത് വന്നു. ചേലാകർമത്തെ പരസ്യമായി എതിർത്ത് ക്രിസ്തു ജൂതപുരോഹിതരെയും റബ്ബിമാരെയും ജൂതരിലെ പാരമ്പര്യവാദികളെയും ചൊടിപ്പിച്ചു. എങ്കിലും ക്രൂരന്മാരും കുബുദ്ധികളുമായ ജൂതർക്കും ജൂതറബ്ബിമാർക്കുമിടയിൽ പിടിച്ചു നിൽക്കാൻ ഈസാ നബിക്കും അനുചരന്മാർക്കും കഴിഞ്ഞില്ല. ഈസാ നബിയുടെ ദുരൂഹമായ തിരോധാനത്തോടെ അദ്ദേഹം പഠിപ്പിച്ച ഏകദൈവ സിദ്ധാന്തം കാറ്റിൽ പ്പറത്തി -ഈസാ നബിയെ ദൈവമാക്കി പൂജിച്ച്- ജൂതരിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് തന്ത്രപൂർവം കുടിയേറിയ വിശുദ്ധ പൗലോസിനെപ്പോലുള്ള ജൂത പുരോഹിതർ, ഈസാനബി കൊണ്ടുവന്ന ഇസ്‌ലാം മതത്തെ (യഥാർഥ ക്രിസ്തു മതത്തെ) വികലമാക്കി. എങ്കിലും ഈസാ നബി പഠിപ്പിച്ച ചേലാകർമ വിരുദ്ധ സിദ്ധാന്തത്തിൽ മായം ചേർത്ത് ക്രിസ്ത്യാനികളെ തോൽപ്പിക്കാൻ ജൂതർക്ക് കഴിഞ്ഞില്ല.

പഴയ ജൂത നിയമമനുസരിച്ച് ഒരു മനുഷ്യൻ ജൂതനാവണമെങ്കിൽ ചേലാകർമം ചെയ്തേ മതിയാവൂ. ഇന്നും ആ നിയമം പ്രാബല്യത്തിലുണ്ട്. എന്നാൽ ക്രിസ്ത്യൻ ബുദ്ധിജീവികൾ എ.ഡി 48ൽ ചേലാകർമത്തിന് പകരം ജ്ഞാന സ്നാനം (Baptism - മാമോദീസമുക്കൽ) മതിയെന്ന് തീരുമാനിച്ചു. പഴയ നിയമപ്രകാരവും അന്നത്തെ ആചാരപ്രകാരവും ജീസസ് പിറന്ന് എട്ടാം ദിവസം അദ്ദേഹത്തിന്റെ ചേലാകർമം നടന്നിരുന്നു. ജൂത ആചാരപ്രകാരമായിരുന്നു അത്. യേശുക്രിസ്തു (ഈസാ നബി) കൗമാരത്തിൽ തന്നെ ഒരു വിപ്ലവകാരിയും മനോഹരമായ ശൈലിയിൽ സംസാരിക്കുന്ന സുമുഖനായ വ്യക്തിയുമായിരുന്നുവെന്ന് ചരിത്രം പറയുന്നു. ജൂത പൗരോഹിത്യത്തിനെതിരെയും അവർ വളർത്തിക്കൊണ്ടുവന്ന അമിതമായ ആരാധനാ ഭ്രാന്തിനെതിരെയും ചേലാകർമം പോലുള്ള അനാവശ്യങ്ങൾക്കെതിരെയും അദ്ദേഹം ശക്തിയായി പ്രതികരിച്ചു. എങ്കിലും കുബുദ്ധികളായ ജൂതർക്ക് മുന്നിൽ പിടിച്ചു നിൽക്കാൻ ഈസാനബിക്ക് കഴിഞ്ഞില്ല. ദുരൂഹമായ തിരോധാനത്തോടെ ക്രിസ്ത്യാനികൾ അദ്ദേഹത്തെ ദൈവമാക്കി. ക്രിസ്തുവിന് നഷ്ടപ്പെട്ട ലിംഗാഗ്രചർമം സ്വർഗത്തിൽ വെച്ച് പുനഃസംഗമിച്ചു എന്നാണ് പിന്നീട് അച്ചന്മാർ പ്രചരിപ്പിച്ചത്. ഐഹിക ജീവിതത്തിൽ കുടുംബജീവിതവും ലൈംഗിക വേഴ്ചയും ലിംഗാഗ്രചർമവുമൊക്കെ ഒഴിവാക്കിയാൽ പരലോകത്ത് ഈ ജീവിതത്തേക്കാളും വിശിഷ്ടമായ കുടുംബ ജീവിതവും ലിംഗാഗ്രചർമവും ലൈംഗികാ സ്വാദനവു

**വാർത്തയിൽ നിന്ന്**

# ലൗഡ് സ്പീക്കർ വഴി ശബ്ദമലിനീകരണം: സത്യവാങ്മൂലം നൽകണം

മലപ്പുറം: തിരൂരിന് അടുത്തുള്ള മുസ്‌ലിം പള്ളിയിൽ ബാങ്കുവിളിക്ക് പുറമെ മറ്റു പ്രാർഥനകൾക്കും ലൗഡ് സ്പീക്കർ ഉപയോഗിക്കുന്നത് ശബ്ദ മലിനീകരണമുണ്ടാക്കുന്നതായി ആരോപിക്കുന്ന ഹർജിയിൽ ഹൈക്കോടതി വഖഫ് ബോർഡും പൊലീസും ഉൾപ്പെടെ എതിർകക്ഷികളുടെ സത്യവാങ്മൂലം തേടി.

പരിസ്ഥിതി സംരക്ഷണ നിയമവും അനുബന്ധ ചട്ടങ്ങളും ശബ്ദ മലിനീകരണ നിയന്ത്രണ ചട്ടങ്ങളും അനുസരിച്ചുള്ള മാർഗനിർദേശം സംസ്ഥാനത്ത് നടപ്പാക്കാൻ ഡി.ജി.പിക്ക് നിർദേശം നൽകണമെന്ന് ആവശ്യപ്പെട്ട് തിരൂർ സ്വദേശികളായ കെ.ടി മുസ്തഫ, അബ്ദുൽ നാസർ എന്നിവരാണ് കോടതിയിലെത്തിയത്. തിരൂർ വെട്ടം പരിയാപുരം ജുമാ മസ്ജിദിൽ ബാങ്കുവിളിക്കല്ലാതെ മറ്റു പ്രാർഥനകൾക്ക് ലൗഡ് സ്പീക്കർ ഉപയോഗിക്കുന്നത് ജസ്റ്റിസ് എസ് സിരിജഗൻ ഒരാഴ്ചത്തേക്ക് വിലക്കി. കേസ് ഒരാഴ്ച കഴിഞ്ഞ് പരിഗണിക്കും.

(മലയാള മനോരമ, 03-03-2012)

**സുന്നി, മുജാഹിദ്, ജമാഅത്ത് മൗലവിമാർ നിർബന്ധമല്ലാത്ത ഐഛിക ആചാരമായാണ് (സുന്നത്തായാണ്) ചേലാകർമത്തെ കണ്ടുവരുന്നത്. എങ്കിലും ചേലാകർമം ചെയ്യാത്ത ഒരൊറ്റ സുന്നത്ത് ജമാ അത്തുകാരനെയും മുസ്ലിംകൾക്കിടയിൽ കാണാൻ സാധ്യമല്ല. സുന്നത്താണെങ്കിലും നിർബന്ധമായ കാര്യത്തേക്കാൾ ഗൗരവമായാണ് അവർ ചേലാകർമം ആചരിച്ചു പോരുന്നത്.**

മൊക്കെ ദൈവം നൽകും എന്നൊരു വിശ്വാസം പഴയകാല ജൂതരും ക്രിസ്ത്യാനികളും പ്രചരിപ്പിച്ചു. ക്രിസ്തുവിന്റെ മണവാട്ടിമാരാവാൻ ചില ക്രിസ്ത്യൻ സ്തീകൾ മത്സരിക്കുന്നതും ഈ വിശ്വാസത്തിന്റെ ഭാഗമായാണ്. ക്രിസ്തു മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റത് ആ ലിംഗാഗ്ര ചർമത്തോടെ പരിപൂർണനായാണെന്നാണ് ക്രിസ്ത്യാനികളുടെ പൊതുവെയുള്ള വിശ്വാസം. ക്രിസ്തുവിന്റെ ആദ്യകാല ചിത്രങ്ങളിൽ വസ്ത്രം ധരിച്ച് വളരെ മാന്യമായാണ് ചിത്രീകരിക്കപ്പെട്ടത്. എന്നാൽ 15-ാം നൂറ്റാണ്ടിന് ശേഷം ക്രിസ്ത്യൻ സഭകൾ പുറത്തുവിട്ട ക്രിസ്തുദേവന്റെ ഒരുപാട് നഗ്ന ചിത്രങ്ങളിൽ അദ്ദേഹത്തെ ചേലാകർമം ചെയ്യാത്ത രീതിയിലാണ് ചിത്രീകരിച്ചത്. അതിന് അവർ പറഞ്ഞ ന്യായം ക്രിസ്തുവിനെപ്പോലുള്ള ഒരു മഹാ വ്യക്തി എപ്പോഴും പരിപൂർണനായി ഇരിക്കേണ്ടതുണ്ടെന്ന് മാത്രമാണ്.

ക്രിസ്തുവിന്റേത് എന്ന് അവകാശപ്പെട്ട് ക്രിസ്ത്യൻ സഭകൾ അവതരിപ്പിക്കുന്ന 21 ഭൗതികാവശിഷ്ടങ്ങളിൽ (Relics) ചേലാകർമം ചെയ്യപ്പെടാതെ പരിപൂർണനായാണ് (With prominent foreskin) ചിത്രീകരിച്ചത്. എങ്കിലും ക്രിസ്ത്യാനികളിലെ ചില വിരുതന്മാർ പോപ്പിനെ വെറുതെ വിട്ടില്ല. ക്രിസ്തുദേവൻ ചേലാകർമത്തിന് വിധേയനായോ ഇല്ലയോ എന്ന ചർച്ച ക്രിസ്ത്യൻ സഭകളിൽ ചൂടുപിടിച്ചു തന്നെ നിന്നു. അത് ദൈവത്തിനേ അറിയൂ എന്ന് പ്രഖ്യാപിച്ച് പോപ്പ് ഇന്നസെന്റ് മൂന്നാമൻ വർഷങ്ങ ളോളം നീണ്ട ആ തർക്കം അവസാനിച്ചതായി പ്രഖ്യാപിച്ചു.

ജറുസലെമിൽ ചേർന്ന ക്രിസ്ത്യൻ സഭ (Council at Jerusalem) ചേലാകർമം ഒരനാവശ്യമായി പ്രഖ്യാപിക്കുകയും അതിൽ നിന്ന് പൂർണമായും വിട്ടുനിൽക്കാൻ സെന്റ് പോൾ രക്ഷിതാക്കളെ ആഹ്വാനം ചെയ്യുകയും ചെയ്തു. എന്നു മാത്രമല്ല, ചേലാകർമം ചെയ്യുന്ന മതവിഭാഗങ്ങളെ (ജൂതരെയും സുന്നികളെയും) പ്രത്യേകം കരുതിയിരിക്കാനും സെന്റ് പോൾ ക്രിസ്ത്യാനികളെ ഓർമിപ്പിച്ചു. അങ്ങനെ ജൂതരുടെ ദുരാചാരം ക്രിസ്ത്യാനികൾക്കിടയിൽ തീരെ നടപ്പാക്കാൻ കഴിയാതെ ആ പുരോഹിതർ പരാജയപ്പെട്ടു. എങ്കിലും ജൂതരിൽ നിന്ന് ഇസ്ലാമിൽ ചേക്കേറിയ ജൂത രാജാവായ മുആവിയയും ശിങ്കിടിയായ അബൂ ഹുറയ്റയും ചേലാകർമം എന്ന ജൂത ആചാരം സുന്നി മുസ്ലിംകൾക്കിടയിൽ നടപ്പാക്കുന്നതിൽ 'മഹത്തായ വിജയം' കൈവരിച്ചു.

സുന്നികൾ (സുന്നി-മുജാഹിദ്-ജമാഅത്ത് മൗലവിമാർ) നിർബന്ധമല്ലാത്ത ഐഛിക ആചാരമായാണ് (സുന്നത്തായാണ്) ചേലാകർമത്തെ കണ്ടുവരുന്നത്. എങ്കിലും ചേലാകർമം ചെയ്യാത്ത ഒരൊറ്റ സുന്നിയെയും മുസ്ലിംകൾക്കിടയിൽ കാണാൻ സാധ്യമല്ല എന്നതാണ് സത്യം. സുന്നത്താണെങ്കിലും നിർബന്ധമായ കാര്യത്തേക്കാൾ ഗൗരവമായാണ് സുന്നി മുസ്ലിംകൾ ചേലാകർമം ആചരിച്ചുപോരുന്നത്. ചേലാകർമം കഴിഞ്ഞ് രണ്ടു മൂന്ന് ആഴ്ചകൾ കഴിയുമ്പോൾ (മുറിവുണങ്ങുമ്പോൾ) വളരെ ആഘോഷത്തോടെ ആ കുട്ടിയെ മൊല്ലാക്കയും കാരണവന്മാരും മറ്റു കുട്ടികളും ചേർന്ന് ഒരു വെള്ളിയാഴ്ച ദിവസം പള്ളിയിലേക്ക് കൊണ്ടുപോകും. അതോടെ പള്ളിപ്രവേശത്തിനും സുന്നി മൗലവിമാരെ പിന്തുടർന്ന് നമസ്കരിക്കാനും ആ കുട്ടി യോഗ്യനായതായി കരുതപ്പെടുന്നു. (മാർഗം കൂട്ടുന്നു). സുന്നി മുസ്ലിംകൾക്കിടയിൽ ഇന്നും നിലനിന്നുവരുന്ന ആചാരമാണിത്. വൈക്കം മുഹമ്മദ് ബഷീറിന്റെ 'ബാല്യകാലസഖി'യിലും ചില അറബിക്കഥകളിലും സുന്നത്ത് കല്യാണത്തിന്റെ രസകരമായ കുറേ മുഹൂർത്തങ്ങൾ മനോഹരമായി വരച്ചുകാട്ടിയിട്ടുണ്ട്. തുള്ളിമൂത്രം തങ്ങിനിൽക്കാത്ത പരിശുദ്ധമായ ലിംഗത്തോടെയാവണം നിത്യ പ്രാർഥനകൾ എന്ന ജൂതസിദ്ധാന്തത്തിന് അങ്ങനെ സുന്നി, മുജാഹിദ്, ജമാഅത്ത് മൗലവിമാർ അറിഞ്ഞോ അറിയാതെയോ ഓശാന പാടുന്നു. അതേ സമയം മൂത്രം നജസാണെന്ന് ഖുർആനിൽ ഒരു സൂചന പോലുമില്ല. ഇമാം അബൂ ഹനീഫയുടെ അഭിപ്രായം ഒരു ദിർഹം (ഏകദേശം നാല് ഗ്രാം) മൂത്രം വസ്ത്രത്തിലും തൊലിയിലും തങ്ങിനിന്നാലും അവന്റെ പ്രാർഥനകളെയും നമസ്കാരങ്ങളെയും അത് ബാധിക്കില്ല എന്നാണ്. ഇത് തന്നെയാണ് ഹനഫി മദ്ഹബ്. ഇത് തന്നയാണ് സാക്ഷാൽ ഖുർആനിക മദ്ഹബും. മൂത്രവിസർജനം കഴിഞ്ഞാൽ കഴുകൽ സുന്നത്താണെന്ന് മാത്രമാണ് ഹനഫി മദ്ഹബ്. അതേ സമയം മൂത്രിച്ചതിന് ശേഷം കഴുകിയില്ലെങ്കിൽ ദൈവം ശിക്ഷിക്കുമെന്നാണ് സുന്നി മദ്ഹബ്. (മദ്ഹബ് = School of thought - ചിന്താപ്രസ്ഥാനം)

ജൂതരും ജൂത റബ്ബിമാരും ഒസാന്മാരും സുന്നി, മുജാഹിദ്, ജമാഅത്ത് മൗലവിമാരും കച്ചവടക്കണ്ണുള്ള ചില ഡോക്ടർമാരും ദൈവത്തിന്റെ പേരിൽ ശിർക്ക് ചെയ്ത് ലിംഗം 'മുറിച്ചെറിയുമ്പോൾ, നമ്മുടെ ഭാരതത്തിൽ,

ദൈവം നൽകിയ ആ മഹത്തായ അനുഗ്രഹത്തെ പൂജിച്ചു വരുന്ന (ലിംഗപൂജ) ഹിന്ദുക്കളുമുണ്ട് എന്ന വസ്തുത സാന്ദർഭികമായി നാം ഓർക്കുക. ലിംഗം മുറിച്ചെറിയാനോ ലിംഗത്തെ ദൈവമാക്കാനോ പറയാതെ അത് രണ്ടിനുമിടയിൽ അതിരു കവിയാതെ -അല്ലാഹു നൽകിയ സൃഷ്ടി അലങ്കോല പ്പെടുത്താതെ- മിതമായ മാർഗം സ്വീകരിക്കാനാണ് ഭക്ഷണം, വസ്ത്രം, പാർപ്പിടം, അലങ്കാരങ്ങൾ, ആഘോഷങ്ങൾ തുടങ്ങി എല്ലാ വിഷയത്തിലും ഖുർആൻ മുസ്‌ലിം കളോട് കൽപിച്ചത് എന്നും നാം ഓർക്കുക.

## സമീപകാല ചരിത്രം

ചേലാകർമത്തിൽ എന്തൊക്കെയോ ശാസ്ത്രീയ ഗുണങ്ങൾ ഉണ്ടെന്ന ധാരണയിൽ 1865 മുതൽ ഇംഗ്ലണ്ടിലെ ചില ഡോക്ടർമാർ അത് തുടർന്നുവന്നു. 1870 മുതൽ അമേരിക്കയിലെ മെഡിക്കൽ രംഗത്തും ഇത് വളരെ സജീവമായിത്തന്നെ നിലനിന്നു. 1920 മുതൽ 1950 വരെയുള്ള കാലഘട്ടങ്ങളിൽ ഇംഗ്ലീഷ് സംസാരിക്കുന്ന നാടുകളിൽ ചേലാകർമം വളരെ പ്രചാരത്തിലുണ്ടായിരുന്നു. ഇത് പുരുഷന്മാരിൽ ഹസ്തമൈഥുനം (മാസ്റ്റർബേഷൻ) കുറക്കുന്നു എന്ന ധാരണയിലാണ് പലരും ചേലാ കർമത്തെ പ്രോത്സാഹിപ്പിച്ചത്. ഹസ്തമൈഥുനം (സ്വയംഭോഗം) മൂലം കണ്ണിന് കാഴ്ച കുറയുമെന്നും അന്ധത ബാധിക്കുമെന്നും അപസ്മാര രോഗിയാകുമെന്നും കള്ളുകുടിയനും മാനസിക രോഗിയുമൊക്കെയാകുമെന്നും ചില ഡോക്ടർമാർ വരെ പണ്ട് വിശ്വസിച്ചിരുന്നു. എന്നാൽ ഹസ്തമൈഥുനം ഇതൊന്നും ഉണ്ടാക്കുന്നില്ല എന്ന് ശാസ്ത്രീയ മായ പഠനങ്ങൾ തെളിയിച്ചപ്പോൾ ലിംഗാർബുദം, മൂത്രാശയ രോഗങ്ങൾ, ലൈംഗിക രോഗങ്ങൾ എന്നിങ്ങനെ ഒരുപാട് രോഗങ്ങൾക്ക് കാരണമാകുന്നു എന്നാരോപിച്ച് ചില 'ബുദ്ധിജീവികൾ' ആ പാവം ലിംഗാഗ്രചർമത്തെ പ്രതിക്കൂട്ടിൽ നിർത്തി. എന്നാൽ ഇതൊന്നും ശാസ്ത്രീയമായ പഠനങ്ങളുടെ പിൻബലത്തോടെയായിരുന്നില്ല. മാത്രമല്ല, ചേലാകർമം സ്ത്രീ വിദ്വേഷത്തിന്റെയും (Misoginy) ഹസ്തമൈഥുന ശീലത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെയും രതിവൈകൃതങ്ങളുടെയും (Sexual perversions) അനേകം അടിസ്ഥാന കാരണങ്ങളിൽ ഒന്നായാണ് Anne V Pyterek അഭിപ്രായപ്പെടുന്നത്. The root of misoginy). 1950കളിൽ ചേലാകർമത്തിനെതിരെ ഇംഗ്ല ണ്ടിലും അമേരിക്കയിലും ചില ഡോക്ടർമാർ രംഗത്ത് വന്നു. ലിംഗാഗ്ര ചർമം മുറിച്ചു മാറ്റുന്നതോടെ പുരുഷന്നും സ്ത്രീക്കും ലൈംഗികാസ്വാദന ക്ഷമതയും കാമോദ്ദീപന (Erotic) ശക്തിയും കുറയുന്നതായി കണ്ടെത്തി. ചേലാകർമത്തിനിടെ അണുബാധ കൊണ്ടും രക്തസ്രാവം കൊണ്ടും ചില കുട്ടികൾ മരിക്കാൻ ഇടയായ ഒറ്റപ്പെട്ട സംഭവങ്ങളും നഷ്ടപ്പെട്ട തൊലി ശസ്ത്രക്രിയയിലൂടെ പുനർനിർമിക്കാമോ എന്ന ബുദ്ധിജീവികളുടെ ചോദ്യവുമായിരുന്നു ഡോക്ടർമാരെ ശാസ്ത്രീയമായ പഠനത്തിന് പ്രേരിപ്പിച്ചത്.

അമേരിക്കൻ ആർമിയിൽ ക്യാപ്റ്റനായിരുന്ന ഡോ. നീൽ പ്രിസ്റ്റൻ 50കളിൽ 'ജാമ'യിൽ (Journal of American Medical Association-JAMA) എഴുതിയ ചില ലേഖനങ്ങളിലൂടെ ചേലാകർമത്തിൽ ഒരു ശാസ്ത്രവും ഗുണവുമില്ലെന്നും ആ നടപടി മാനസികവും ലൈംഗികവുമായ പ്രശ്നങ്ങളിലേക്ക് പിന്നീട് നയിക്കുമെന്നും സമർഥിച്ചു. ഡോ. പ്രിസ്റ്റന്റെ ലേഖനങ്ങളുടെ ഫലമായി അമേരിക്കയിലെ ശിശുരോഗ വിദഗ്ധരുടെ സംഘടന (American Academy of Paediatrics) കുഞ്ഞുങ്ങളിലെ ചേലാകർമത്തെ ഒരിക്കലും ന്യായീകരിക്കാൻ പറ്റില്ലെന്നും അതൊരു അനാവശ്യമാണെന്നും പ്രഖ്യാപിച്ചു. അതോടെ അമേരിക്കയിൽ കുഞ്ഞുങ്ങളുടെ ചേലാകർമം വളരെ കുറഞ്ഞുവന്നു. ഇംഗ്ലണ്ടിൽ 1949ൽ ഗൈഡ്നർ ചേലാകർമത്തിനെതിരെ ശക്തിയായി രംഗത്തു വന്നു. അദ്ദേഹത്തിന്റെ പ്രവർത്തന ഫലമായി ഇംഗ്ലണ്ടിലെ നാഷനൽ ഹെൽത്ത് സർവീസിന്റെ പ്രമുഖരായ ഭാരവാഹികളും പ്രസിദ്ധീകരണങ്ങളും രംഗത്ത് വന്നപ്പോൾ ഇംഗ്ലണ്ടിലും കുട്ടികളിലെ ചേലാകർമം ഗണ്യമായി കുറഞ്ഞു.

1975ൽ കനേഡിയൻ പീഡിയാട്രിക് സൊസൈറ്റി ചേലാകർമത്തിനെതിരെ രംഗത്ത് വന്നു. ഇംഗ്ലണ്ട്, അമേരിക്ക, കാനഡ തുടങ്ങിയ രാജ്യങ്ങളിൽ 1971 മുതൽ വളരെ പ്രകടമായ കുറവാണ് ചേലാകർമ നിരക്കിൽ കണ്ടുവരുന്നത്. അത് കുറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതിനിടെ ചേലാകർമത്തെ ന്യായികരിച്ച് വീണ്ടും ചില ഡോക്ടർമാർ രംഗത്ത് വന്നു. ചേലാകർമം ചെയ്യാത്ത കുഞ്ഞുങ്ങളിൽ യൂറിനറി ട്രാക്ട് ഇൻഫക്ഷൻ (UTI- മൂത്രാശയ ഭാഗങ്ങളിലെ അണുബാധ) വളരെ കൂടുതലാണ് എന്നായിരുന്നു അവരുടെ ന്യായം. ഡോ. തോമസ് വിസ്‌വല്ലിനെപ്പോലുള്ള പ്രമുഖരായിരുന്നു അതിന് ചുക്കാൻ പിടിച്ചത്. കനേഡിയൻ പീഡിയാട്രിക് സൊസൈറ്റി ഡോ. വിസ്‌വല്ലിന്റെ പഠനങ്ങളെ പൂർണമായും വീണ്ടും അപഗ്രഥിക്കുകയും അതേക്കുറിച്ച് പഠിക്കാൻ പ്രത്യേക കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. ഡോ. വിസ്‌വല്ലിന്റെ ഗവേഷണ മാർഗങ്ങളും രീതികളും ശാസ്ത്രീയമല്ലെന്ന് ആ കമ്മിറ്റി അഭിപ്രായപ്പെടുകയും ചേലാകർമം അനാവശ്യമാണെന്ന

*(ശേഷം പേജ് 11 ൽ)*

**ഇന്നത്തെ മാതാപിതാക്കൾ ചേലാകർമത്തോട് NO എന്ന് പറയുന്നു. നിങ്ങളും NO എന്ന് പറയൂ.**
**www.nocirc.com**

Printed & Published by K.K. Salim Hajee @ Guru Offset & Graphics, Clt-4, for Khur-aan Sunnath Society (KSS)
Central Committee, Moulavi Chekanoor Memorial Building, Govindapuram P.O, Kozhikode-16. Chief Editor: Mudur Aboobacker.
E-mail: vedadarsanam@mail.com INTERNAL CIRCULATION ONLY.

# കെ.എസ്.എസ് വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു

ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെ വെബ്സൈറ്റ് www.khur-aansunnathsociety.comന്റെ ഉദ്ഘാടനം തിങ്ങിനിറഞ്ഞ സദസ്സിന്റെ സാന്നിധ്യത്തിൽ പ്രസിഡണ്ട് കെ.കെ സാലിം ഹാജി നിർവഹിച്ചു. ഫെബ്രുവരി അഞ്ചിന് കണ്ണൂരിൽ നടന്ന കെ.എസ്.എസ് കുടുംബ സംഗമത്തിലാണ് സൊസൈറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റ് സമൂഹത്തിന് സമർപ്പിച്ചത്.

സൊസൈറ്റിയുടെ ലക്ഷ്യവും മാർഗവും, മൗലവി ചേകന്നൂർ, ഗ്രന്ഥങ്ങൾ, ഖുർആൻ എന്നിങ്ങനെ വ്യത്യസ്ത വിഭാഗങ്ങളായി തിരിച്ചിരിക്കുന്ന വെബ്സൈറ്റിന് ഇംഗ്ലീഷ് എഡിഷനുമുണ്ട്. ചേകന്നൂർ മൗലവിയുടെയും മറ്റും ഓഡിയോ-വീഡിയോ പ്രഭാഷണങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. നേരത്തെയുള്ള chekanoormoulavi.comലേക്ക് ലിങ്കുമുണ്ട്.

സംഗമത്തിൽ സൈതലവി അൻസാരി (ഖുർആനിലേക്കുള്ള പാത), മുതൂർ അബൂബക്കർ (സർവമത സത്യവാദം), മജീദ് സുല്ലമി ഉഗ്രപുരം (ഹദീസ് രണ്ടാം പ്രമാണമോ?) എന്നിവർ വിഷയങ്ങളവതരിപ്പിച്ചു. അബ്ദുറഹ്മാൻ കൂത്തുപറമ്പ്, ബഷീർ താനാളൂർ, എം.എ ഹസനബ്ബ തുടങ്ങിയവരും സംസാരിച്ചു.



മാറഞ്ചേരിയിൽ ജുമുഅയ്ക്ക് തുടക്കം കുറിച്ച് മുതൂർ അബൂബക്കർ സംസാരിക്കുന്നു.

# മാറഞ്ചേരിയിൽ ജുമുഅ തുടങ്ങി

മലപ്പുറം ജില്ലയിലെ മാറഞ്ചേരിയിൽ ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെ ശാഖാ ഓഫീസ് തുറന്നു. ജനുവരി 20ന് ഇവിടെ ജുമുഅയും ആരംഭിച്ചു. പ്രഥമ ജുമുഅ ഖുത്തുബ സൊസൈറ്റി സംസ്ഥാന ജനറൽ സേക്രട്ടറി മുതൂർ അബൂബക്കർ നിർവഹിച്ചു.

# വാർഷിക ജനറൽബോഡി ഏപ്രിൽ 29ന്

പ്രസിഡണ്ട് കെ.കെ സാലിം ഹാജിയുടെ അധ്യക്ഷതയിൽ കോഴിക്കോട് ഓഫീസിൽ ചേർന്ന ഖുർആൻ സുന്നത്ത് സൊസൈറ്റി കേന്ദ്ര കമ്മിറ്റി പ്രവർത്തക സമിതി യോഗം, ഏപ്രിൽ 29ന് വാർഷിക ജനറൽബോഡി വിളിച്ചു കൂട്ടാൻ തീരുമാനിച്ചു. ജനറൽബോഡിയിൽ നിന്ന് അടുത്ത രണ്ടു വർഷത്തേക്കുള്ള പുതിയ പ്രവർത്തക സമിതിയെ തെരഞ്ഞെടുക്കും. ഈ വർഷം മെമ്പർഷിപ്പ് പുതുക്കിയവർക്കും പുതുതായി അംഗത്വം നേടിയവർക്കും മാത്രമായിരിക്കും പ്രവേശനം. ഇനിയും മെമ്പർഷിപ്പ് പുതുക്കാത്തവർ എത്രയും പെട്ടെന്ന് പുതുക്കണമെന്ന് യോഗം അഭ്യർഥിച്ചു.

ബീരാൻകുട്ടി കുനിയിൽ, എൻ.ടി.എ കരീം, എം. ബാവ മൂപ്പൻ, മുഹമ്മദ് കുരിക്കൾ കരടിപ്പാറ, അബ്ദുൽ ജബ്ബാർ പറവണ്ണ, എം.എസ് റഷീദ്, ബഷീർ താനാളൂർ, അബ്ദു വെള്ളേങ്ങര എന്നിവർ സംസാരിച്ചു. സെക്രട്ടറി ബി.വി സക്കീർ റിപ്പോർട്ട് അവതരിപ്പിച്ചു. ജനറൽ സെക്രട്ടറി മുതൂർ അബൂബക്കർ സ്വാഗതം പറഞ്ഞു.

# സംവാദം: മുജാഹിദുകൾ പിന്മാറി

പോണ്ടിച്ചേരി സംസ്ഥാനത്തിന്റെ ഭാഗമായ മാഹിയിൽ ഖുർആൻ സുന്നത്ത് സൊസൈറ്റി കുടുംബ സംഗമം നടത്തി. ന്യൂ മാഹിയിലെ 'അസ്മാസി'ൽ ജനുവരി 22ന് നടന്ന സംഗമത്തിൽ അബ്ദുറഹ്മാൻ കൂത്തുപറമ്പ്, പി.പി അബ്ദുന്നാസിർ എന്നിവർ ക്ലാസ്സുകൾ നയിച്ചു. സ്ത്രീകളും കുട്ടികളുമടക്കം നിരവധി പേർ പങ്കെടുത്തു.

ഇതോടൊപ്പം കെ.എസ്.എസ്-കെ.എൻ.എം സംവാദവും നടത്താനുദ്ദേശിച്ചിരുന്നുവെങ്കിലും വരാമെന്നേറ്റ മുജാഹിദ് വിഭാഗം (ഔദ്യോഗികം) പിന്മാറിയതിനാൽ സംവാദം നടന്നില്ല.

## എറണാകുളത്ത് ഖുർആൻ ക്ലാസ് നടത്തി

ഇസ്‌ലാമിന്റെ പ്രമാണം ഖുർആൻ മാത്രം എന്ന വിഷയത്തിൽ എറണാകുളത്ത് നടന്ന പഠന ക്ലാസ്സിൽ കെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറിയും വേദ ദർശനം ചീഫ് എഡിറ്ററുമായ മുതൂർ അബൂബക്കർ സംസാരിച്ചു. ഫെബ്രുവരി 20ന് മാസ് ഓഡിറ്റോറിയത്തിൽ ചേർന്ന പരിപാടിയിൽ സൊസൈറ്റി പ്രസിഡണ്ട് കെ.കെ സാലിം ഹാജി ഉൾപ്പെടെ ഒട്ടേറെപ്പേർ സംബന്ധിച്ചു.

## ഖുർആൻ വിജ്ഞാന സദസ്സ്

ഖുർആൻ സുന്നത്ത് സൊസൈറ്റി ഈസ്റ്റ് ചെമ്പ്രശ്ശേരി യൂനിറ്റിന്റെ ആഭിമുഖ്യത്തിൽ വണ്ടൂരിനടുത്ത കാളമ്പാറയിൽ നടത്തിയ ഖുർആൻ വിജ്ഞാന സദസ്സിൽ മുതൂർ അബൂബക്കർ മുഖ്യപ്രഭാഷണം നിർവഹിച്ചു. ഫെബ്രുവരി ഒമ്പതിന് നടന്ന പരിപാടിയിൽ അബ്ദു വെള്ളേങ്ങര സ്വാഗതവും ബഷീർ താനാളൂർ നന്ദിയും പറഞ്ഞു.